# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം  വാല്യം : 6  ലക്കം : 2  നവംബർ 2020  പേജ് 16  ത്രൈമാസിക


# അതിജീവനത്തിന്റെ ഈ കാലവും കടന്നു പോകും


**ഫാ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ
ബഥനി നവജീവൻ പ്രൊവിൻസ്




കോവിഡ്-19 എന്ന സൂക്ഷ്മാണു ഉയർത്തുന്ന വെല്ലുവിളികൾ ലോകത്തെ പിടിച്ചുലച്ചിരിക്കുന്നു. ഒന്നാം ലോക രാഷ്ട്രങ്ങൾ തുടങ്ങി സമ്പത്തിന്റെയോ ശാസ്ത്ര-സാങ്കേതിക വളർച്ചയുടെയോ പൈതൃക പാരമ്പര്യങ്ങളുടെയോ യാതൊരു വിധമായ ചരിത്ര പശ്ചാത്തലവുമില്ലാത്ത രാഷ്ട്രങ്ങളും എല്ലാ ജാതി-മത-വർണ്ണ-രാഷ്ട്രീയ വിഭാഗീയതകളും ഈ സൂക്ഷ്മാണുവിനു മുമ്പിൽ പകച്ചു നിൽക്കുന്നിടത്ത്, ദൈവത്തിന്റെ വലിയ ഇടപെടൽ ഉണ്ടാകുമെന്ന് നമുക്കുറച്ചു വിശ്വസിക്കാം. ശാസ്ത്രബോധവും ദൈവഭയവും ദൈവാശ്രയവും സാമൂഹ്യ പ്രതിബദ്ധതയും വ്യക്തിശുദ്ധിയും വ്യക്തി ബന്ധങ്ങളും അവയർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കപ്പെടേണ്ട അത്യപൂർവ്വ നാഴികയാണിത്. ചുരുക്കത്തിൽ, മനുഷ്യ മനസ്സുകൾക്ക് നിഗൂഢമായ ദൈവത്തിന്റെ മനസ്സ് വായിച്ചെടുക്കാൻ സാധാരണ ബുദ്ധി ഏറെ പണിപ്പെടേണ്ടി വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് എന്നു പറയാം.

### കൊറോണയും ചില കാലിക ചിന്തകളും

2021 എന്ന പുതുവർഷത്തിന്റെ പടിവാതിൽക്കലാണ് മനുഷ്യസമൂഹം. വ്യത്യസ്താനുഭവങ്ങളുടെ ഓർമ്മക്കുറിപ്പുകൾ സമ്മാനിച്ച് 2020 പര്യവസാനിക്കുകയാണ്. കൂദാശകൾ സ്വീകരിക്കാനാവാതെ നൊമ്പരപ്പെടുന്ന വിശ്വാസിഗണവും ഒന്നിച്ചാരാധിക്കാൻ സാധിക്കാതെ വിഷമിക്കുന്ന ദൈവമക്കളും തിരക്കൊഴിഞ്ഞ ദൈവാലയങ്ങളിൽ ഏകനായി ബലിയർപ്പിക്കുന്ന വൈദീകനും സ്വന്തപ്പെട്ടവരുടെ മരണാന്തര ശുശ്രൂഷകൾക്കു പോലും സംബന്ധിക്കാൻ സാധിക്കാതെ വിതുമ്പുന്ന കുടുംബാംഗങ്ങളും 2020ന്റെ വേദനകളാണ്. ഉദ്ധാനത്തിരുന്നാളും തിരുവോണവും ഈദു പെരുന്നാളും തൃശൂർ പൂരവുമുൾപ്പെടെ മറ്റെല്ലാം ആഘോഷങ്ങളും ചരിത്രത്തിൽ ഇതുവരെ കാണാത്ത വ്യത്യസ്തതകളോടെയാണ് കടന്നു പോയത്.

എല്ലാം പര്യവസാനിച്ചു എന്ന് തോന്നുന്നിടത്ത് ദൈവമഹത്വം ഉയിർത്തെഴുന്നേൽക്കുമെന്ന് മറ്റേതൊരു കാലഘട്ടത്തിലും ഏറ്റുപറഞ്ഞതിനപ്പുറം ഉറപ്പോടെ ആഴത്തിൽ വിശ്വസിക്കേണ്ട ഒരു ലോകത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. ഇടത്തും വലത്തുമൊക്കെ ഇരിക്കാമെന്ന ശിഷ്യന്മാരുടെ മാനുഷിക കണക്കുകൂട്ടലുകളെ തെറ്റിച്ചുകൊണ്ടാണ് ഗുരുബന്ധനസ്ഥനാകുന്നതും കുരിശ്ശിൽ തറയ്ക്കപ്പെടുന്നതും. യേശു പ്രവാചകനോ രക്ഷകനോ രാജാവോ ഒക്കെ ആണെന്ന് വിശ്വസിച്ച് പിൻചെന്നവരുടെ കണക്കുകൂട്ടലുകളും ഈ ഘട്ടത്തിൽ ചഞ്ചലപ്പെട്ടിട്ടുണ്ടാവാം. കുരിശിൽ തറക്കപ്പെട്ടതോടെയും കാൽവരിയിൽ ജീവശ്വാസം നിൽക്കുന്നതോടെയും, എല്ലാം പര്യവസാനിച്ചു എന്നു ദു:ഖിച്ചിരുന്ന വേളയിലാണ്, മൂന്നാം

(തുടർച്ച 2-ാം പേജിൽ)



മഹാമാരികൾക്കപ്പുറത്ത് പ്രതീക്ഷയോടെ....

# പൗരോഹിത്യം: ജീവന്റെ ആഘോഷം




**ഫാ. ഡോ. ചെറിയാൻ ജെ. കോട്ടയിൽ**
പ്രിൻസിപ്പൽ, മാക്ഫാസ്റ്റ് കോളേജ്, തിരുവല്ല


'ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകാനും' (യോഹ. 10:10), മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ഈ ലോക ജീവിതദൗത്യം പൂർത്തിയാക്കുവാൻ തനിക്ക് ഇഷ്ടമുള്ളവരെ തന്റെ അടുത്തേക്കു വിളിച്ചു ചേർത്തു. ജീവന്റെ സമൃദ്ധിക്കുള്ള തന്റെ വ്യക്തമായ നിയോഗങ്ങളും മാർഗ്ഗങ്ങളും അവരെ ഭരമേൽപ്പിച്ചു. നിത്യ ജീവന്റെ സുവിശേഷം പ്രസംഗിക്കുവാനും രോഗാതുരരെ സുഖപ്പെടുത്തി അവർക്ക് പ്രത്യാശ നൽകാനും സമൂഹത്തിലെ അവസാനത്തവനും വിമോചനം നൽകി ദൈവരാജ്യം സ്ഥാപിക്കാനും ആയി അവൻ അവരെ അധികാരപ്പെടുത്തി നിയോഗിച്ചു.

### 1. ശുശ്രൂഷ (Diakonia): ക്രിസ്തീയ പൗരോഹിത്യഭാഷ

പൗരോഹിത്യം ഇല്ലാതെ ബലിയില്ല; ബലിയില്ലാതെ പൗരോഹിത്യവും ഇല്ല; ബലിയും പൗരോഹിത്യവും ഇല്ലാതെ സഭയില്ല. ഇവ മൂന്നും ഇഴ ചേർന്ന് നിൽക്കുന്നതിനാൽ പുരോഹിതൻ കറ തീർന്ന വിശ്വാസിയും വിളിച്ചവനോട് പറ്റിച്ചേർന്നു ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുവനുമായിരിക്കണം. ബലി അർപ്പണത്തിലൂടെ പുരോഹിതൻ ദൈവമനസ്സ് വായിച്ചറിയാൻ കഴിവുള്ളവനും ക്രിസ്തുവിന്റെ മനസ്സ് സ്വന്തമാക്കിയവനും ആയിരിക്കണം. ദൈവമനുഷ്യ സംവേദനത്തിന്റെ നിർവചിക്കാനാവാത്ത ഉദാത്തമായ സംഭവമാണ് ഓരോ ബലി അർപ്പണവും. പുരോഹിതൻ ബലി അർപ്പണത്തിലൂടെ മനുഷ്യമനസ്സുകളെ തെറ്റുകൂടാതെ വായിച്ചും വിവേചിച്ചുമറിഞ്ഞ് ദൈവതിരുമുമ്പാകെ സമർപ്പിക്കുന്ന മധ്യസ്ഥനാണ്. ദൈവതിരുമനസ്സിനെ മനുഷ്യനിലേക്കും മനുഷ്യമനസ്സുകളെ

(തുടർച്ച 5-ാം പേജിൽ)

**ഉൾപേജുകളിൽ**


| | |
|---|---|
| വിശുദ്ധരുടെ മദ്ധ്യസ്ഥത ബൈബിൾ അധിഷ്ഠിതം | 3 |
| മുഖമൊഴി, ധ്യാനചിന്ത | 7 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 8, 9 |
| മദ്ധ്യസ്ഥപ്രാർത്ഥന സാക്ഷ്യം | 6, 12,14 |
| അനുഭവ സാക്ഷ്യം | 10, 11, 12, 13, 14 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 11 |


www.malankaralibrary.com

( ...... 1-ാം പേജിൽ നിന്നും തുടർച്ച)

നാൾ ഉയിർത്തെഴുന്നേൽപ്പിന്റെ സദ്വാർത്ത കടന്നുവരുന്നത്.

സ്വന്തം ഭവനത്തിന്റെ ചുവരുകൾക്കപ്പുറം ജീവിതത്തിന് ഒത്തിരി അർത്ഥമുണ്ടെന്ന് വെളിപാട് ലഭിച്ച കുറെ നല്ല മനുഷ്യരുടെ സമർപ്പണത്തിന്റെ നേർകാഴ്ചകളുടെ സാക്ഷ്യം, ആരോഗ്യരംഗത്തും നിയമപാലകരുടെ നിരകളിലും പൊതു പ്രവർത്തകരുടെയും സന്നദ്ധസേവകരുടെയും ഇടയിലും ഈ കാലഘട്ടത്തിൽ നാം കാണുന്നുണ്ട്. ലോകം ഇന്നോളം കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതും ചിന്തിച്ചിട്ടില്ലാത്തതുമായ കൊറോണ എന്ന സൂക്ഷ്മാണുവിനെയും അതിനോട് ബന്ധപ്പെട്ട പ്രവചനാതീതമായ സാമൂഹ്യ-സാംസ്ക്കാരിക-സാമ്പത്തിക-ആരോഗ്യ വ്യതിയാനങ്ങളെയും, ലോകം തെല്ലു ഭയത്തോടെ അഭിമുഖീകരിക്കുന്ന ഈ സമയം, നമ്മെ സംബന്ധിച്ചിടത്തോളം കൂടുതൽ സ്വയാവബോധത്തിലേക്ക് നയിക്കപ്പെടേണ്ട നാഴികയാണ്. നമ്മിൽ നിന്നും ലോകം ആവശ്യപ്പെടുന്ന പ്രാർത്ഥനയുടെ ശക്തിയും സ്ഥാപനങ്ങളെയും വ്യക്തികളെയും വിട്ടുനൽകുന്ന സാമൂഹ്യ സഹവർത്തിത്വത്തിന്റെ മാതൃകയും സാമൂഹ്യ സുരക്ഷയിൽ ശ്രദ്ധിച്ചുകൊണ്ട് സൂക്ഷ്മതയോടെ നടത്തേണ്ട സമയോചിത ഇടപെടലുകളും ഈ കാലഘട്ടത്തിൽ വളരെ പ്രധാനപ്പെട്ടതാണ്.

സർക്കാർ സംവിധാനങ്ങളോട് ചേർന്ന് നിന്ന് പ്രവർത്തിക്കാൻ പഠിക്കുകയും കഴിവുള്ളിടത്തോളം അതാതു പ്രദേശങ്ങളിലെ സാമൂഹ്യസേവന സാധ്യതകളിൽ പങ്കുചേരുന്നതിനും നാം ശ്രദ്ധിക്കുന്നുണ്ട്. സഭയുടെ മിക്കവാറും എല്ലാ സ്ഥാപനങ്ങളും പ്രത്യേകിച്ച് ഹോസ്റ്റലുകളും സ്കൂൾ-കോളേജ് കെട്ടിടങ്ങളും ആശുപത്രികളും അതിനോടു ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളും കോവിഡുമായി ബന്ധപ്പെട്ട ശുശ്രൂഷകൾക്കായി സർക്കാരിനു കൈമാറിയിട്ടുണ്ട്. ലോകമാസകലമുള്ള ലക്ഷക്കണക്കിന് ജനങ്ങളെ ബാധിച്ചിട്ടുള്ള പകർച്ച വ്യാധിയെക്കുറിച്ചാണ് നാം ചർച്ച ചെയ്യുന്നതെന്നു മറക്കാതിരിക്കാം. സാധാരണ ഒരു പ്രകൃതി ദുരന്ത മേഘലയിലെ പ്രവർത്തനത്തോടു താരതമ്യം ചെയ്ത് ഇടപെടാൻ കഴിയുന്ന വിഷയമല്ല ഇത്.

സർക്കാർ സംവിധാനങ്ങളെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തി ജീവിതത്തെ ക്രമപ്പെടുത്താൻ സഹായകമാകും വിധം ജനങ്ങളെ, പ്രത്യേകിച്ച് സർക്കാർ സംവിധാനങ്ങളുടെ ക്രമീകരണങ്ങളെക്കുറിച്ചു വേണ്ട അറിവില്ലാത്ത ജനങ്ങളെ, അതിലേക്ക് നയിക്കാനുള്ള അറിവും (ആഗോള പകർച്ച വ്യാധിയെന്ന നിലയിൽ കൊറോണയെക്കുറിച്ചും നാം ഏതു രാജ്യത്ത് ആയിരിക്കുന്നോ അവിടുത്തെ ആരോഗ്യ വകുപ്പും നിയമപാലകരും മറ്റ് സർക്കാർ സംവിധാനങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ചും തദ്ദേശീയ നേതൃത്വം നൽകുന്ന നിർദ്ദേശങ്ങളെക്കുറിച്ചും ഈ രോഗത്തെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ അറിയിപ്പുകളെക്കുറിച്ചും സഭാമേലദ്ധ്യക്ഷന്മാർ നൽകുന്ന നിർദ്ദേശങ്ങളെക്കുറിച്ചുമുള്ള അറിവ്) അവയെ സമീപിക്കുമ്പോൾ ഉണ്ടാകേണ്ട പക്വതയും ജാഗ്രതയും വിവേകവും, പൊതുജനവും സർക്കാരും എല്ലാവരിൽ നിന്നും കൂടുതലായി പ്രതീക്ഷിക്കുന്നുണ്ട്.

**പ്രാർത്ഥനയിൽ ശക്തിപ്പെടാം... സൗഖ്യപ്പെടാം**

കോവിഡ്-19 ന്റെ ലോകമാസകലമുള്ള വ്യാപനം 5 കോടി കടന്നിരിക്കുന്നു. മരണ സംഖ്യ ക്രമാതീതമായി ഉയരുന്നു. നമ്മുടെ ഭവനങ്ങളിലും ദേവാലയങ്ങളിലും സന്യാസാശ്രമങ്ങളിലും മഠങ്ങളിലും ധ്യാന കേന്ദ്രങ്ങളിലും അർപ്പിക്കപ്പെടുന്ന യാമ പ്രാർത്ഥനകളിലും ദിവ്യാരാധനകളിലും വ്യക്തിപരമായ പ്രാർത്ഥനകളിലും അനുദിനം നാം അർപ്പിക്കുന്ന വിശുദ്ധകുർബാനകളിലും ഈ പ്രത്യേക നിയോഗം വെച്ചുകൊണ്ട് നാം തുടർന്നു വരുന്ന പ്രാർത്ഥനാ ശുശ്രൂഷകൾ കൂടുതൽ ശക്തമാക്കാം.

ലോകത്തിനു മുഴുവനും വേണ്ടി, പ്രത്യേകിച്ച് കോവിഡ്-19 എന്ന സാംക്രമിക രോഗത്താൽ വേദനയിലായിരിക്കുന്നവരെയും അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, സന്നദ്ധ സേവാംഗങ്ങൾ, നിയമപാലകർ, ഭരണ്മാർ, ആരോഗ്യ മേഖലയോടു ബന്ധപ്പെട്ട വിവിധ വകുപ്പുകൾക്ക് നേതൃത്വം നൽകുന്നവർ, രാഷ്ട്ര നേതാക്കൻമാർ, രോഗത്താൽ മരണമടഞ്ഞവർ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിരുന്നുകൊണ്ട് ഈ രോഗത്തിന് തക്കതായ ഔഷധം കണ്ടെത്തുന്നതിന് അദ്ധ്വാനിക്കുന്നവർ, രോഗവിവരങ്ങളോടു ബന്ധപ്പെട്ട് ലോകമാസകലം ഉണ്ടാകുന്ന ഓരോ ചലനത്തെയും നമ്മിലെത്തിക്കുന്ന മാധ്യമ പ്രവർത്തകർ, ഇവരെല്ലാവരുടെയും കുടുംബാഗങ്ങൾ, എന്നിവരെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളായിരിക്കുന്ന എല്ലാ സഹോദരങ്ങളേയും നമ്മുടെ കുടുംബാംഗങ്ങളേയും നമ്മുടെ സ്ഥാപനങ്ങളിലും മറ്റ് അപ്പസ്തോലിക പ്രവർത്തനങ്ങളിലും സേവനം ചെയ്യുന്നവരേയും അവരുടെ കുടുംബാംഗങ്ങളേയും എല്ലാ അഭ്യുദയകാംക്ഷികളേയും അനുദിന പ്രാർത്ഥനകളിൽ പ്രത്യേകം ഓർക്കാം. പരിശുദ്ധ ദൈവമാതാവിന്റെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും പ്രത്യേക മാദ്ധ്യസ്ഥം, പകർച്ച വ്യാധിയാൽ കലുഷിതമായ ലോകത്തിനു വേണ്ടി പ്രത്യേകം അപേക്ഷിക്കാം.

**ലോക്ക് ഡൗണിൽ ശാക്തീകരിക്കപ്പെടുന്ന ജീവിതം ക്രമങ്ങൾ**

കുറേ നാളുകളായി കാലത്തിനു വേഗത കൂടുതലായിരുന്നു. അവനവനുവേണ്ടിയും അപരനുവേണ്ടിയും സ്വന്തമായ വർക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും ആർക്കും തന്നെ പലപ്പോഴും സമയം കിട്ടാറില്ലായിരുന്നു. എന്നാൽ, കൊറോണയുടെ അപകടം മണക്കുന്ന കാലത്തിന്റെ ഹൃദയ സ്പന്ദനത്തിൽ എല്ലാം പൊടുന്നനവേ മാറ്റി മറിക്കപ്പെട്ടു. ഓട്ടത്തിന്റെ വേഗത കുറഞ്ഞു, ലോകം പൂർണ്ണമായും നിശ്ചലമായുമില്ല. കൊറോണ കാലത്തെ നമുക്ക് പലവിധത്തിൽ സമീപിക്കാം. ഈ കാലം പലവിധ നഷ്ടങ്ങളുടെ കഥ പറയുന്നുണ്ടെങ്കിലും നാമറിയാതെ ലഭിക്കുന്ന കുറേ നന്മകൾ ഇതിനുണ്ട്. ഇതൊരു പിൻവാങ്ങൽ കാലമായി കാണാം. ഈ പിൻവാങ്ങൽ, ജീവന്റെ നിലനിൽപ്പിന് കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തി, കൂടുതൽ ശക്തിയോടെയും കരുതലോടെയും സഹവർത്തിത്വത്തോടെയും ദൈവാശ്രയത്തോടെയും, സമൂഹം ഒന്നിച്ച്, മുൻപോട്ടുള്ള പ്രയാണത്തെ ശക്തിപ്പെടുത്താനാണെന്നതാണ് ഇതിന്റെ ഏറ്റവും വലിയ നന്മയും ലാഭവും. ഈ കണക്കുകൂട്ടലുകളിലെ ആസ്തി-ബാദ്ധ്യതകളുടെ പട്ടികയിൽ ലാഭനഷ്ടകണക്കിന് സാധാരണ കാണുന്ന സംഖ്യകളുടെ ഏറ്റക്കുറച്ചിലുകളുണ്ടാവണമെന്നില്ല.

ഒന്നിച്ചിരിക്കാനും ഒന്നിച്ചു ഭക്ഷണം പാചകം ചെയ്യാനും ഒന്നിച്ചു കഴിക്കാനും ഇന്നലെകളുടെ കഥകൾ പറയാനും കൂടുതൽ പുസ്തകങ്ങളെ പരിചയപ്പെടാനും കാലത്തെ വായിച്ചെടുക്കാനും കൃഷി ചെയ്യാനും പുതിയ കാര്യങ്ങൾ പഠിക്കാനും ഒന്നിച്ചു ധ്യാനിക്കാനും പ്രാർത്ഥിക്കാനുമുള്ള അവസരം ഈ കൊറോണ കാലയളവിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. സ്വസ്ഥമായിരിക്കാനും പരസ്പര ബന്ധം ശക്തിപ്പെടുത്താനുമൊക്കെയുള്ള സമയമായി ഈ കാലഘട്ടത്തെ ഉപയോഗപ്പെടുത്തിയവരുണ്ട്. നമ്മുടെ കുടുംബബന്ധത്തെയും സമൂഹ ബന്ധത്തെയും കൂടുതൽ ശക്തിപ്പെടുത്താൻ ഈ കാലയളവിൽ ബോധപൂർവ്വം നാം പരിശ്രമിക്കുന്നു എന്നത് ആശാവഹമാണ്.

**സാമ്പത്തിക ജാഗ്രത**

കൊവിഡ്-19 മൂലം ലോകമെങ്ങുമുള്ള ജനങ്ങൾ വിവിധ തരത്തിലുള്ള ബുദ്ധിമുട്ടിലാണല്ലോ. ലോകം മുഴുവൻ ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലാണ്. ജോലി സംബന്ധവിഷയങ്ങളെക്കുറിച്ചും അത്യാവശ്യ മരുന്നുകളുടേതുൾപ്പെടെ, അനുദിനം ആവശ്യമുള്ള സാധന-സാമഗ്രികളുടെ ലഭ്യതയെക്കുറിച്ചുമുള്ള ആകുലതകൾ എല്ലാ മേഘലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ ഉപയോഗത്തെക്കുറിച്ചും ധനത്തിന്റെ വരവിനെക്കുറിച്ചും വിനിയോഗത്തെക്കുറിച്ചും കൂടുതൽ ജാഗ്രത വേണ്ട ഒരു കാലഘട്ടമാണിത്. ദൈവം തന്നിട്ടുള്ള സമ്പത്തിനെ കൂടുതൽ സൂക്ഷ്മതയോടെ സമീപിക്കാനും വിനിയോഗം ചെയ്യാനും, ജീവിത സൗകര്യങ്ങളെ സമീപിക്കാനും, പൊതുവായും വ്യക്തികളായും ഈ കാലഘട്ടത്തിലെ 'കാര്യസ്ഥനടുത്ത വിശ്വസ്തതയോടെ' ജീവിക്കാനും ബോധപൂർവ്വം ശ്രദ്ധിക്കാം.

തൊഴിൽ മേഖലയിലെ അസന്നിഗ്ദ്ധാവസ്ഥയുടെ പ്രതിഫലനങ്ങൾ സ്വദേശത്തും വിദേശത്തുമുള്ള തൊഴിൽ ദാതാക്കളെയും തൊഴിലാളികളെയും, തത്ഫലമായി

(തുടർച്ച 10-ാം പേജിൽ)

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
റവ. ഡോ. ജേക്കബ് മാർ ബർണബാസ്
**ചീഫ് എഡിറ്റർ**
റവ. ഡോ. ആന്റണി കാക്കനാട്ട്
**മാനേജിംഗ് എഡിറ്റർ**
റവ. ഫാ. ആന്റണി കല്ലിൽ OIC
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

**ഓരോ രൂപതയിലും 2020 ഒക്ടോബർ 31 വരെ സുവിശേഷസംഘം ധ്യാനശുശ്രൂഷ നടത്തിയ ഇടവകകളുടെയും സന്ദർശനം നടത്തിയ ഭവനങ്ങളുടെയും എണ്ണം ചുവടെ ചേർക്കുന്നു**

| രൂപത | ഇടവകകൾ | ഭവനങ്ങൾ |
|---|---|---|
| 1. തിരുവനന്തപുരം-പാറശാല | 274 | 18968 |
| 2. തിരുവല്ല | 76 | 3950 |
| 3. ബത്തേരി | 75 | 4375 |
| 4. മാർത്താണ്ഡം | 61 | 6610 |
| 5. പത്തനംതിട്ട | 61 | 3977 |
| 6. മാവേലിക്കര | 60 | 2923 |
| 7. മൂവാറ്റുപുഴ | 39 | 2156 |
| 8. കഡ്കി - പൂന | 27 | 1421 |
| 9. ഗുഡ്ഗാവ് - ഡൽഹി | 16 | 922 |
| 10. പുത്തൂർ | 13 | 547 |
| ആകെ | 702 | 45849 |

**വിശുദ്ധ ഗ്രന്ഥത്തിന്റെ വിശുദ്ധ വായന (Lectio Divina) നടത്തിയ ദൈവാലയങ്ങൾ**

| | |
|---|---|
| തിരുവനന്തപുരം | 23 |
| തിരുവല്ല | 16 |
| കഡ്കി - പൂന | 15 |
| പത്തനംതിട്ട | 10 |
| ബത്തേരി | 9 |
| മൂവാറ്റുപുഴ | 7 |
| ഗുഡ്ഗാവ്-ഡൽഹി | 5 |
| മാവേലിക്കര | 6 |
| പാറശാല | 3 |
| ആകെ | 94 |

www.malankaralibrary.com



# ദൈവജനത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവൻ

**ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.**
അസ്സി.സെക്രട്ടറി, സഭാതല സുവിശേഷസംഘം

നിത്യപുരോഹിതനായ യേശു ക്രിസ്തുവിലാണ് പുരോഹിത, രാജകീയ, പ്രവാചക ദൗത്യം നിറഞ്ഞുനിൽക്കുന്നത്. "എന്തെന്നാൽ നീ മെൽക്കിസദേക്കിൻ ക്രമ പ്രകാരം എന്നേക്കും പുരോഹിതനാകുന്നു" (ഹെബ്രാ.7:17). സഭയുടെ ശിരസ്സായ ക്രിസ്തുവിന്റെ പ്രതിനിധികളായ അപ്പസ്തോലന്മാരുടെ പിൻഗാമികളായ പുരോഹിതർ യേശുവിന്റെ രക്ഷാകര ദൗത്യം പൂർത്തീകരിക്കുന്നവർ ആകുന്നു. പൗരോഹിത്യം എന്നത് ക്രിസ്തുവിന്റെ സേവനവും, ശുശ്രൂഷയും നടപ്പിലാക്കാൻ പകരക്കാരനായി ലഭിക്കുന്ന നിയോഗം ആകുന്നു. ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളിൽ ക്രിസ്തുവിനെയും അവന്റെ സഭയെയും ഏറെ ആകർഷകമാക്കാൻ അവിടുത്തെ പൗരോഹിത്യത്തിൽ പങ്കു ചേരുന്നവർക്ക് വലിയ ധർമ്മം ഉണ്ട്. വിശുദ്ധമായ മാർഗ്ഗത്തിലൂടെയാണ് ജനത്തെ ക്രിസ്തുവിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നത്. അതിന് പൗരോഹിത്യ ശുശ്രൂഷകളുടെ വിശുദ്ധമായ പ്രവർത്തികൾ ഉപകരിക്കും. "പുരോഹിതൻ ഭൂമിയിൽ രക്ഷാകര പ്രവർത്തനം തുടരുന്നു. ലോകത്തിൽ വൈദികനാരെന്ന് യഥാർത്ഥത്തിൽ മനസ്സിലാക്കിയാൽ നാം മരിക്കും. ഭയം കൊണ്ടല്ല, സ്നേഹം കൊണ്ട്. യേശുവിന്റെ ഹൃദയത്തിലെ സ്നേഹമാണ് പൗരോഹിത്യം' (വി.ജോൺ മരിയ വിയാനി).

### വചനം മുറിച്ചുവിളമ്പുന്നവൻ

പരി.ബനഡിക്ട് പതിനാറാമൻ മാർപാപ്പ 'വിശ്വാസത്തിന്റെ കവാടം' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ മാർഗ്ഗരേഖയിൽ ഇപ്രകാരം രേഖപ്പെടുത്തി, മാനവരാശിയുടെ ഉള്ളിൽ ഒരു മരുഭൂമിവൽക്കരണം നടന്നിരിക്കുന്നു. മനുഷ്യഹൃദയം മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് ഏറെ രോഗാതുരമാണ്. എന്നത്തേക്കാളുപരിയായി മനുഷ്യൻ അന്യതയും, ഏകാന്തതയും, ശൂന്യതയും, വരൾച്ചയും, ജീവനില്ലായ്മയും അനുഭവപ്പെടുന്ന മണലാരണ്യവും പേറി നെട്ടോട്ടത്തിലാണ്. മനസ്സുമടുപ്പിക്കുന്ന ഒരുതരം ആന്തരിക ശൂന്യതയുടെ മരുഭൂമി 21-ാം നൂറ്റാണ്ടിലെ മനുഷ്യവംശത്തിന്റെയും, രാജ്യങ്ങളുടെയും, കുടുംബങ്ങളുടെയും, വ്യക്തികളുടെയും ഉള്ളിൽ ഇടംപിടിച്ചിരിക്കുന്നു. ഈ മരുഭൂമിയിൽ വചനത്തിന്റെ അരുവി കടത്തിവിടുക. അപ്പോൾ അവിടെ വീണ്ടും തളിർക്കുന്ന അനുഭവം ഉണ്ടാകും. ഈ അരുവി ഒഴുകുവാൻ പുരോഹിതൻ ഇറങ്ങിവരുമ്പോൾ ഹൃദയം പുഷ്പിക്കാൻ തുടങ്ങും.

ഉപരിപ്ലവമായ സന്തോഷത്തിനു വേണ്ടി ഓടി നടക്കുന്ന മനുഷ്യ ഹൃദയങ്ങളിൽ ഒരു വൈദികൻ വചനത്തെ ഒഴുക്കുമ്പോൾ ഹൃദയങ്ങളിൽ ഒരു പുഷ്പവസന്തം ഉണ്ടാകും. "വരണ്ടഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും" (ഏശ.44:3). "കർത്താവ് നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിൽ നിനക്ക് സമൃദ്ധി നൽകും. നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെ നീ ആകും" (ഏശ.58:1).

ഒരു പുരോഹിതൻ ബലി അർപ്പിക്കുമ്പോൾ അപ്പമായ കർത്താവിനെ മുറിച്ച് നൽകുന്നു. അതുപോലെ ദൈവത്തിന്റെ വചനത്തെ മുറിച്ച് നൽകുമ്പോൾ അതെ കർത്താവ് മനുഷ്യഹൃദയങ്ങളിൽ എത്തിച്ചേരും. പരി. ബനഡിക്ട് പതിനാറാമൻ മാർപാപ്പ പങ്കുവച്ച ഹൃദയസ്പർശിയായ ഒരു ചിന്ത ഇപ്രകാരമാണ്. വി. കുർബാന സ്വീകരണമദ്ധ്യേ ഒരുതുള്ളി തിരുരക്തം താഴെ വീണാൽ നമുക്കു വേദനയുണ്ടാകും. എന്നാൽ കേൾക്കപ്പെടാതെ പോകുന്ന ദൈവവചനത്തെക്കുറിച്ച് നാം വേദനിക്കാറുണ്ടോ? ഓരോ പരി. കുർബാനയുടെയും മദ്ധ്യേ പുരോഹിതൻ വി. ലിഖിതം മുറിച്ച് നൽകുകയാണ് എന്നാൽ ജനം പലപ്പോഴും അത് ശ്രദ്ധയോടെ സ്വീകരിക്കാറില്ല. അവിടെ ഒരു തിരിച്ചറിവ് ഉണ്ടാകണം. വി. ലിഖിതം (ദൈവവചനം) മുറിച്ച് നൽകുമ്പോൾ അത് ഏറ്റം ശ്രദ്ധയോടും, ബഹുമാനത്തോടും സ്വീകരിക്കണം. അപ്പോഴാണ് ഹൃദയങ്ങൾ ഫലഭൂയിഷ്ഠമായിതീരുന്നത്. നീർച്ചാലിനരികെ നട്ട വൃക്ഷംപോലെ തളിർത്ത് ഫലം നൽകുന്ന അനുഭവം. ഓരോ വൈദീകനും ദൈവവചനത്തിന്റെ പ്രഘോഷകരാണ്. ബലി അർപ്പണം ശ്രദ്ധാപൂർവ്വം നടത്തുന്നതുപോലെ വി. ലിഖിതത്തിലെ പഠിപ്പിക്കലും, വിശദീകരണവും നൽകി ജനത്തെ വളർത്തുക എന്നുള്ളത് ഇടയന്റെ വലിയ കടമയാകുന്നു. ഒരു വൈദികന്റെ ജീവിതത്തിലെ പ്രധാനപ്പെട്ട കടമയാണ് (വി.ലിഖിതം) ദൈവവചനം മുറിച്ച് വിളമ്പി തൃപ്തിപ്പെടുത്തുക. "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുക. വിശ്വസിച്ച് സ്വീകരിക്കുന്നവർ രക്ഷപ്രാപിക്കും, വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ.16:16).

### അധികാരവും ശുശ്രൂഷയും

ഒരു പുരോഹിതനെ സംബന്ധിച്ചിടത്തോളം അധികാരവും, ശുശ്രൂഷയും ഒരുപോലെ ഒന്നിച്ചുകൊണ്ടു പോകേണ്ടതാണ്. ചരിത്രം പരിശോധിക്കുമ്പോൾ അധികാരം എന്നത് വ്യത്യസ്തതലങ്ങളിൽ നമുക്കു കാണാൻ കഴിയും. ഭൗമികമായ അധികാരം എന്നത് എപ്പോഴും ഈ ലോകത്തിന്റെ പ്രകടനം (performance) അതായത് ചില അളവിന്റെ അടിസ്ഥാനത്തിലാണ്, എന്നാൽ ദൈവം നൽകുന്ന അധികാരം എന്നത് മനുഷ്യനെ കൂടുതൽ സ്വതന്ത്രമാക്കാനുള്ളതാണ്. അഥവാ സ്നേഹത്തിന്റെ അടയാളം ആകുന്നു. യേശുവിന് ശിഷ്യൻമാരുടെമേൽ അധികാരമുണ്ടായിരുന്നു എന്നാൽ അത് ഒരിക്കലും ഇരുന്ന് കൽപ്പിക്കുന്നത് ആയിരുന്നില്ല, മറിച്ച് കൂടെനടന്ന് സ്നേഹിക്കുന്നത് ആയിരുന്നു. എമ്മാവൂസ് അനുഭവം വായിക്കുമ്പോൾ അത് കാണാൻ കഴിയും. കൂടെ നടന്ന് അവരുടെ ഹൃദയം ജ്വലിപ്പിക്കുകയും, കണ്ണ് തുറക്കുകയും ചെയ്തു (ലൂക്കാ.24:13-35). ക്രിസ്തുവിന്റെ രക്ഷാകരാനുഭവം സഹനത്തിലൂടെയായിരുന്നു. അവൻ തന്റെ മുറിവുകളാൽ നമ്മെ ബലപ്പെടുത്തി.

ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ (മത്താ.18:4) പൗരോഹിത്യ ജീവിതത്തിൽ അധികാരവും, ശുശ്രൂഷയും ഒന്നിപ്പിച്ച് കൊണ്ടുപോവുക എന്നുള്ളത് വലിയ വെല്ലുവിളിയാണ്. നിരവധി വൈദീകർ ഇന്ന് സമൂഹത്തിൽ പലതരത്തിലുള്ള അധികാര സ്ഥാനത്ത് ഇരിക്കുന്നവർ ആണ് സഭയുടെ വിവിധ അധികാരങ്ങൾ, സ്ഥാപനങ്ങളിൽ, ആത്മീയ മേഖല തുടങ്ങിയവ. ഇവിടെയെല്ലാം വെറും അധികാരത്തിനുവേണ്ടിയുള്ള അതായത് performance കാണിക്കാനുള്ള മേഖലയായി മാറിയാൽ ഒരിക്കലും ശുശ്രൂഷയാവുകയില്ല. യേശു കാണിക്കുന്ന ശുശ്രൂഷ ശിഷ്യരുടെ പാദം കഴുകുന്ന അനുഭവം. ഒരു പുരോഹിതനെ സംബന്ധിച്ചിടത്തോളം ഇരുന്ന് കൽപ്പിച്ച് അധികാരം പ്രയോഗിക്കേണ്ടവനല്ല, മറിച്ച് ശിഷ്യന്റെ പാദം കഴുകുവാൻ വേണ്ടി കുനിഞ്ഞ് ചെറുതാകുന്ന അനുഭവത്തിലേക്ക് ഇറങ്ങിവരണം. ഒരു സ്ഥാപനത്തിൽ ഉത്തരവാദിത്വത്തിൽ ഇരിക്കുന്ന വൈദികർ ജീവിക്കേണ്ടത് പലപ്പോഴും മറ്റുള്ളവരുടെ അംഗീകാരം കിട്ടുവാൻവേണ്ടി മാത്രമാകരുത്, (Performance) എല്ലാവരും good എന്ന് പറയുന്നു, അച്ചൻ നല്ല കഴിവുള്ളവൻ, മിടുക്കൻ, സമർത്ഥൻ തുടങ്ങിയവ മാത്രമായി ഒതുങ്ങരുത്. യേശുവിന്റെ പ്രവൃത്തികൾ പുരോഹിതന്റെ മുൻപിൽ വെല്ലുവിളിയാകും. തന്നെ ഒറ്റികൊടുത്ത യൂദാസിന് അപ്പം മുറിച്ചുകൊടുത്തു, തള്ളിപ്പറഞ്ഞ പത്രോസിനെയും സ്നേഹിച്ചു. ആയതിനാൽ ഓരോ വൈദികന്റെയും മുമ്പിൽ ഒരു ചോദ്യം യേശുവിന്റെ ശുശ്രൂഷ പൂർണ്ണരൂപത്തിൽ നിർവഹിക്കാൻ കഴിയുമോ? ഈ വെല്ലുവിളി ഏറ്റെടുത്ത് ജീവിച്ച് ഫലം പുറപ്പെടുവിക്കാൻ സാധിക്കുന്നതാണ് ക്രിസ്തു ആഗ്രഹിക്കുന്ന പൗരോഹിത്യം.

### യേശുവിന്റെ മൂല്യങ്ങൾ ജീവിക്കുക

ആധുനിക കാലഘട്ടത്തിൽ ക്രിസ്തീയ മൂല്യങ്ങളിൽ ജീവിക്കുക എന്നുള്ളത് വളരെയധികം പ്രയാസമുള്ള ഒരു കാര്യമാണ്. മൂല്യങ്ങളിൽ ജീവിച്ചാൽ ഈ ലോകത്തിൽ ഭോഷൻ എന്ന് പേര് കിട്ടും. കൂടാതെ ഭൗതികലോകത്ത് ഒന്നും സമ്പാദിക്കുവാൻ കഴിയില്ല. ഭൗതികസമ്പാദ്യം എന്നത് വലിയസ്ഥാനം, അംഗീകാരം, പ്രശസ്തി തുടങ്ങിയവ ആയതിനാൽ പൗരോഹിത്യ ജീവിതത്തിൽ യേശുവിന്റെ മൂല്യങ്ങളിൽ ജീവിക്കുക എന്നത് വളരെ പ്രയാസകരമാണ്. പൗരോഹിത്യ ജീവിതത്തിൽ നിരവധി ക്ലേശങ്ങളും, സഹനങ്ങളും, കഷ്ടപാടുകളും നേരിടുന്നുണ്ട്. സ്വന്തം കുരിശെടുത്ത് എന്റെ പിന്നാലെ വരാത്തവൻ എന്റെ ശിഷ്യനായിരിക്കാൻ കഴിയില്ല. ക്രിസ്തുശിഷ്യന്റെ പ്രധാനപ്പെട്ട ദൗത്യം അവന്റെ മൂല്യങ്ങളിൽ ജീവിക്കുക എന്നുള്ളതാണ്. പൗരോഹിത്യ ജീവിതം എന്നത് അവന്റെ മൂല്യങ്ങൾ ആണ് ജീവിക്കുന്നത്. എന്നാൽ ആധുനിക ലോകത്തിൽ സുഖസൗകര്യങ്ങൾ വർദ്ധിക്കുന്നത് വഴിയായി പൗരോഹിത്യവഴികളിൽ അറിയാതെ ക്രിസ്തീയ മൂല്യങ്ങളിൽ നിന്ന് അകന്നുപോകുന്ന പ്രവണത ഉണ്ടാകുന്നു. ജീവിതം കൂടുതൽ സുഖകരമാക്കുവാൻ ആഗ്രഹിക്കുന്നു. ഈലോകത്തിന്റെ മോഹങ്ങളിൽ, ലൗകിക താൽപര്യങ്ങളിൽ അറിഞ്ഞോ, അറിയാതെയോ വീണ്പോകുവാൻ പ്രേരണയുണ്ടാകുന്നു. അപ്പോൾ പൗരോഹിത്യ വഴികളിൽ ക്രിസ്തുമാർഗ്ഗത്തിനുപകരം, എന്റെ വഴികളിലൂടെ മുന്നോട്ടു പോകുവാൻ ശ്രമിക്കുകയും ജീവിതത്തിന്റെ പൂർണ്ണഫലം അനുഭവിക്കാൻ കഴിയാതെ പോവുകയും ചെയ്യും.

### പുരോഹിതൻ മുറിയപ്പെടേണ്ടവൻ

യേശു തന്റെ ജീവിതത്തിൽ മുറിവ് ഏറ്റുവാങ്ങി, മുറിയപ്പെട്ടവന്റെ പൂർണ്ണരൂപമായ കാൽവരിയിലെ കുരിശിൽ മുറിവ് പൂർത്തിയാക്കി. യേശുവിന്റെ മുറിവുകളെല്ലാം തിരുമുറിവുകൾ ആയിരുന്നു. കാരണം അവന്റെ മുറിവ് വിലയുള്ളതായിരുന്നു. ആ മുറിവിന് സൗഖ്യത്തിന്റെ ശക്തി ഉണ്ടായിരുന്നു. അവന്റെ ജീവിതത്തിലെ യാത്രയിൽ, കാലിത്തൊഴുത്തിൽ, സ്വന്തം ജനത്തിൽ, ശിഷ്യൻമാരുടെ ഇടയിൽ, അധികാരികളുടെ മുമ്പിൽ, വിചാരണയിൽ, കാൽവരിയിൽ ഇങ്ങനെ ജീവിതത്തിന്റെ പ്രധാന ഘട്ടങ്ങളിലെല്ലാം മുറിവു ഏറ്റുവാങ്ങി. യേശുവിന്റെ മുറിവുകൾ എല്ലാം തന്നെ ഒരു ഉയർന്ന ലക്ഷ്യത്തിനുവേണ്ടിയായിരുന്നു, മനുഷ്യന്റെ വിമോചനം-അന്ധന് കാഴ്ച, ബന്ധിതർക്ക് മോചനം, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം. യേശുവിന്റെ മുറിവിന് വേദനയെക്കാളും, വ്രണിതമായ അവസ്ഥയെക്കാളും സ്നേഹത്തിന്റെ ഔഷധം ആയിതീരാൻ കഴിഞ്ഞു. അതായിരുന്നു അവന്റെ രക്ഷാകരമായ പീഡാനുഭവം. ഒരു പുരോഹിതൻ തന്റെ ജീവിതത്തിൽ മിശിഹായെ അനുകരിക്കുകയും, പിൻചെല്ലുകയും ചെയ്യുന്ന വ്യക്തി ആണ്. ആയതിനാൽ ഒരുവൻ തന്റെ ജീവിതത്തിൽ നിരന്തരം മുറിപ്പെടാൻ തയ്യാറാകണം. ഓരോ ബലിയിലും അപ്പം വാഴ്ത്തി മുറിക്കുന്നു, വിളമ്പുന്നു, ഇതുപോലെ പുരോഹിതൻ തന്റെ ജീവിതത്തെ മുറിച്ച് നൽകുക എന്നുള്ളതാണ്. പൗരോഹിത്യ ജീവിതത്തിൽ പലതും ഉപേക്ഷിക്കുന്നത് എന്തിന്? കുടുംബം, ലൗകിക സന്തോഷങ്ങൾ, സ്ഥാനം, ബഹുമതി, സമ്പത്ത് തുടങ്ങിയവ. മുറിയപ്പെടാൻവേണ്ടിയാണ്. ആടുകൾക്ക് ജീവൻ അർപ്പിക്കാൻ ഞാൻ വന്നു, സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു.

### എന്താണ് പുരോഹിതന്റെ മുറിയപ്പെടൽ?

സ്നേഹത്തിന്റെ പ്രവൃത്തികൾ എല്ലാം മുറിയപ്പെടൽ ആണ്. പ്രാർത്ഥന, ബലിയർപ്പണം, വചനപ്രഘോഷണം, ആതുരശുശ്രൂഷ, പഠിപ്പിക്കൽ, തെറ്റ് തിരുത്തൽ, പ്രബോധനം, ധൂപാർപ്പണം, സ്വയം ചെറുതാകൽ, ഇപ്രകാരം സ്നേഹത്തിൽ ചാലിച്ചെടുക്കുന്ന പ്രവൃത്തികൾ എല്ലാം മുറിയപ്പെടൽ ആണ്. കാരണം ഇവയെല്ലാം മറ്റുള്ളവരുടെ വളർച്ചയാണ്, എന്റെ വ്യക്തിപരമായ ഇഷ്ടങ്ങൾ അഥവാ ഞാനും എന്റെ താല്പര്യങ്ങളും എന്നതിനെക്കാൾ ഉപരിയായി ചെയ്യുന്ന ഏത് ചെറിയ പ്രവൃത്തിയും മുറിച്ച് നൽകുന്ന സ്നേഹത്തിന്റെ അടയാളമാണ്. ക്രിസ്തുവിന്റെ മുറിച്ച് നൽകലിന്റെ അടിസ്ഥാനം, അനുസരണത്തിലൂടെ സ്വയം ശൂന്യവൽക്കരിക്കുക എന്നുള്ളതായിരുന്നു.

### നിശബ്ദതയുടെ ശബ്ദം

പുരാതനകാലം മുതൽക്കേ അടിമത്തം ഉണ്ടായിരുന്നു. ഉടമയും, അടിമയും, മുതലാളി, തൊഴിലാളി, ഉള്ളവനും, ഇല്ലാത്തവനും ഇവിടെയെല്ലാം ഒരു കൂട്ടർ എല്ലാം അവകാശപ്പെടുത്തും. എന്നാൽ ചിലർക്ക് ഒന്നും ലഭിക്കാറില്ല. യേശുവിന്റെ കാലത്ത് കർത്താവ് ഇതിനെ ശക്തമായി എതിർത്തിരുന്നു. യേശുവിന്റെ വാക്കുകളിൽ അത്

www.malankaralibrary.com

വളരെ വ്യക്തമായിരുന്നു. രോഗികൾക്കാണ് വൈദ്യനെ ആവശ്യം. ഞാൻ വന്നത് നീതി മാൻമാരെ തേടിയല്ല മറിച്ച് പാപികളെ തേടി യാണ്. അതുകൊണ്ടുതന്നെ യേശുവിന്റെ സ്നേഹിതർ രോഗികൾ, അനാഥർ, കുഷ്ഠ രോഗികൾ, തിരിച്ച് ഒന്നും ചെയ്യാൻ കഴിയാ ത്തവർ, ഒറ്റപ്പെട്ടവർ, സമൂഹത്തിൽ അകറ്റ പ്പെട്ടവർ ഒക്കെ ആയിരുന്നു.

**a. ആരാണ് നിശബ്ദർ**

അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർ, അടിച്ചമർത്തപ്പെട്ടവർ, സാമ്പത്തികമായി പിൻതള്ളപ്പെട്ടവർ, ആരോഗ്യപരമായി പിൻതള്ളപ്പെട്ടവർ ഇങ്ങനെ സമൂഹത്തിന്റെ മുഖ്യധാരയിൽ ഒറ്റപ്പെട്ടുപോയ ധാരാളം ആളുകൾ. ഇവരുടെ ജീവിതത്തിൽ പല പ്പോഴും മുന്നോട്ട് നീങ്ങുവാൻ കഴിയത്തക്ക വിധം ശക്തി ക്ഷയിച്ചുപോയവർ ആണ്. ഇത്തരത്തിലുള്ളവർക്ക് തങ്ങളുടെ അവകാ ശങ്ങൾ നേടിയെടുക്കാൻ കഴിയുന്നില്ല. അഭി പ്രായങ്ങൾ പ്രകടിപ്പിക്കുവാൻ കഴിയുന്നില്ല. അഭിപ്രായങ്ങൾ പറഞ്ഞാൽ അത്കേൾക്കാൻ മറ്റുള്ളവർ മനസ്സുകാണിക്കില്ല. എല്ലാതര ത്തിലും നിശബ്ദർ ആയി പോകുന്ന ഇവർക്ക് ആരാണ് ശബ്ദം ആകേണ്ടത്? ഉത്തരം ഒരു പുരോഹിതൻ എന്നുള്ളതാണ്. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കു ന്നത് എന്ന വാക്യം ഓർക്കാം.

**b. പുരോഹിതൻ ശബ്ദമായിതീരേണ്ടത് എങ്ങനെ?**

യേശു കുഷ്ഠരോഗിയെ തൊട്ടു സുഖപ്പെടുത്തി. അന്നത്തെ കാലഘട്ടത്തിൽ കുഷ്ഠരോഗി മറ്റുള്ളവരുടെ മുമ്പിൽ വരാൻ പാടില്ലായിരുന്നു. ആ സാഹചര്യത്തിൽ യേശു കുഷ്ഠരോഗിയെ തൊട്ടുസുഖപ്പെടു ത്തി. സാബത്തിൽ ജോലി ചെയ്യരുത് എന്ന കർശന നിർദ്ദേശം ഉണ്ടായിരുന്നു എന്നാൽ യേശു അതിനെ തിരുത്തി. മനുഷ്യ നന്മയ്ക്ക് ഉതകുന്ന പ്രവൃത്തിചെയ്യാൻ പഠിപ്പിച്ചു. അന്ധമായ അനുഷ്ഠാനങ്ങളെയും, ചട്ടങ്ങ ളെയും മാറ്റി മനുഷ്യന് വിമോചനം നൽകാൻ അവൻ പരിശ്രമിച്ചു. അയിത്തം കൽപ്പിച്ചി രുന്ന സമരിയാക്കാരി സ്ത്രീയിൽ നിന്ന് വെള്ളം കുടിക്കുവാൻ തയ്യാറായി ഈ പ്രവൃ ത്തികൾ എല്ലാം സൂചിപ്പിക്കുന്നത്, നിശബ്ദ രായ ജനത്തെ അഥവാ സമൂഹത്തിന്റെ ചില പ്രത്യേക കാഴ്ചപ്പാടിൽ പുറന്തള്ളപ്പെട്ട വർക്ക് ശബ്ദം ആകാൻ സഹായിച്ചു എന്നു ള്ളതാണ്.

**നല്ല ഇടയൻ**

കൂടെ നടക്കുന്നവൻ ആണ് ഇടയൻ. നല്ല ഒരു ഇടയന്റെ പ്രത്യേകത എന്താണ്? പേര് അറിയുന്നവൻ. പേര് (നാമം) എന്നത് വളരെ അടുത്ത് അറിയുന്നവൻ. പേര് അറി യുക എന്നത് വ്യക്തിയെ അറിയുക, അടുപ്പം, സ്നേഹം എന്നിങ്ങനെ അവരുടെ കാര്യത്തിൽ സജീവ ശ്രദ്ധയുള്ള വ്യക്തി ആവുക എന്നുള്ളതാണ്. നല്ല ഇടയൻ തന്റെ ആടുകളെ പേര് ചൊല്ലിവിളിക്കുന്നു. ഒരു അമ്മ തന്റെ മക്കളുടെ സകല കാര്യങ്ങളും അറിയും. അവരുടെ ഇഷ്ടങ്ങൾ, താൽപര്യം, കുറവുകൾ തുടങ്ങിയവ, അതുപോലെ ഇട യൻ തന്റെ ആടുകളെ നല്ല വഴിയിലൂടെ കൊണ്ടുപോകാൻ നിരന്തരം ശ്രദ്ധിക്കും. തന്റെ ആടുകളെ എത്രയും സ്നേഹത്തോടെ ചേർത്തുനിർത്തി നയിക്കുവാൻ വളരെ താൽപര്യം കാണിക്കും. ആടിന്റെ ബലക്കു റവ് മനസ്സിലാക്കാൻ ഇടയന് കഴിയും, ഒരു ആട്ടിൻകുട്ടിക്ക് തന്റെ ജീവിതത്തിലെ പല തരത്തിലുള്ള പ്രതിസന്ധികൾ ഉണ്ടാകു മ്പോൾ അതിനെ തരണം ചെയ്ത് മുന്നോട്ട് കൊണ്ടുപോകുവാൻ ഇടയന് കഴിയണം. ആട്ടിൻകുട്ടികൾ എല്ലാം ഒരുപോലെ മിടുക്കു ള്ളതാകണമെന്നില്ല എന്നാൽ ഇടയൻ അത് മനസ്സിലാക്കി അവരെയും മുന്നോട്ടുന യിക്കാം. അജപാലന ശുശ്രൂഷയിൽ ഇടയന്റെ ഏറ്റവും വലിയ ദൗത്യം തന്റെ ജനത്തെ ഉയ രങ്ങളിലേക്ക്, യേശു മിശിഹായുടെ മൂല്യങ്ങ ളിൽ എത്തിക്കുക എന്നുള്ളതാണ്. ഇടയന്റെ ക്ഷമയും, പരിചയവും, അറിവും ഇതിന് ആവശ്യമാണ്. മോശ തന്റെ ജനത്തെ നയി ച്ചപ്പോൾ പ്രതിസന്ധികൾ ധാരാളം ഉണ്ടായി എന്നാൽ അവിടെയെല്ലാം ക്ഷമാപൂർവ്വം, ത്യാ ഗപൂർവ്വം ദൈവത്തിൽ ആശ്രയിച്ച് കാനാൻ ദേശത്തേക്ക് നടന്നു.

അജപാലന ശുശ്രൂഷയിൽ ഒരുവൻ എപ്രകാരം വഴികാട്ടി ആകണം എന്നുള്ള തിന് തന്റെ ജീവിതംകൊണ്ട് തയ്യാറാകു മ്പോൾ അത് ഫലപ്രാപ്തിയിലെത്തും. ലക്ഷ്യം നേടിയെടുക്കാൻ ആടിന്റെ മണം, ആടിന്റെ സ്വഭാവം, ആടിന്റെ പ്രവൃത്തി ഇതെല്ലാം നിരന്തരം അറിഞ്ഞ് നയിക്കാൻ തയ്യാറാകണം. അജപാലന ശുശ്രൂഷയിൽ എല്ലാവരെയും തൃപ്തിപ്പെടുത്താൻ സാധി ച്ചെന്ന്വരില്ല അപ്പോൾ മിശിഹായുടെ വഴി യിലൂടെ യാത്രചെയ്യുക എന്നുള്ളതാണ്. നിത്യപുരോഹിതനായ മിശിഹാ തന്റെ ജീവി തത്തിൽ നൽകിയ മൂല്യങ്ങളും, പഠിപ്പി ക്കലും നിരന്തരം നൽകുക എന്നുള്ളതാണ്. ജനങ്ങളുടെ കൂടെയുണ്ടായിരുന്നു, രോഗ ശാന്തി നൽകി, പിശാചിനെ പുറത്താക്കി, വിശക്കുന്നവന് അപ്പം നൽകി, സാബത്തിന്റെ അനുഷ്ഠാനങ്ങളെ സ്നേഹത്തിന്റെ നിയമ ങ്ങളാക്കി മുന്നേറിയവൻ. ചരിത്രം പരിശോ ധിക്കുമ്പോൾ പൗരോഹിത്യം ജീവിച്ചവർ പൂർണ്ണതയുള്ള ജീവിതം നയിച്ചവരാണ്. തങ്ങളുടെ ജീവിതത്തിൽ തങ്ങൾക്കുവേണ്ടി കരുതിവയ്ക്കാൻ ആരും പരിശ്രമിച്ചില്ല, മറിച്ച് ആയിരിക്കുന്ന ജനതയ്ക്കുവേണ്ടി, സമൂഹ ത്തിനുവേണ്ടി, സഭയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ചവർ ആണ്. മാർ ഈവാനിയോസ് പിതാവ് തന്റെ ജീവിതം മുഴുവൻ ത്യാഗ പൂർവ്വം ബഥനി ആശ്രമത്തിനുവേണ്ടി, മല ങ്കരസഭയ്ക്കുവേണ്ടി, ആഗോള സഭയ്ക്കു വേണ്ടി സമർപ്പിച്ച വ്യക്തിത്വം ആയതുപോ ലെ, ഓരോ പുരോഹിതനും ഈ സമർപ്പ ണത്തിലേക്ക് എത്തിച്ചേരുമ്പോൾ പൂർണ്ണത യുടെ വ്യക്തിത്വം ആയിതീരും.

**പുരോഹിതൻ കർത്താവിന്റെ പകരക്കാ രൻ**

ഒരു പുരോഹിതന്റെ മഹത്വം ദർശി ക്കാൻ കഴിയുന്നത് കർത്താവ് ചെയ്യേണ്ട കാര്യങ്ങൾക്ക് പകരക്കാരനാകുമ്പോഴാണ്. ദൈവത്തിന്റെ തെരഞ്ഞെടുപ്പ് വളരെ പ്രധാ മാണ്. മാത്രമല്ല പാപത്തിന് പരിഹാരം ആയിത്തീരാനും വിശുദ്ധീകരിക്കാനും സഹാ യകരമായിതീരുന്നു. അതുപോലെ പുരോഹി തൻ വെള്ളം വാഴ്ത്തി വിശുദ്ധീകരിക്കുന്ന കർമ്മം, മാമോദീസായുടെ സമയത്ത് ചൊല്ലുന്ന പ്രാർത്ഥനയിൽ ഈ വെള്ളം ആത്മശരീരങ്ങളുടെ ബന്ധനം അഴിക്കു വാനും, രോഗങ്ങൾ സുഖപ്പെടുത്താനും കാര ണമായിതീരട്ടെ. വീണ്ടും ജനനം ആകുന്ന സ്നാനത്തിന് യോഗ്യമായി തീരട്ടേ. ഇപ്ര കാരം ശക്തിയാർജ്ജിച്ച് വിശുദ്ധീകരിക്കുന്ന ജലം തളിക്കുമ്പോൾ അനുഗ്രഹവും, വിശു ദ്ധീകരണവും, ശക്തിയാർജ്ജിക്കുന്നതുമായ അനുഭവം ജനത്തിന് ഉണ്ടാകുന്നു. ഓരോ കൂദാശയിലും കാർമ്മികൻ ചെയ്യുന്ന കർമ്മ ങ്ങളും, ശുശ്രൂഷകളും ഓരോ മനുഷ്യനും അഭിഷേകമായി ഇറങ്ങുകയും ജീവിത ത്തിന്റെ വിവിധതലങ്ങളിൽ ഫലദായകമായി തീരുകയും ചെയ്യുന്നു.

**പ്രാർത്ഥനയുടെ മനുഷ്യൻ**

പ്രാർത്ഥന എന്നത് ദൈവവുമായുള്ള ഹൃദയത്തിന്റെ സംഭാഷണം ആകുന്നു. യേശു പ്രാർത്ഥിക്കാൻ വേണ്ടി മലമുകളി ലേക്കുപോയി, വിജനമായ സ്ഥലത്തേക്കു പോയി പിതാവിനോടു നിരന്തരം ബന്ധം സ്ഥാപിച്ചുകൊണ്ടിരുന്നു. അതുവഴി യേശു വിന് തന്റെ ജീവിതയാത്രയിലെ പ്രത്യേകിച്ച് രക്ഷാകര പദ്ധതിയിൽ ലക്ഷ്യം വ്യക്തമായി രുന്നു. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ പ്രതി സന്ധികൾ ഉണ്ടെങ്കിലും അതിനെ തരണം ചെയ്യാൻ സാധിച്ചു. 40 ദിനരാത്രങ്ങൾ ഉപവ സിച്ച്, പ്രാർത്ഥിച്ചിട്ടും പ്രലോഭകൻ പരീക്ഷി ക്കാൻ എത്തി. എന്നാൽ യേശു പ്രലോഭന ങ്ങളെ പ്രാർത്ഥനയുടെ ശക്തിയാൽ അതി ജീവിച്ചു. ഒരു വൈദികൻ തന്റെ അജപാല നശുശ്രൂഷയിൽ പ്രലോഭനങ്ങളെ നേരിടുന്നത് പ്രാർത്ഥനയിലൂടെയാണ്. ചരിത്രം പരിശോ ധിക്കുമ്പോൾ പ്രാർത്ഥനയിലൂടെ വലിയ പ്രതിസന്ധികളെ തരണംചെയ്ത ധീരരായ പുരോഹിതന്മാർ നമുക്കുചുറ്റും സാക്ഷിക ളാണ്.

ഒരു ഉദാഹരണം ഇവിടെ സൂചിപ്പി ക്കട്ടെ. ഒരു മലമ്പ്രദേശത്ത് ഒരു ചെറിയ ദേവാലയം, നൂറിൽപരം കുടുംബങ്ങൾ ഉണ്ട്. എന്നാൽ ആരും ദേവാലയത്തിലെ ആത്മീയ ശുശ്രൂഷയിൽ സജീവമല്ല, ആത്മീയ ജീവി തത്തെക്കാൾ ഭൗതികമായ ഇഷ്ടങ്ങളിൽ മുഴുകി ജീവിക്കുകയാണ് അവർ. തൽഫല മായി ദേവാലയത്തിൽ വി. കുമ്പസാരം, വി. കുർബാന, മറ്റ് ആത്മീയ ശുശ്രൂഷകൾ ഇവ നടക്കുമ്പോൾ വികാരി അച്ചൻമാർ വളരെ പ്രയാസം അനുഭവിക്കുന്നു. അങ്ങനെ ഒരിക്കൽ ആ ദേവാലയത്തിലേക്ക് ഒരു യുവ വൈദികൻ കടന്നുവന്നു. ഇടവക യുടെ സ്ഥിതി മനസ്സിലാക്കിയ പുരോഹിതൻ തന്റെ പ്രാർത്ഥനാജീവിതം ആ ദേവാലയ ത്തിനുവേണ്ടി സമർപ്പിക്കാൻ തീരുമാനിച്ചു. തന്റെ യുക്തിയോ, കഴിവോ, വിദ്യാഭ്യാസമോ അല്ല അദ്ദേഹം അതിനുവേണ്ടി ഉപയോഗി ച്ചത്. ആ ദേവാലയത്തിൽ ഇരുന്ന് പ്രാർത്ഥി ക്കുവാൻ തുടങ്ങി. അവരുടെ മാനസാന്തര ത്തിനുവേണ്ടി പ്രാർത്ഥിക്കുകയും, ഉപവസി ക്കുകയും ചെയ്തു. ഏതാണ്ട് 6 വർഷക്കാലം ആ ദേവാലയത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി പ്രാർത്ഥിച്ചു അങ്ങനെ അവിടെ വലിയമാറ്റം ഉണ്ടായി. എല്ലാവരും പള്ളിയിൽ സജീവ മായി. നിരവധി ദൈവവിളികൾ ഉണ്ടായി (വൈദികരും, സമർപ്പിതരും). പുരോഹിതന്റെ പ്രാർത്ഥനാജീവിതം ഒരു പരിമളം പോലെ ശോഭിക്കും. കാരണം ദൈവം പ്രത്യേകം തിര ഞ്ഞെടുത്തത് കൊണ്ട് പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന് കേൾക്കാതിരിക്കാൻ കഴിയില്ല, മാത്രമല്ല പ്രാർത്ഥനകൊണ്ടും, നോമ്പും, ഉപ വാസം കൊണ്ടും ഏത് പ്രതികൂലസാഹച ര്യത്തെയും അതിജീവിക്കാൻ കഴിയും.



ലെക്സിയോ ദിവിനാ മാവേലിക്കര ഭദ്രാസനം

**പൂർണ്ണതയുടെ ജീവിതം**

ഒരു നല്ല ജീവിതം നയിച്ചുകൊണ്ട് പൂർണ്ണതയുള്ള ജീവിതം മറ്റുള്ളവർക്ക് നൽകുക. മനുഷ്യത്വവും, പൂർണ്ണജീവിതവും ഒരു പുരോഹിതനിൽ നിന്ന് ഉണ്ടാകേണ്ട താണ്. എന്താണ് പൂർണ്ണജീവിതം? കർത്താ വിന്റെ വാക്കുകളിൽ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുക. വിശുദ്ധിയെക്കുറിച്ച് സൂചിപ്പിക്കുന്ന മനോ ഹരമായ ദൈവവാക്യം. എന്നാൽ കർത്താവ് നമുക്ക് നൽകുന്ന പരിപൂർണ്ണത എന്നത് ഞാൻ മാത്രം സായൂജ്യം പ്രാപിക്കുന്ന ഒരു അവസ്ഥയല്ല മറിച്ച് കരയുന്നവരോടൊപ്പം കരയുക, സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുക, വേദനയിൽ പങ്കുചേരുക അങ്ങനെ ഒരു മനുഷ്യന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിൽ ഇറങ്ങിവന്ന് അവനെ മനസ്സിലാക്കി കൂടെ നിർത്തുമ്പോൾ നല്ല ഇട യന്റെ പൂർണ്ണതയിലേക്ക് വളരാൻ പുരോഹി തന് കഴിയും. പൗരോഹിത്യ ശുശ്രൂഷ ജന ങ്ങളിൽ നിന്ന് അകന്നുപോകേണ്ടതല്ല, ജന ങ്ങളിൽ നിന്ന് മാറിനിൽക്കേണ്ടതല്ല. മിശിഹാ തന്റെ പരസ്യജീവിത കാലത്ത് നിരന്തരം നപ്പെട്ടതാണ്. തെരഞ്ഞെടുപ്പ് എന്തെങ്കിലും പ്രത്യേകതയുടെ പേരിലൊ, ഏതെങ്കിലും മാനദണ്ഡംവച്ചോ അല്ല മറിച്ച് കർത്താവിന് ഇഷ്ടപ്പെട്ടവരെ അവൻ ഇടയന്മാരായി നിയോഗിക്കുന്നു. ഈ നിയോഗം കർത്താ വിന്റെ മനസ്സാണ്, ഇഷ്ടമാണ്. അപ്പോൾ ഇട യൻ ചെയ്യുന്ന ശുശ്രൂഷകൾ എത്ര ശക്ത മാണ്. ലോകത്തിന് ചിന്തിക്കാൻ കഴിയുന്ന തിലും അപ്പുറമാണ് പുരോഹിതന്റെ പ്രവൃ ത്തികൾ, അതായത് നാം ശാസ്ത്രത്തിന്റെയും, വലിയ സാങ്കേതിക വിദ്യയുടെയും, അറിവി ന്റെയും തലങ്ങളെ അത്ഭുതമെന്ന് വിശേഷി പ്പിക്കുമ്പോൾ ഒരു പുരോഹിതൻ തന്റെ കരം ഉയർത്തി നൽകുന്ന ഒരു ആശീർവാദം അതിലും എത്രയോ അത്ഭുതമാണ്. ചില പ്പോൾ ആശീർവാദം വഴിയായി സുഖപ്പെ ടാത്ത രോഗം സുഖപ്പെടുന്നു. മഴമേഘങ്ങൾ വന്ന് മഴ പെയ്യുന്നു. ഒരിക്കലും അഴിയാത്ത കാര്യങ്ങൾ അഴിയുന്നു, അഗ്നി ഇറങ്ങുന്ന അനുഭവം ഉണ്ടാകുന്നു. ലോകത്തിലെ വലിയ അത്ഭുതമാണ് ദൈവത്തിന് പകര ക്കാരനായി ശുശ്രൂഷ ചെയ്യുന്ന പൗരോഹിത്യ ശുശ്രൂഷ. പുരോഹിതൻ അർപ്പിക്കുന്ന ധൂപാർപ്പണം എത്ര അനുഗ്രഹപ്രദമാണ്. സ്വർഗ്ഗീയ പരിമളം നൽകാൻതക്കവിധം ശക്ത

www.malankaralibrary.com

( ...... 1-ാം പേജിൽ നിന്നും തുടർച്ച)

ദൈവത്തിലേക്കും ചേർത്തു നിർത്തുന്ന സംവേദനത്തിന്റെ ആകെത്തുകയാണ് പുരോഹിതനും ബലിയർപ്പണവും. ഈ സംവേദനത്തിന് യേശുക്രിസ്തു സംസാരിച്ച ഭാഷയാണ് പൗരോഹിത്യഭാഷ. (യോഹ. 13:14,15). ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഭാഷ മിശിഹാ തന്റെ പിതാവിനോടും പാപികളായ നമ്മോടും സംസാരിച്ച ഭാഷ തന്നെയാണ്. വി. പൗലോസ് ഈ പൗരോഹിത്യ ഭാഷയെ വ്യക്തമായി അവതരിപ്പിക്കുന്നു: 'ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നുവെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയി തീർന്ന്, ആകൃതിയിൽ മനുഷ്യനെ പോലെ കാണപ്പെട്ടു; മരണംവരെ അതെ കുരിശുമരണം വരെ അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി' (ഫിലിപ്പി 2:6-8).

യേശു ശിഷ്യരുടെ പാദങ്ങൾ കഴുകി പൗരോഹിത്യഭാഷ മാതൃകാപരമായി നൽകി; അത് ഏറ്റെടുക്കാൻ അവന്റെ ശിഷ്യരോട് ആജ്ഞാപിക്കുന്നു. ശുശ്രൂഷ (Diakonia) അല്ലാതെ മറ്റൊരു ഭാഷയും ക്രിസ്തീയ പൗരോഹിത്യത്തിന് നല്കപ്പെട്ടിട്ടില്ല. ആരെയും ചെറുതാക്കാതെ സ്വയം ചെറുതാകുവാനുള്ള ശുശ്രൂഷയുടെ വിളിയാണ് പൗരോഹിത്യം.

ക്രിസ്തീയ ബലി ചെറുതാകലിന്റെയും മുറിക്കപ്പെടലിന്റെയും ഉദാത്തമായ ഭാവമാണ്. ക്രിസ്തീയ ബലിയും പൗരോഹിത്യവും കുരിശിനെ മറികടക്കുന്ന പ്രലോഭനം അല്ല, മറിച്ച് കുരിശിനെ ഹൃദയത്തോട് ചേർത്ത് വെയ്ക്കുന്ന ജീവന്റെ ആഘോഷം ആണ്. അതുകൊണ്ടാണ് കുരിശും ബലിയും ഇല്ലാത്ത 'ക്രിസ്തീയ' സമൂഹങ്ങളിൽ പൗരോഹിത്യത്തിന് പ്രസക്തി നഷ്ടപ്പെടുന്നത്.

പൗരോഹിത്യത്തിന്റെ ഭാഷ തിരിച്ചറിയുവന് മാത്രമേ മനുഷ്യ മനസ്സുകൾ വായിച്ചറിഞ്ഞ് അവയെ ദൈവത്തിലേക്ക് ഉയർത്താനും ദൈവമനസ്സിനെ മനുഷ്യഹൃദയങ്ങളിൽ എത്തിക്കാനും അർത്ഥപൂർണമായ സംവേദനം നടത്തുവാനും ആകൂ. മറിച്ചായാൽ, പൗരോഹിത്യം വിരസവും അരോചകവും അർത്ഥമില്ലാത്ത കടുത്ത ഏകാന്തതയുമായും അനുഭവപ്പെടും. അങ്ങനെയെങ്കിൽ പുരോഹിതൻ പഠിക്കേണ്ടതും പൗരോഹിത്യ രൂപീകരണത്തിൽ പഠിപ്പിക്കേണ്ടതും ശുശ്രൂഷ എന്ന ഈ ഉദാത്തമായ ഭാഷയാണ്. ഈ ചിന്തകളുടെ വെളിച്ചത്തിൽ പഴയ നിയമ പൗരോഹിത്യവും പുതിയ നിയമ പൗരോഹിത്യവും തമ്മിലുള്ള ബന്ധവും അടിസ്ഥാനപരമായ മാറ്റങ്ങളും എന്തെന്ന് ചർച്ച ചെയ്യുന്നത് ഉചിതമാണ്.

**2. പൗരോഹിത്യം: പഴയതും പുതിയതും**

പഴയനിയമ പൗരോഹിത്യത്തിന് നിയതമായ രൂപം ഉണ്ടാകും മുൻപ് ഓരോ വ്യക്തിയും അവന്റേതായ വ്യക്തിപരമായ ബലിയർപ്പണത്തിന് യോഗ്യതയുള്ളവരായിരുന്നു. ദൈവ തിരുമുമ്പാകെ പാപമോചനത്തിനും കൃതജ്ഞത അർപ്പണത്തിനുമായി ബലികൾ അവർ സമർപ്പിച്ചിരുന്നു. കായേൻ കായ്കനികൾ കൊണ്ടും ആബേൽ തന്റെ ആട്ടിൻകൂട്ടത്തിൽ നിന്നും മെച്ചമായതിനെയും ദൈവത്തിന് ബലി അർപ്പിച്ചു. കായേന്റെ അവിശ്വസ്തതയുടെ ബലി തിരസ്കരിക്കപ്പെടുകയും ആബേലിന്റെ സത്യസന്ധതയുടെ ബലി അംഗീകരിക്കപ്പെടുകയും ചെയ്തു (ഉല്പ. 4:1-7). തുടർന്ന് ഗോത്രപിതാക്കന്മാർ കുടുംബങ്ങൾക്ക് വേണ്ടി ബലി അർപ്പിച്ച് ദൈവബന്ധം ഉറപ്പിച്ചിരുന്നതായി കാണുന്നു. അബ്രഹാം തുടങ്ങിയ പിതാക്കന്മാരുടെ ബലിയർപ്പണം ഇത് വ്യക്തമാക്കുന്നു. ദൈവം ഇസ്രയേലിനെ ഒരു ജനതയായി രൂപാന്തരപ്പെടുത്താനുള്ള തന്റെ തീരുമാനം മോശയിലൂടെ നിറവേറ്റുന്നു. യാക്കോബിന്റെ മക്കളെ ഈജിപ്റ്റിന്റെ അടിമത്തത്തിലൂടെ നാനൂറ്റി മുപ്പത് വർഷങ്ങളിലെ ക്ലേശങ്ങളുടെ തീച്ചൂളയിലൂടെയാണ് ഒരു ജനതയും ശക്തിയുമാക്കി ദൈവം വാർത്തെടുക്കുന്നത്. രൂപീകരണത്തിന്റെ നാളുകൾ പൂർത്തീകരിക്കപ്പെടുമ്പോൾ മോശയുടെ നേതൃത്വത്തിൽ ഇസ്രയേൽ ഈജിപ്റ്റ് വിടുന്നത് പുളിപ്പില്ലാത്ത അപ്പത്തിന്റെ പെസഹാ തിരുനാൾ ആഘോഷിച്ചു കൊണ്ടാണ്. (പുറ.13 ). ഈ പെസഹാ തിരുനാളിന്റെ മുഖ്യ കാർമികർ അതാത് കുടുംബത്തിന്റെ തലവന്മാർ ആയിരുന്നു. സീനായ് മലയുടെ അടിവാരത്തിൽ മോശയുടെ അസാന്നിധ്യം ജനത്തെ ദുർബലരാക്കി പുറപ്പാട് 32-ാം അധ്യായത്തിൽ അവർ തങ്ങളുടേതായ ദൈവങ്ങൾക്ക് ജന്മം നൽകുന്നതിന്റെ ഭാഗമായി സ്വർണം കൊണ്ടുള്ള കാളക്കുട്ടിയെ വാർത്തെടുത്ത് ആരാധിക്കാൻ തുടങ്ങുന്നതായി കാണാം. മോശയുടെ അസാന്നിധ്യം ദൈവത്തിന്റെ അസാന്നിധ്യമായി ജനങ്ങളിൽ അനുഭവപ്പെട്ടു. ജനത്തിന്റെ ദുർബലതയ്ക്ക് കീഴ്പ്പെട്ടുപോകുന്ന അഹറോനോട് മോശ ചോദിക്കുന്ന ഹൃദയസ്പർശിയായ ഒരു ചോദ്യം ഉണ്ട് : 'നീ ഈ ജനത്തിന്റെ മേൽ ഇത്ര വലിയ പാപം വരുത്തി വെയ്ക്കാൻ അവർ നിന്നോട് എന്ത് ചെയ്തു?' (പുറ.32:21). ഈ ചോദ്യം പഴയതും പുതിയതുമായ പൗരോഹിത്യത്തിന്റെ നേരെ വിരൽ ചൂണ്ടുന്ന ഒരു ചോദ്യം ആണ് എന്നാദ്യമേ സൂചിപ്പിക്കട്ടെ. ജനത്തിന്റെ വീഴ്ച്ചയ്ക്ക് നിരന്തരം ഉത്തരം പറയേണ്ടവൻ ആണ് പുരോഹിതൻ എന്ന കാര്യം ഇവിടെ സൂചിപ്പിക്കുന്നു (സംഖ്യ.18:1).

പഴയ നിയമ പൗരോഹിത്യത്തിന്റെ ഉൽപ്പത്തി കൃത്യമായും ശാസ്ത്രീയമായും തെളിയിച്ചെടുക്കാൻ ആവില്ലെങ്കിലും വിഗ്രഹാരാധനയിലൂടെ അവിശ്വസ്തത കാട്ടിയ ജനത്തിന്റെ മേലുള്ള മോശയുടെ പ്രതികരണങ്ങളിൽ അദ്ദേഹത്തോട് ചേർന്ന് നിന്ന ഒരു ഗണമാണ് ലേവ്യർ. എല്ലാവരും യഹോവയോട് അവിശ്വസ്തത കാട്ടിയപ്പോഴും ലേവ്യർ മോശയോടും ദൈവത്തോടും വിശ്വസ്തതയോടെ ചേർന്ന് നിന്നു. ഈ അടിയുറച്ച വിശ്വസ്തത ആണ് ലേവ്യഗണത്തിന് പൗരോഹിത്യത്തിന്റെ അധികാരവും അവകാശവും കൈമാറാൻ മോശയെ ശക്തിപ്പെടുത്തിയത്. ദൈവത്തോടും സഭയോടും ഉള്ള അചഞ്ചലമായ വിശ്വസ്തത പഴയനിയമ പുതിയനിയമ പൗരോഹിത്യത്തിന്റെ അടിസ്ഥാനഘടകമായി കണക്കാക്കാം (മത്താ.24:45-47). വിശ്വസ്തനും വിവേകിയുമായ ഭൃത്യന്റെ ഉപമ നമ്മെ പഠിപ്പിക്കുന്നതും അത് തന്നെ. പൗരോഹിത്യ ശുശ്രൂഷ ദൈവത്തിന്റെ ദാനമായാണ് സ്വീകരിക്കപ്പെടുന്നത് (സംഖ്യ. 18:7).

ഇസ്രയേൽ യാഹോവയ്ക്ക് സമർപ്പിക്കുന്ന കാഴ്ചകൾ പുരോഹിതന്റെ ഓഹരി ആണ് (സംഖ്യ.18:8-20). ഇസ്രായേലിൽ നിന്നും ലഭിക്കുന്ന ദശാംശം പുരോഹിതരുടെ അവകാശം ആണ് (സംഖ്യ.18:21-25). പതിനൊന്ന് ഗോത്രങ്ങളും ഭൂമി കൈവശപ്പെടുത്തിയപ്പോൾ ആരാധനാലയങ്ങൾ മാത്രം സ്വന്തമാക്കിയ ദൈവമാണ് തങ്ങളുടെ ഓഹരി എന്ന് അവർ വ്യക്തമാക്കി.



പൗരോഹിത്യപരിശീലനത്തിലൂടെ മുന്നേറുന്നവർ

**3. പഴയനിയമ പൗരോഹിത്യ ധർമങ്ങൾ**

സമൂഹത്തിൽ ശക്തമായ അംഗീകാരവും സാധീനവുമുള്ള കൂട്ടരായിരുന്നു ലേവ്യ പുരോഹിതവർഗം. നാല് പ്രധാന ധർമങ്ങൾ പഴയ നിയമ പുരോഹിതൻ നിർവഹിക്കുതായി കാണുന്നു. ഓരോന്നും വളരെ ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നു.

**i) ദേവാലയത്തിന്റെ സൂക്ഷിപ്പുകാരൻ**

ദൈവം വസിക്കുന്നിടം ദേവാലയം, അത് പരിശുദ്ധമായി സംരക്ഷിക്കാനുള്ള കടമ പുരോഹിതന്റേതാണ്. പുരോഹിതൻ ദൈവത്തിനായി മാറ്റി വെയ്ക്കപ്പെട്ടവൻ ആയിരിക്കുതിനാൽ ദേവാലയത്തിൽ തന്നെ വസിക്കാനുള്ള പരിശുദ്ധി അവൻ നേടിയിരിക്കുന്നു. ദൈവം വസിക്കുന്ന പരിശുദ്ധിയുടെ വാസസ്ഥലം എന്ത് വില കൊടുത്തും സംരക്ഷിക്കുവാൻ പുരോഹിതൻ നിയോഗിക്കപ്പെടുന്നു.

**ii) ദൈവികമനസ്സ് പ്രഖ്യാപിക്കുവൻ**

തനിക്കു ലഭിച്ച പ്രത്യേക അവകാശവും അധികാരവും ഉപയോഗിച്ച് ദൈവത്തിന്റെ മനസ്സ് വായിച്ചറിയുകയും ദൈവേഷ്ടം എന്തെന്ന് ഔദ്യോഗികമായി ജനത്തോട് പ്രഖ്യാപിക്കുകയും ചെയ്യുവാനുള്ള അധികാരം. ഈ പൗരോഹിത്യ ധർമം നിറവേറ്റാൻ പഴയ നിയമ പുരോഹിതൻ ഒരു പ്രത്യേക തരം ഉപകരണം ഉപയോഗിച്ചിരുന്നു എന്ന് നമുക്ക് കാണാം ഉറീമും തുമ്മീമും എന്ന ഉപകരണം ഉപയോഗിച്ചാണ് പുരോഹിതൻ ദൈവമനസ്സ് വായിച്ചറിഞ്ഞിരുന്നത്. (പുറ.28:15-30, ലേവ്യ.8:7, 8; 1 സാമു.14:41 , 42; എസ്ര. 2:63). എന്നാൽ പിന്നീട് പ്രവാചകന്മാരുടെ വരവോടുകൂടി പുരോഹിതന് ഈ അധികാരം നഷ്ടപ്പെട്ടു. കാരണം പ്രവാചകന്മാർ ദൈവത്തിന്റെ മനസ്സ് നേരിട്ട് വായിച്ചറിയുകയും ജനങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

**iii) നിയമങ്ങൾ പഠിപ്പിക്കുവൻ**

ദൈവീകമനസ്സ് വായിച്ചറിയുന്ന പുരോഹിതൻ നിയമങ്ങൾ പഠിപ്പിച്ചിരുന്നു. സമൂഹത്തിൽ കൂടുതൽ കരുത്ത് നേടാൻ പുരോഹിതന് ഈ അധികാരം കാരണം ആക്കി. ജനങ്ങളുടെ ഇടയിലെ പല പ്രശ്നങ്ങളുടെയും ധാർമികത നിശ്ചയിച്ചിരുന്നത് പുരോഹിതന്മാർ ആയിരുന്നു. ഏതു കാര്യവും ധാർമികമോ അധാർമികമോ എന്ന് അധികാരത്തോടെ പ്രഖ്യാപിക്കാൻ ശക്തി ഉള്ളവർ ആയിരുന്നു പുരോഹിതർ. എന്നാൽ നിയമജ്ഞന്മാരുടെയും ദൈവശാസ്ത്രജ്ഞന്മാരുടെയും വരവോടെ ഈ അധികാരവും പുരോഹിതർക്ക് പിൽക്കാലത്ത് നഷ്ടപ്പെട്ടതായി കാണുന്നു. കാരണം നിയമജ്ഞർ കൂടുതൽ കൃത്യതയോടെ ദൈവമനസ്സിനെ വായിച്ചെടുക്കുവാൻ കഴിവുള്ളവർ ആയിരുന്നു.

(തുടർച്ച 6-ാം പേജിൽ)

---

വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ, നിങ്ങൾ നിരന്തരം പ്രാർത്ഥിക്കുവിൻ. ഇടതടവില്ലാതെ പ്രാർത്ഥിക്കുവിൻ. പ്രാർത്ഥന എന്നത് കേവലം നമ്മുടെ ആവശ്യങ്ങളും, കാര്യങ്ങളും നടക്കാൻ വേണ്ടിയുള്ള ഒരു അധര വ്യായാമം അല്ല മറിച്ച് പിതാവുമായി ഹൃദയപൂർവ്വമായ ഒരു ബന്ധം സ്ഥാപിക്കുന്നതാണ്. അങ്ങനെ പ്രാർത്ഥിക്കുന്നവർ ദൈവവുമായി ശാശ്വതമായി ഒരു ഉടമ്പടി സ്ഥാപിക്കുന്നു.

പൗരോഹിത്യ ജീവിതത്തിൽ ക്രിസ്തുവിന്റെ രക്ഷാകര ദൗത്യം മനസ്സിലാക്കി, ഇന്നലെകളിൽ വന്ന കുറവുകൾ ഇന്നത്തെ ജീവിതത്തിൽ സന്തോഷത്തോടെ തിരിച്ചറിഞ്ഞ് പ്രവർത്തിച്ച് മുന്നേറി, നാളെയെ പ്രതീക്ഷയോടെ കാത്തിരുന്ന് നല്ല അജപാലനം നടത്തുക. ഏതുവെല്ലുവിളിയും അതിജീവിക്കാൻ പൗരോഹിത്യ ജീവിതത്തിൽ ദൈവം കൃപ നൽകിയിരിക്കുന്നു, ആയതിനാൽ വി. പൗലോസ് പറഞ്ഞതുപോലെ എനിക്ക് ജീവിതം ക്രിസ്തുവും, മരണം നേട്ടവും ആകുന്നു.

"സമുദ്രത്തിന്റെ നടുവിലും ലോകത്തിന്റെ ഇരുട്ടിലും യാത്രചെയ്യുന്ന ഭൗതികർ നാശത്തിൽ നിന്ന് രക്ഷപ്പെടാനായി ഉറ്റുനോക്കുന്ന മുന്നറിയിപ്പുകളുടെ ദീപസ്തംഭമായിരിക്കണം ഒരു പുരോഹിതൻ" (വി. ചാൾസ് ബാക്കോമിയോ). 'കുറ്റകൃത്യങ്ങളുടെ ന്യായാധിപനായിട്ടോ, കഠിനശിക്ഷ വിധിക്കുന്നവനായിട്ടോ അല്ല പുരോഹിതൻ കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നത്. മറിച്ച് രോഗങ്ങളെ സുഖപ്പെടുത്തുന്ന വിധികർത്താക്കളായാണ്" (വി. വിക്ടർ).

www.malankaralibrary.com

( ...... 5-ാം പേജിൽ നിന്നും തുടർച്ച)

**iv ) ബലിയും ആചാരാനുഷ്ഠാനങ്ങളും നിറവേറ്റുന്നവൻ**

ദൈവജനത്തിന്റെ പാപങ്ങൾക്ക് പരിഹാരമായി ജനത്തിന് വേണ്ടി ബലി അർപ്പിക്കാൻ പുരോഹിതൻ നിയോഗിക്കപ്പെടുന്നു. ബലിഅർപ്പണത്തിലും ആരാധനാവിധികളിലും ആചാരാനുഷ്ഠാനങ്ങളിലും പുരോഹിതൻ അവസാന വാക്കായിരുന്നു. മറ്റു മൂന്നു ഔദ്യോഗിക കർമ്മങ്ങളിൽ നിന്നും കാലക്രമേണ ഒഴിവാക്കപ്പെട്ട പുരോഹിതൻ ബലിയിലും ആചാരാനുഷ്ഠാനങ്ങളുടെ കർമ്മമണ്ഡലങ്ങളിലും ഒതുക്കപ്പെട്ടു. ജനത്തിന്റെ പാപമോചനം ദൈവത്തിൽ നിന്നും ഏറ്റു വാങ്ങുന്ന ഔദ്യോഗിക വർഗ്ഗമായി പുരോഹിത വർഗ്ഗം മാറ്റപ്പെട്ടു. അങ്ങനെ മൃഗബലികളിലൂടെ പുരോഹിതൻ ജനത്തിന്റെ പാപങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ജനത്തെ വിശുദ്ധീകരിക്കുകയും ചെയ്തിരുന്നു. നിഷ്കളങ്ക മൃഗങ്ങളുടെ രക്തത്തിലൂടെ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുകയും ചെയ്തു.

ഇപ്രകാരം ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുക്കപ്പെട്ട ഒരു പൗരോഹിത്യ മേധാവിത്വത്തിന്റെ കാലത്താണ് ക്രിസ്തു നിശിതമായ ഭാഷയിൽ പുരോഹിതരെ വിമർശിക്കുന്നതും കുറ്റപ്പെടുത്തുന്നതും. ദൈവമനുഷ്യമനസ്സുകൾ വായിച്ചെടുക്കാനുള്ള കഴിവ് നഷ്ടപ്പെട്ട പുരോഹിതവർഗ്ഗം ചില ആചാരങ്ങളുടെ നിർവഹണം മാത്രം ശ്രദ്ധിക്കുകയും സാധാരണക്കാരിൽ വലിയ ഭാരങ്ങൾ കെട്ടി വെയ്ക്കുകയും ചെയ്തിരുന്നു. ഇപ്രകാരമുള്ള പൗരോഹിത്യം അപ്രസക്തവും അരോചകവും ദൈവമുൻപാകെ ശാപത്തിന്റെ അടയാളവും ആണെന്ന് യേശുക്രിസ്തുവിന്റെ പ്രതികരണങ്ങളിൽ നിന്നും നാം വായിച്ചെടുക്കുന്നു. ഇത്തരത്തിൽ പഴയതിൽ നിന്നും പുതിയതിലേക്കുള്ള മാറ്റം എന്താണെന്ന് പരിശോധിക്കാം.

**4. പഴയതിൽ നിന്നും പുതിയനിയമ പൗരോഹിത്യത്തിലേക്കുള്ള മാറ്റം.**

പഴയനിയമ പൗരോഹിത്യത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തീയ പൗരോഹിത്യത്തെ നമ്മൾ ചർച്ചയ്ക്ക് വിധേയമാക്കുന്നു. എന്തു തരം തുടർച്ചയാണ്, എന്തു വ്യത്യസ്ഥതയാണ് ക്രിസ്തീയ പൗരോഹിത്യത്തിൽ നമ്മൾ കാണുന്നത് എന്ന് ചുരുക്കമായി ചർച്ച ചെയ്യാം.

i) ഭൗതീക ദേവാലയം അദൃശ്യനും സർവശക്തനുമായ ദൈവത്തിന്റെ വാസസ്ഥലമായി കരുതുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. യാഹൂദരോടുള്ള യേശുക്രിസ്തുവിന്റെ പ്രഖ്യാപനം തികച്ചും നടുക്കം ഉളവാക്കുന്നതും ഭക്തന്മാർ ആരെയും പ്രകോപിപ്പിക്കുന്നതും ആയിരുന്നു:

'നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനുള്ളിൽ ഞാൻ അത് പുനരുദ്ധരിക്കും' (യോഹ.2:19). നാൽപത്തിയാറ് നീണ്ട സംവത്സരങ്ങൾ കൊണ്ട് തങ്ങളുടെ പൂർവികർ ഭംഗിയായി പണി തീർത്ത ദൈവത്തിന്റെ ആലയം നശിപ്പിക്കണമെന്ന ആഹ്വാനം, യേശുക്രിസ്തുവിന്റെ നിലപാടുകൾ തികച്ചും അവിശ്വസനീയവും മാറ്റങ്ങൾ ഉൾക്കൊള്ളുന്നതുമാണ് എന്ന സൂചന തന്റെ സുവിശേഷത്തിന്റെ ആരംഭത്തിൽ തന്നെ യോഹന്നാൻ നൽകുന്നു. മാത്രമല്ല, ഈശോയെ മരണശിക്ഷയ്ക്ക് ഏൽപ്പിച്ചു കൊടുക്കുവാനുള്ള പരസ്യമായ തെളിവും ഇതിലുണ്ട്. ഈ പ്രഖ്യാപനത്തിൽ സംഹാരവും സൃഷ്ടിയും ഒരുമിച്ചു പോകുന്നു.

ഭൗതീക ദേവാലയ സംഹിതകളിൽ നിന്നും ദൈവസാന്നിധ്യത്തെ മനുഷ്യ ശരീരത്തിലേയ്ക്ക് പറിച്ചു മാറ്റുന്ന ഒരു പ്രക്രിയ ഇവിടെ സ്പഷ്ടമാണ്. 'തന്റെ ശരീരമാകുന്ന ആലയത്തെ പറ്റിയാണ്,' അവൻ പ്രഖ്യാപിച്ചത് (യോഹ.2:21) എന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. ഭൗതിക സാന്നിധ്യങ്ങളിൽ നിന്നും ആത്മീയമായ സാന്നിധ്യത്തിലേക്കുള്ള ഒരു മാറ്റം അതിന്റെ പൂർണതയിൽ വെളിവാക്കപ്പെടുന്നു. A Shift from Temple to Body. തന്റെ ശരീരത്തെ ദൈവീകസാന്നിധ്യത്തിന്റെ ആലയമായി രൂപാന്തരപ്പെടുത്തുമ്പോൾ പഴയ നിയമ ബലികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പുതിയ ബലി അർപ്പണത്തിനു കൂടി തുടക്കം കുറിക്കുന്നു. ക്രിസ്തു ആരംഭം കുറിക്കുന്ന പുതിയ പൗരോഹിത്യവും പുതിയ ബലി അർപ്പണവും ഇവിടെ വ്യക്തമാക്കുന്നു.

ii) ദേവാലയ ശുദ്ധീകരണ സമയം യേശുക്രിസ്തു ശ്രദ്ധിച്ചത് നാണയമാറ്റക്കാരെയും കാള, ആട്, പ്രാവ് എന്നിവ വിൽക്കുന്നവരെയും പുറത്താക്കുന്നതിലാണ്. ഈ പ്രവൃത്തി വ്യക്തമായും സൂചിപ്പിക്കുന്നത് ഇനിമേൽ മൃഗബലികളില്ല എന്നതാണ്. കാരണം ബലി അർപ്പണത്തിനുള്ള വസ്തുക്കൾ എല്ലാം തന്നെ അവൻ പുറത്താക്കുന്നു. ഇനി മേൽ പാപമോചനം നിഷ്കളങ്ക മൃഗങ്ങളുടെ രക്തത്തിലൂടെ അല്ല, മറിച്ച് ക്രിസ്തുവിന്റെ ജീവരക്തത്തിലൂടെ എന്ന് എന്നേക്കുമായി ഉറപ്പ് നൽകുന്നു (ഹെബ്രാ. 9:12).

iii) പഴയനിയമ പൗരോഹിത്യത്തിന്റെ അവസാന കണ്ണിയായ സക്കറിയ എന്ന പുരോഹിതന് സ്നാപകയോഹന്നാന്റെ ജനനത്തെ പറ്റിയുള്ള ദൈവീക അറിയിപ്പ് ലഭിക്കു സ്ഥലം പുരോഹിതന്മാർക്ക് മാത്രം പ്രവേശനം ഉള്ള ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്ത് വെച്ചാണ് (ലൂക്കാ.1:5-17). അതേ സമയം പരിശുദ്ധ കന്യാമറിയത്തിന് യേശുവിന്റെ ജനനത്തെ പറ്റിയുള്ള ദൈവീക അരുളപ്പാട് ലഭിക്കുന്ന സ്ഥലം കാര്യമായ മേൽവിലാസം പറയാനില്ലാത്ത ഒരു ഗ്രാമ പ്രദേശത്തു വെച്ചാണ്, ദേവാലയത്തിൽ വെച്ചല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല പുരുഷ മേധാവിത്വം ശക്തമായ ഒരു സമൂഹത്തിൽ ദൈവീക അരുളപ്പാട് ഒരു പുരോഹിതനോ പുരുഷനോ അല്ല, മറിച്ച് ഒരു സാധാരണക്കാരി സ്ത്രീക്കാണ് (ലൂക്കാ.1:26-33). വിശുദ്ധ ലൂക്കാ ഈ രണ്ടു സംഭവങ്ങളെ തന്റെ ആദ്യ അധ്യായത്തിൽ തന്നെ രേഖപ്പെടുത്തുന്നു.

സ്നാപകന്റെ ജനനത്തിന്റെ അറിയിപ്പ് പഴയ നിയമത്തിന്റെ അവസാന പുരോഹിതനും ലോകരക്ഷകന്റെ ജനനത്തിന്റെ അറിയിപ്പ് പുതിയ നിയമത്തിന്റെ ആരംഭ സംഭവവുമായി കാണുന്നു. അതിവിശുദ്ധമായി മാറ്റി വെയ്ക്കപ്പെട്ട ദൈവസാനിദ്ധ്യത്തിന്റെ ആലയത്തിൽ അല്ല സമൂഹത്തിൻെറ മുഖ്യധാരയിലില്ലാത്ത ഒരു പാവപ്പെട്ട കന്യകയോട് ഗലീലയിലെ ഒരു കുഗ്രാമത്തിൽ ദൈവം തന്റെ അരുളപ്പാട് നൽകുന്നു. ഈ രണ്ടു വചനിപ്പുകളിൽ ഏറ്റവും വിശിഷ്ടമായത് കന്യകാ മറിയത്തോടുള്ള അറിയിപ്പാണ് എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

iv) യേശുവിന്റെ രക്ഷാകരമായ കുരിശുമരണ സമയം ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലം മറയ്ക്കുന്ന തിരശ്ശീല രണ്ടായി കീറി (ലൂക്കാ.23:45). ഈ സംഭവം പുതിയ ബലിക്കും പൗരോഹിത്യത്തിനും തുടക്കം കുറിക്കുന്നു. യേശുക്രിസ്തു ദേവാലയത്തേക്കാളും അതിന്റെ പൗരോഹിത്യത്തേക്കാളും ഉപരിയാണെന്ന് പ്രഖ്യാപിക്കുന്നു. യോഹ. 2:19-21; മത്താ.12:6, മർക്കോ.14:58, മത്താ.12:4 ff. ക്രിസ്തു തന്റെ ശരീരത്തെ യഥാർത്ഥ ദേവാലയമായി അവതരിപ്പിക്കുന്നു; അതുകൊണ്ട് തന്നെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ദൈവം വസിക്കുന്ന പരിശുദ്ധിയുടെ ആലയങ്ങൾ ആണ് (1 കോറി. 3:16,17).

നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയങ്ങളും (2കോറി. 6:16) പരിശുദ്ധാത്മാവിന്റെ ആലയങ്ങളും ആകുന്നു (1 കോറി. 6:19). യഥാർത്ഥ ആലയത്തിൽ മാത്രമാണ് സത്യത്തിലുള്ള ബലിയർപ്പണം സാധ്യമാകുന്നത് (ഹെബ്രാ. 10:5-10). യേശുക്രിസ്തു സത്യത്തിലും ആത്മാവിലുമുള്ള ആരാധനയ്ക്ക് തുടക്കം കുറിക്കുന്നു (യോഹ.4:23, 24). യേശു തന്റെ രക്ഷാകരമായ കുരിശുമരണത്തിന് തിരഞ്ഞെടുക്കുന്ന സമയം ഏറെ നിർണായകം ആണ്. ഈജിപ്റ്റിൽ നിന്ന് ഇസ്രയേൽ പുറപ്പെടും മുൻപ് പെസഹാകുഞ്ഞാടിനെ ബലിയർപ്പിച്ച് പഴയ പൗരോഹിത്യ കർമ്മാനുഷ്ഠാനങ്ങൾക്ക് നിയതമായ രൂപം നൽകപ്പെട്ടു. മഹത്തായ പെസഹാതിരുനാളിന്റെ സന്ധ്യയിൽ ലോകത്തിന്റെ പാപം നീക്കാൻ ദൈവത്തിന്റെ പുതിയ പെസഹാകുഞ്ഞാടായി മിശിഹാ സ്വയം ബലി അർപ്പിക്കപ്പെടുന്നു. ഇത് പുതിയ ബലിക്കും പുതിയ പൗരോഹിത്യത്തിനും തുടക്കമാകുന്നു (പുറ.12:7; 13:2 ff ; 1 കോറി. 5:7; മത്താ.14:24; മർക്കോ. 10:45;1 പത്രോ. 1:18,19). ക്രിസ്തു യഥാർത്ഥ പെസഹ കുഞ്ഞാടാകുന്നു. 1 കോറി. 5:7 കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാട് (1 പത്രോ.1:19-21; ഹെബ്രാ.9:14). ബലിയും പുരോഹിതനും പൂർണമാകുന്നത് ക്രിസ്തുവിന്റെ നിത്യപൗരോ ഹിത്യത്തിലാണ്.

**vi) മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള നിത്യപൗരോഹിത്യം**

ദൈവസാന്നിധ്യത്തെ ഭൗതീക ദേവാലയത്തിൽ ഒതുക്കി ആത്മീയതയുടെ ഹൃദയം നഷ്ടപ്പെട്ട് ആചാരാനുഷ്ഠാനങ്ങളിൽ ഒതുക്കപ്പെട്ട പൗരോഹിത്യം എന്നും, ക്രിസ്തുവിന്റെ രൂക്ഷ വിമർശനങ്ങൾക്ക് വിധേയമായിരുന്നു. മെൽക്കിസെദെക്ക് സാലെമിലെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായിരുന്നു. അബ്രാമിനെ ആശീർവദിക്കുകയും അബ്രാമിൽ നിന്നും പൗരോഹിത്യത്തിന്റെ അവകാശമായി ദശാംശം സ്വീകരിക്കുകയും ചെയ്തിരുന്നു . ഉല്പ.14:17-20. ആരംഭമോ അവസാനമോ ഇല്ലാത്ത മനുഷ്യജന്മത്തിന്റെ തലമുറകൾ കൊണ്ട് ബന്ധിതമാകാത്ത നിത്യപൗരോഹിത്യം ക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തിന്റെ അടയാളമായിരുന്നു സങ്കീ.110:4. പുരോഹിത ഗോത്രത്തിനു പുറത്ത് ജനിച്ച ക്രിസ്തുവിന്റെ പൗരോഹിത്യം ലേവ്യ പൗരോഹിത്യത്തിന്റെ പിന്തുടർച്ച അല്ല; മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള സമാധാനത്തിന്റെ നിത്യപൗരോഹിത്യമാണ് (ഹെബ്രു.7).

**vii) ദൈവീകാധികാരത്തിന്റെ കൈമാറ്റം**

ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഏറ്റവും മർമ്മ പ്രധാനമായ ഭാഗം ദൈവീകാധികാരത്തിന്റെ മനുഷ്യകരങ്ങളിലേക്കുള്ള കൈമാറ്റം ആണ്. രണ്ട് സുപ്രധാന കാര്യങ്ങൾ നമ്മൾ ഇവിടെ കാണുന്നു. ഒന്നാമതായി പാപം മൂലം നഷ്ടപ്പെട്ട ദൈവീക ജീവൻ (ഉല്പ. 2:7) തിരിച്ചു തരാൻ മനുഷ്യാവതാരം എടുത്ത മിശിഹ തന്റെ ഉത്ഥാന ശേഷം ശ്ലീഹന്മാരെ അടുത്ത് വിളിച്ചു അവരുടെ ശിരസ്സുകളിൽ നിശ്വസിച്ചുകൊണ്ട് (യോഹ. 20:22) പരിശുദ്ധാത്മാവിനെ ദാനമായി നൽകുന്നു. രണ്ട് കൂദാശകളിൽ മാത്രമാണ് പരിശുദ്ധാത്മാവിനെ നിശ്വാസത്തിലൂടെ നൽകപ്പെടുന്നത്; മാമോദീസയിലും തിരുപ്പട്ടത്തിലും. മാമോദീസായിലൂടെ നൽകപ്പെടുന്നത് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കു ചേരലാണ്. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവർ പുരോഹിത ജനമായി മാറുന്നു. തിരുപ്പട്ടത്തിലൂടെ മെത്രാൻ അർത്ഥിയുടെ മേൽ നിശ്വസിച്ചു കൊണ്ട് പരിശുദ്ധാത്മാവിനെ ദാനമായി കൊടുക്കുന്നു. ഇവിടെ ദൈവത്തിന് മാത്രം മാറ്റി വെയ്ക്കപ്പെട്ട പാപമോചനത്തിന്റെ അധികാരം (മർക്കോ. 2:57) മനുഷ്യന്റെ ബലഹീന കരങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു (യോഹ.20:23). ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെട്ടിരിക്കും, ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും. പരിശുദ്ധാതമാവിൽ നിറഞ്ഞു പാപങ്ങൾ മോചിക്കാനുള്ള അധികാരം ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഏറ്റം സുന്ദരമായ ഭാവമാണ്. ക്രിസ്തു പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിക്കുകയും ക്രൂശുമരണം ഏറ്റെടുക്കയും ചെയ്തു.

മൃഗങ്ങളുടെ ബലിഅർപ്പണത്തിലൂടെ പാപം മറക്കപ്പെട്ട പഴയനിയമ വ്യവസ്ഥിതി അല്ല; മറിച്ച് ക്രിസ്തുവിനെ രക്തത്തിലൂടെ നേടിയ പാപമോചനത്തിന് നിത്യമായ അനുഭവമാണ് പുതിയ നിയമ പൗരോഹിത്യത്തിന്റെ ആസ്വാദ്യത (ഹെബ്രാ. 9:12-14) പഴയതിൽ നിന്നും പുതിയത്തിലേക്കുള്ള മാറ്റത്തിന്റെ ചില വ്യക്തമായ അടയാളങ്ങൾ ആണ് നമ്മൾ ചർച്ചചെയ്തത്. യേശുക്രിസ്തു ഒരു പുരോഹിതൻ ആയിരുന്നോ എന്നും പൗരോഹിത്യബോധ്യം ക്രിസ്തുവിലുണ്ടായിരുന്നോ എന്നും ചർച്ച ചെയ്യുന്നത് ഉചിതമാണ്.

**5. ക്രിസ്തുവിൻെറ പൗരോഹിത്യ ബോധ്യം**


ലേവ്യകുടുംബത്തിന് പുറത്തു പിറന്ന യേശുക്രിസ്തുവിനു പൗരോഹിത്യം വംശപരമായി ലഭിച്ചില്ലെന്ന് വെളിവാക്കുന്നു. പുതിയ നിയമം ക്രിസ്തുവിനെയോ അവന്റെ ശ്ലീഹന്മാരെയോ പുരോഹിതൻ എന്ന വിളിച്ചു കാണുന്നില്ല. ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കാനുള്ള യോഗ്യത പുരോഹിതനു മാത്രമാണ് എന്ന കാര്യം ലൂക്കാ സുവിശേഷകൻ തന്റെ ആരംഭ അധ്യായത്തിൽ തന്നെ പുരോഹിതനായ സഖറിയായുടെ വചനിപ്പ് സംഭവത്തിലൂടെ വ്യക്തമാക്കുന്നു. ക്രിസ്തു ഒരിക്കലും അപ്രകാരം അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുകയോ ആചാരാനുഷ്ഠാനങ്ങൾ പ്രകാരം മൃഗബലിയർപ്പിക്കുകയോ ചെയ്തു കാണുന്നില്ല. ഇങ്ങനെ നോക്കുമ്പോൾ ക്രിസ്തുവിനെ പഴയനിയമ പൗരോഹിത്യ വിധിപ്രകാരം ഒരു പുരോഹിതൻ എന്ന് വിളിക്കാനാവില്ല. പിന്നെ എങ്ങനെ ക്രിസ്തു നിത്യ പുരോഹിതനാകും എന്ന് പരിശോധിക്കുന്നത് ഉചിതമാണ്.

കുഷ്ഠ രോഗിയെ തൊട്ടു സൗഖ്യമാക്കിയ ക്രിസ്തു അവനോടു ആവശ്യപ്പെട്ടത് നീ നിന്നെതന്നെ പുരോഹിതന് കാണിച്ചു കൊടുക്കുകയും ആചാരവിധി പ്രകാരമുള്ള കാഴ്ചകൾ അർപ്പിക്കുവാനും ആണ്. (മാർക്കോ.1:44). ഈ സംഭവത്തിലൂടെ സൗഖ്യം നല്കാനാവാത്ത ഒരു പൗരോഹിത്യത്തിന് മുമ്പിൽ സൗഖ്യത്തിന്റെ അധികാരമുള്ള വിശിഷ്ട പൗരോഹിത്യത്തിന്റെ അടയാളമായി ക്രിസ്തു നിലകൊള്ളുന്നു. അവന്റെ രക്ഷാകരമായ ക്രൂശുമരണ സമയം അതിവിശിഷ്ട സ്ഥലത്തിന്റെ മറ രണ്ടായി കീറുന്നു ഇത് പഴയ ദേവാലയചിന്തകളെയും ബലിയെയും പൂർണമായി മാറ്റിയിരിക്കുന്നു എന്ന സൂചന വ്യക്തമാക്കുന്നു (ലുക്കാ. 23:45 ൽ). ക്രിസ്തു ഒരു പുതിയ ഉടമ്പടിക്കു തുടക്കമിട്ടിരിക്കുന്നു എന്ന് വ്യക്തമാക്കുന്ന ചില പൗരോ

(തുടർച്ച 10-ാം പേജിൽ)

www.malankaralibrary.com

മുഖമൊഴി



# പൗരോഹിത്യം വിചാരണ ചെയ്യപ്പെടുമ്പോൾ

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘാംഗം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

ഓരോ ക്രൈസ്തവന്റെയും ജീവിതം പൗരോഹിത്യവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ജനനം മുതൽ മരണം വരെയുള്ള യാത്രയിൽ ഓരോ വ്യക്തിയുടെയും ആത്മീയ ജീവിതവും, ലൗകികജീവിതവും ചിട്ടപ്പെടുത്തുന്നത് ഒരു വൈദികന്റെ സഹായത്തോടെയാണ്. അതുകൊണ്ട് പൗരോഹിത്യമില്ലാത്ത ഒരു സഭയെപ്പറ്റി, സമൂഹത്തെപ്പറ്റി ചിന്തിക്കുക ബുദ്ധിമുട്ടാണ്. രക്ഷാകരപദ്ധതിയിൽ ദൈവം തന്റെ ജനത്തെ "പുരോഹിതരാജ്യവും, വിശുദ്ധ ജനതയുമായി" സ്ഥാപിച്ചു. ലേവിഗോത്രത്തെ ശുശ്രൂഷക്കായി പ്രത്യേകം നിയോഗിച്ചതുപോലെ പുതിയനിയമത്തിൽ പുരോഹിതരെ അഭിഷേകം ചെയ്തിരിക്കുന്നു. ദൈവവചനം പ്രഘോഷിക്കുവാനും, കൂദാശകൾ പരികർമ്മം ചെയ്യുവാനും, ജനത്തെ ആത്മീയമായ നേതൃത്വത്തിലൂടെ വിശുദ്ധിയിലേക്ക് നയിക്കുവാനുമുള്ള ഉത്തരവാദിത്തമാണ് പുരോഹിതരിൽ നിക്ഷിപ്തമായിരിക്കുന്നത്.

ഏതാനും ചില വ്യക്തികളുടെ വീഴ്ചകളുടെ പേരിൽ ഇന്ന് പൗരോഹിത്യം നിരന്തരം പിച്ചിച്ചീന്തപ്പെട്ട് വിചാരണ ചെയ്യപ്പെടുകയാണ്. ഇത് സഭയ്ക്ക് പുറത്തുനിന്നും, അകത്തുനിന്നും ഒരുപോലെ സംഭവിക്കുന്നു. ഒരു പക്ഷേ ഈ വിചാരണകൾ പൗരോഹിത്യത്തിന്റെ അർത്ഥവും, വ്യാപ്തിയും കൂടുതൽ ഗൗരവമായി കാണാൻ സഹായിച്ചേക്കും.

ആധുനിക കാലഘട്ടത്തെ സത്യാനന്തര (post truth) കാലഘട്ടം എന്ന് വിശേഷിപ്പിക്കപ്പെടുന്നു. അർദ്ധസത്യങ്ങളെ സത്യമായി അവതരിപ്പിക്കുക എന്നതും, കാര്യകാരണങ്ങൾക്കതീതമായി, വികാരങ്ങളെ തൃപ്തിപ്പെടുത്തുന്ന കാര്യങ്ങൾ വാസ്തവമായി ചിത്രീകരിക്കുന്നതും ഈ ചിന്താസരണിയുടെ പ്രത്യേകതയാണ്. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ ഇത് കഴിഞ്ഞ കുറെ നാളുകളായി വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യമാധ്യമങ്ങളുടെ കൗശലപൂർണമായ ഉപയോഗത്തിലൂടെ ഇത് എല്ലാ രംഗങ്ങളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ശരിയും തെറ്റും ആപേക്ഷികമല്ലാതായിരിക്കുന്നു. ഒരു വ്യക്തിയുടെ സ്വകാര്യ സുഖം ശരിയും തെറ്റും തീരുമാനിക്കുന്നു. ഈ ചിന്താധാര വ്യാപകമാകുന്നതോടുകൂടി ധാർമ്മിക സമീപനം സ്വീകരിക്കുന്നവരെല്ലാം പിന്തിരിപ്പന്മാരായി തീരുന്നു. ഇതിൽ ബുദ്ധിജീവിചമയാൻ ആഗ്രഹിക്കുന്നവർ എല്ലാ നല്ലതിനെയും ആക്രമിക്കുന്നു. തിരിച്ചടിക്കുന്നതിനോ, സ്വയം പ്രതിരോധിക്കുന്നതിനോ സാധിക്കാത്തവരെ ഇവർ നിർദ്ദാക്ഷണ്യം വിമർശിക്കുന്നു.

ആധുനിക കാലഘട്ടത്തിൽ ശാസ്ത്രം വളർന്നു എന്ന് നാം അവകാശപ്പെടുപ്പോഴും, ആഭിചാരകർമ്മങ്ങളും, സാത്താൻ സേവയും, ബ്ലാക്ക് മാസ്സും ഒക്കെ യുവജനങ്ങളെ അടിമപ്പെടുത്തുന്നു. ഇതിന്റെ പ്രയോക്താക്കൾക്ക് പൗരോഹിത്യത്തെ താറടിക്കുക എന്നത് അവരുടെ നിലനിൽപ്പിന്റെ ആവശ്യം ആണ്. "ഡാവിഞ്ചി കോഡ്" പോലെയുള്ള കൃതികളുടെ പ്രചാരം ഇതിനു തെളിവാണ്. കത്തോലിക്കാസഭയെയും, പൗരോഹിത്യത്തെയും അടുത്തറിയാത്തവർക്ക് അതിൽ പറയുന്നതെല്ലാം ശരിയാണെന്നുതോന്നും. ഇങ്ങനെ ഒരു തലമുറയെ മസ്തിഷ്ക പ്രക്ഷാളനത്തിനു വിധേയമാക്കുന്നു. ബാഹ്യകാരണങ്ങളെപ്പറ്റി നാം ചിന്തിക്കുന്നതുപോലെതന്നെ പൗരോഹിത്യം ഒരു സ്വയം വിമർശനത്തിനും വിധേയമാക്കണം. വ്യക്തികളായും, സമൂഹമായും ഈ പരിശോധന നടത്തുമ്പോൾ പല അപഭ്രംശങ്ങളും വേഗം പരിഹരിക്കുവാൻ സാധിക്കും. പരിശുദ്ധ ഫ്രാനസിസ് മാർപാപ്പ "ക്രിസ്തു ജീവിക്കുന്നു" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ വ്യക്തമാക്കുന്നതുപോലെ, സമൂഹം ഒരു എളിമയുള്ള സഭയെ പ്രതീക്ഷിക്കുന്നു. സഭയുടെ ഈ എളിമ, വിനയം, തന്റെ പുരോഹിതരിലൂടെയാണ് പ്രതിഫലിക്കുന്നത്. ഈ എളിമ നഷ്ടപ്പെടുന്നത് സമൂഹം വേഗം മനസ്സിലാക്കും. സഭയുടെ സ്ഥാപനവൽക്കരണം അപകടകരമായ നിലയിൽ എത്തിയിരിക്കുന്നു. സ്ഥാപനത്തിന്റെ ചുമതലയുള്ളവർ സ്ഥാപനം മികച്ച നിലയിൽ എത്തിക്കാൻ ചിന്തിക്കുമ്പോൾ, കാതലായ ദൈവവിളിയുടെ കൃപ ചോർന്നുപോകുന്നു. സ്ഥാപനങ്ങൾ നടത്തുമ്പോൾ എല്ലാവരെയും തൃപ്തിപ്പെടുത്തുക അസാധ്യമാണ്. ചിലരെയെങ്കിലും ശത്രുപക്ഷത്തേക്കു തള്ളിനീക്കും. സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിക്കുംതോറും ശത്രുക്കളുടെ എണ്ണവും വർദ്ധിക്കും. സ്ഥാപനമേധാവി തന്റെ പ്രകടനത്തിൽ കൂടുതൽ മികവിനുവേണ്ടി ശ്രദ്ധിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ മന്ദീഭവിക്കുന്നു. സമൂഹമധ്യത്തിൽ പൗരോഹിത്യം വിമർശനവിധേയമാകാതിരിക്കുന്നതിനുള്ള ഒരു വിവേചനാശക്തി എല്ലാ രംഗങ്ങളിലും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ നാട്ടിൽ നടക്കുന്ന പല ചാനൽ ചർച്ചകളിലും പങ്കെടുക്കുന്ന പലർക്കും കത്തോലിക്ക പൗരോഹിത്യത്തിന്റെ ബാലപാഠങ്ങൾപോലും അറിയാത്തവരാണ്. പൗരോഹിത്യവും സന്യാസവും തമ്മിലുള്ള ബന്ധവും, വ്യത്യാസവും അറിയാത്തവർ അത് കൂട്ടികുഴച്ചു പുകമറ സൃഷ്ടിക്കുന്നു. ഇത് ശരിയായി ഗ്രഹിക്കാൻ ത്രാണിയില്ലാത്തവർ വഴിതെറ്റിക്കപ്പെടുന്നു. ക്രൈസ്തവ നാമധാരികൾ, സഭയെ വെറും ഒരു സാമൂഹിക സംഘടനയായി കണ്ടുകൊണ്ടാണ് പൗരോഹിത്യത്തെ വിമർശിക്കുന്നത്. വിശുദ്ധ ജോൺ വിയാനിയുടെ വാക്കുകളിൽ നാം ഇപ്രകാരം കാണുന്നു. "മതത്തെ നശിപ്പിക്കാൻ ഒരുവൻ ആഗ്രഹിച്ചാൽ അയാൾ വൈദികരെ ആക്രമിച്ചുകൊണ്ടുതുടങ്ങുന്നു. എന്നാൽ എവിടെ വൈദികരില്ലയോ അവിടെയെല്ലാം ബലികളും ഇല്ലാതാകുന്നു. എവിടെ ബലികളില്ലാതാകുന്നുവോ അവിടെ മതവും ഇല്ലാതാകുന്നു". ബലികളും പൗരോഹിത്യവും പരിശുദ്ധിയിൽ നിലനിൽക്കേണ്ടത് മാനവരാശിയുടെ സുഗമമായ പുരോഗതിക്കു അനിവാര്യമാണ്.

പൗരോഹിത്യം വിമർശന വിധേയമാകുമ്പോൾ, പുരോഹിതർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകൾ സജീവമാക്കേണ്ടിയിരിക്കുന്നു. ക്രിസ്തുനാഥന്റെ പീഡാസഹനങ്ങളോട് ചേർത്തുവച്ചു നമ്മുടെ പുരോഹിതർക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കാം. വൈദികരോടും സഭയോടും ചേർന്ന് പ്രവർത്തിക്കുന്നവർ എന്ന നിലയിൽ ഇത് സുവിശേഷസംഘാംഗങ്ങളുടെ ഒരു ഉത്തരവാദിത്തവും കടമയും ആണ്. അത് നമ്മുടെ ദിനംപ്രതിയുള്ള പ്രാർത്ഥനകളുടെ ഒരു ഭാഗം ആക്കാം.

ധ്യാനചിന്ത



# ആട്ടിൻ പറ്റത്തിലെ ആട്ടിൻകുട്ടി

**ഫാ. മാത്യു ചിറയിൽ**
സഭാതലസുവിശേഷസംഘാംഗം,
തിരുവല്ല അതിഭദ്രാസനം

പലസ്തീനായിലെ ജനങ്ങളുടെ പ്രധാന തൊഴിൽ ആടുവളർത്തലാണ്. ആട്ടിടയന്മാർ താരതമ്യേന സമ്പന്നർ. അവരുടെ ജീവിതവുമായി ബന്ധപ്പെടുത്തി യേശു കാണാതെപോയ ഒരാടിന്റെ ഉപമ പഠിപ്പിച്ചു. ഒരിടയന് 100 ആടുകൾ ഉണ്ടായിരുന്നു. ഒരു ദിവസം ഒരാടിനെ നഷ്ടപ്പെട്ടു. ആ നല്ലയിടയൻ 99 നെയും മരുഭൂമിയിൽ വിട്ടിട്ട് നഷ്ടപ്പെട്ടതിനെ തേടിയിറങ്ങി. നഷ്ടപ്പെട്ട ഒരാടിനെ മാത്രമാണ് ഇടയന്റെ ശ്രദ്ധ. ഇപ്പോഴത്തെ കരുതലും, തേടലും നഷ്ടപ്പെട്ട ഒന്നിനെപ്പറ്റിയാണ്. ദൈവം നഷ്ടപ്പെട്ട പാപിയെ തേടിയിറങ്ങുന്നവനാണ്. അവന്റെ തിരിച്ചുവരവിലാണ് സ്വർഗ്ഗം സന്തോഷിക്കുന്നത്. ഭൗതികമായി ചിന്തിക്കുമ്പോൾ 99 എന്നത് വലിയ സംഖ്യയാണ്. ഒന്ന് ചെറുതും. ഒന്നുപോയാൽ പോകട്ടെ എന്ന് ചിന്തിക്കുന്നവർ വിരളമല്ല. ഭൂരിപക്ഷം നോക്കി ജീവിക്കുന്നവരാണധികവും. ചിലർക്ക് ആട്ടിൻപറ്റമാണ് വലുത്. ഒരാട്ടിൻ കുട്ടിക്ക് മാത്രമായി അത്ര വലിയ ചിന്തയില്ല. ഒന്നിന്, ഒരു വ്യക്തിക്ക് വില കല്പ്പിക്കാത്ത ലോകം. അവനും നമ്മോടൊപ്പം ചേരട്ടെ അല്ലെങ്കിൽ അവനെയും ചേർക്കാം എന്ന മനോഭാവം നഷ്ടപ്പെട്ട കാലം. എല്ലാവരും ഒന്നിനെ തള്ളി, ഒരാളെ തള്ളി ഭൂരിപക്ഷത്തോട് ചേർന്ന് ജീവിക്കുന്നു. കൂടെ പാടാൻ എളുപ്പമാണല്ലോ? അവനെ നമുക്ക് ഒഴുവാക്കാം എന്ന് ചിന്തിക്കുന്ന ഭൂരിപക്ഷക്കാർ. അവനില്ലെങ്കിലും കുഴപ്പമില്ല എന്ന് വാദിക്കുന്നവരും വിരളമല്ല. ഭൂരിപക്ഷം വിജയിക്കുമ്പോൾ ഒരാൾ തോൽക്കുന്ന അവസ്ഥ. എന്നാൽ ഒന്നിന് ഒരു വ്യക്തിക്ക് വിലയുള്ള സമയം, വില കൊടുക്കേണ്ട സമയം എപ്പോഴെങ്കിലും ജീവിതത്തിൽ കടന്നുവരും. ഭൂരിപക്ഷം ചേർന്ന് നാം തള്ളിക്കളഞ്ഞ വ്യക്തിയെ ആവശ്യമുള്ള സമയം സമാഗതമാകും. ചിലർക്ക് ഒരു മാർക്കിന് റാങ്ക് നഷ്ടപ്പെടുന്നു, എൻട്രൻസ് പരീക്ഷയിൽ തോൽക്കുന്നു. ഒരു മിനിട്ടിന്, ഒരു സെക്കന്റിന് യാത്ര മുടങ്ങുന്നു. ഒരാളും കൂടി എന്റെകൂടെ ഉണ്ടായിരുന്നുവെങ്കിൽ ഒരാളും കൂടി ടീമിൽ ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങനെയുള്ള യഥാർത്ഥമായ ചിന്തകൾ ബാധിക്കാത്ത ഏതു മനുഷ്യനുണ്ട്. ഭൂരിപക്ഷം ചേർന്ന് ശബ്ദമില്ലാതെ, പണമില്ലാതെ ഒരുവനെ തള്ളിപ്പറയുമ്പോൾ അവനെ തേടുന്ന ഒരു ദൈവം ഉണ്ട്. ഓരോ വ്യക്തിയെയും ദൈവം കരുതുന്നു, സ്നേഹിക്കുന്നു, തേടിയിറങ്ങുന്നു. ഞാനാണ് എന്റെ സഹോദരന്റെ കാവൽക്കാരൻ എന്ന ചിന്ത വളരണം. നീതിമാന്മാരെയല്ല പാപികളെ തേടിവന്ന ദൈവം. ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെ കൊണ്ട് ആവശ്യം എന്നരുളിയ ദൈവം, ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്നതെന്നരുളിയ ദൈവം. ദൈവം ഓരോരുത്തരെയും അറിയുന്നു, സ്നേഹിക്കുന്നു. ഒരുവൻ പാപിയാണെങ്കിൽ അവന്റെ തിരിച്ചുവരവ് ദൈവം ആഗ്രഹിക്കുന്നു. അവൻ നഷ്ടപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ഒന്നിനും, ഒരാൾക്കും വിലയുണ്ട്. ഒന്നും, ഒരാളും ചെറുതല്ല. അത് വലുതാണ്. അത് വിലയുള്ളതാണ്. നഷ്ടപ്പെട്ടുപോയ ഒരാട്ടിൻകുട്ടിയെ തിരികെ ചേർക്കുമ്പോഴാണ് മേഞ്ഞുനടന്ന ആട്ടിൻ പറ്റത്തിന് ജീവിത സാഫല്യം ലഭിക്കുക.

## സുവിശേഷസംഘാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**സുവിശേഷസംഘാംഗങ്ങൾ സംഭാവന അയയ്ക്കുന്ന ബാങ്ക് അക്കൗണ്ട് മാറിയിരിക്കുന്നു. കാതോലിക്കേറ്റുമായി ബന്ധപ്പെടുത്തി പുതിയ അക്കൗണ്ട് നമ്പർ ലഭിച്ചിരിക്കുന്നു. ഈ പുതിയ നമ്പറിലേക്ക് സംഭാവന അയയ്ക്കുക.**

***സഹായം അയയ്ക്കേണ്ട വിലാസം :***

**Contact : Fr. Antony Kakkanatt, 9447562877**
**Suvisesha Sangam, CSB Bank**
**Pattom Branch, Trivandrum**

**A/C No : 0298-04112633-190001**
**IFSC : CSBK0000298**

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



സഭാതലസുവിശേഷസംഘം 8-ാം ബാച്ച് പട്ടം കാത്തോലിക്കേറ്റ് സെന്റർ

## സഭതല വാർത്തകൾ

2020 ജനുവരി 9, 10, 11 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് 7-ാം ബാച്ചിന്റെ പരിശീലന പരിപാടികൾ നടക്കുകയുണ്ടായി. 65 അംഗങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു. ആദ്ധ്യാത്മിക ജീവിതം, സഭാചരിത്രം, ധാർമിക ജീവിതം, മരിയൻ ചിന്തകൾ തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നടന്നു. വി. കുമ്പസാരം, ആരാധന, അനുഭവസാക്ഷ്യം എന്നീ ആത്മീക ശുശ്രൂഷകളും നടത്തുകയുണ്ടായി.

2020 ജനുവരി 23, 24, 25 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് സഭാതല സുവിശേഷസംഘത്തിന്റെ 8-ാം ബാച്ചിന്റെ ആദ്യപരിശീലന ക്ലാസുകൾ ആരംഭിച്ചു. 95 അംഗങ്ങൾ വിവിധ ഭദ്രാസനങ്ങളിൽ നിന്നു പങ്കെടുത്തു. അഭി. ജേക്കബ് മാർ ബർണബാസ് തിരുമേനി ഭാരതത്തിലെ മിഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. കൂടാതെ സുവിശേഷസംഘത്തിന്റേ ആദ്ധ്യാത്മികത, മാർ ഈവാനിയോസ് പിതാവിന്റെ ആദ്ധ്യാത്മിക ജീവിതശൈലി, വി. ലിഖിതത്തിന്റെ ആമുഖം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കുകയുണ്ടായി. വി. കുമ്പസാരം ഒരുക്കത്തോടെ നടത്തുവാൻ ക്രമീകരണം ചെയ്തും, പരസ്പരം പരിചയപ്പെടുത്തലും നടത്തുകയുണ്ടായി.

2020 മാർച്ച് 21-ാം തീയതി മുതൽ മാർച്ച് 5-ാം തീയതി വരെ നടന്ന എപ്പിസ്കോപ്പൽ സുനഹദോസിൽ കഴിഞ്ഞ നാളികളിലെ സുവിശേഷസംഘത്തിന്റെ പ്രവർത്തന റിപ്പോർട്ട് റവ. ഫാ. ആന്റണി കാക്കനാട്ട് അവതരിപ്പിച്ചു. പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സുനഹദോസിൽ നിർദ്ദേശം വയ്ക്കുകയും ചെയ്തു.

## ഭദ്രാസന വാർത്തകൾ

**പുതിയ ബാച്ചുകൾ ആരംഭിച്ചു.**

2020 ജനുവരി 14, 15 തീയതികളിൽ പുത്തൂർ ഭദ്രാസനത്തിൽ 3-ാം ബാച്ചിലേക്കുള്ള പരിശീലന പദ്ധതി ആരംഭിച്ചു. 70 അംഗങ്ങൾ പങ്കെടുത്തു.

കഡ്കി പൂന ഭദ്രാസനത്തിലെ 3-ാം ബാച്ചിന്റെ പരിശീലനപദ്ധതി 2020 ജനുവരി 18, 19 തീയതകളിൽ കഡ്കി കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടന്നു. 40 അംഗങ്ങൾ പുതുതായി പങ്കെടുത്തു.

2020 ഫെബ്രുവരി 1, 2 തീയതികളിൽ ബത്തേരി ഭദ്രാസനത്തിൽ നിലമ്പൂർ മേഖലാ സുവിശേഷസംഘം ആരംഭിച്ച 73 അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

2020 ഫെബ്രുവരി 14, 15, 16 തീയതികളിൽ ഇംഗ്ലണ്ടിൽ പുതിയ ഒരു ബാച്ച് നില




ഭദ്രാസനതല സുവിശേഷസംഘം 3-ാം ബാച്ച്, പുത്തൂർ ഭദ്രാസനം

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ





നിയുക്ത ഏബ്രഹാം കരിമ്പിനാമണ്ണിൽ റമ്പാച്ചന് സുവിശേഷസംഘത്തിന്റെ പ്രാർത്ഥനാശംസകൾ

വിൽ വന്നു. 3 ദിവസത്തെ തുടർച്ചയായ ഫോർമേഷൻ പ്രോഗ്രാം നടക്കുകയുണ്ടായി. റവ. ഫാ. ആന്റണി കാക്കനാട്ട് നേതൃത്വം നൽകി. 21 അംഗങ്ങൾ പുതുതായി സംഘത്തിൽ ചേർന്ന്, ക്ലാസിൽ പങ്കെടുത്തു.

2020 ഫെബ്രുവരി 29, മാർച്ച് 1 തീയതികളിൽ ബോംബെ സാക്കിനാക്കയിൽ വച്ച് ബോംബെ മേഖലയുടെ പുതിയ ബാച്ച് ആരംഭിച്ചു. 46 അംഗങ്ങൾ ഇതിൽ ചേരുകയും, ക്ലാസിൽ പങ്കെടുക്കുകയും ചെയ്തു.

### തുടർ പരിശീലന പരിപാടികൾ

2020 ഫെബ്രുവരി 8, 9 തീയതികളിൽ തിരുവല്ലഅതിഭദ്രാസനത്തിന്റെ മൂന്നാം ബാച്ചിന്റെ സുവിശേഷസംഘ പരിശീലന പരിപാടി നടത്തുകയുണ്ടായി.

2020 ഫെബ്രുവരി 8, 9 - ഡൽഹി ഗുഡ്ഗാവ് രൂപതയിലെ തുടർ പരിശിലന പരിപാടി നടക്കുകയുണ്ടായി.

2020 ഫെബ്രുവരി 29, മാർച്ച് 1 തീയതികളിൽ തിരുവല്ലാ അതിരൂപതയിൽ കട്ടപ്പനമേഖലയുടെ പരിശീലന പരിപാടി നടക്കുകയുണ്ടായി.

2020 മാർച്ച് 6-ാം തീയതി മൂവാറ്റുപുഴ ഭദ്രാസനത്തിൽ പീച്ചി മേഖലയിലെ സുവിശേഷസംഘ പരിശീലന പരിപാടി നടക്കുകയുണ്ടായി.





സുവിശേഷസംഘം ഫോർമേഷൻ പ്രോഗ്രാം, ഇംഗ്ലണ്ട്

### സുവിശേഷസംഘ സംഗമം

2020 ജനുവരി 15-ാം തീയതി പുത്തൂർ ഭദ്രാസനത്തിലെ സുവിശേഷസംഘത്തിൽ കൈവയപ്പ് ലഭിച്ചവരുടെ സംഗമം നടത്തപ്പെട്ടു. 30 അംഗങ്ങൾ പങ്കെടുത്തു.

2020 മാർച്ച് 1-ാം തീയതി ബോംബെ മേഖലയിലെ കൈവയ്പ്പ് ലഭിച്ചവരുടെ സംഗമം നടത്തപ്പെട്ടു.

### ലെക്സിയോ ദിവിനാ

തിരുവനന്തപുരം മേജർ അതിഭദ്രാസനം, തിരുവല്ല അതിഭദ്രാസനം, പത്തനംതിട്ട ഭദ്രാസനം, മാവേലിക്കര ഭദ്രാസനം എന്നിവിടങ്ങളിലെ 6 പള്ളികളിൽ വി. ലിഖിതത്തിന്റെ വി. വായനയും ധ്യാനവും നടത്തപ്പെട്ടു.



സുവിശേഷസംഘം പുതിയ ബാച്ച് ഇംഗ്ലണ്ട്

www.malankaralibrary.com

( ...... 7-ാം പേജിൽ നിന്നും തുടർച്ച)

ഹിത്യ ധർമങ്ങൾ വിചിന്തനത്തിനു വിധേയമാക്കാം.

### i) ദേവാലയത്തിന്റെ സൂക്ഷിപ്പുകാരൻ

പഴയ നിയമത്തിലെ ഭൗതിക ദേവാലയം അല്ല ക്രിസ്തു പഠിപ്പിക്കുന്ന ദേവാലയം. അത് നമ്മുടെ ശരീരമാകുന്ന ആലയമാണ്. ദൈവം വസിക്കുന്ന ആലയത്തോടുള്ള തീക്ഷ്ണത പ്രകടിപ്പിച്ചുകൊണ്ട് ക്രിസ്തു ജെറുസലേം ദേവാലയം ശുദ്ധമാക്കുന്നു (യോഹ. 2:19).

ശരീരമാകുന്ന ദേവാലയത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കാനും അതിനെ ദൈവം വസിക്കുന്ന പ്രാർത്ഥനയുടെ ഭവനമായി വിശുദ്ധീകരിക്കാനും നവീകരിക്കാനുമുള്ള അതീവ തീക്ഷ്ണത ഇവിടെ ക്രിസ്തു പ്രകടമാക്കുന്നു.

### ii) ദൈവമനസ്സു സ്വന്തമാക്കിയവൻ

പഴയനിയമ പുരോഹിതൻ ദൈവമനസ്സ് വായിച്ചെടുക്കാൻ ഉറിമും തുമ്മീമും ഉപയോഗിച്ചിരുന്നുവെങ്കിൽ ക്രിസ്തു പിതാവിന്റെ മനസ്സ് സ്വന്തമാക്കിയിരുന്നു. പ്രവാചകന്മാർ ദൈവത്തിനുവേണ്ടി സംസാരിച്ചിരുന്നുവെങ്കിൽ ക്രിസ്തു ദൈവവചനം തന്നെയായി മാറ്റപ്പെട്ടു. അതുകൊണ്ടുതന്നെ, 'ഞാൻ വഴിയും സത്യവും ജീവനും ആകുന്നു' എന്ന് അവൻ പഠിപ്പിച്ചു (യോഹ. 14:6). എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു(യോഹ.14:9). പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതു പോലെ തുടങ്ങിയ പ്രസ്താവനകളെല്ലാം ദൈവികതയുടെ പൂർണത വെളിപ്പെടുത്തുന്നു (യോഹ.17:21).

### iii) നിയമങ്ങൾ ആധികാരികമായി പഠിപ്പിച്ചവൻ

പഴയനിയമ പുരോഹിതരും പ്രവാചകന്മാരും അവരുടെ പഠിപ്പിക്കലുകൾ ആരംഭിച്ചത്, 'ദൈവം അരുൾ ചെയ്യുന്നു' എന്ന് പറഞ്ഞുകൊണ്ടായിരുന്നു. എന്നാൽ ദൈവികാധികാരം അതിൻെറ പൂർണതയിൽ ഉള്ള ക്രിസ്തു അധികാരത്തോടെ പഠിപ്പിച്ചു. അവൻ എപ്പോഴും പഠിപ്പിച്ചിരുന്നത് 'ഞാൻ നിങ്ങളോടു പറയുന്നു' എന്ന ആമുഖത്തോടെയാണ്. മോശയിലൂടെ നൽകപ്പെട്ട കൽപ്പനകൾ നിയമങ്ങൾക്കും സ്നേഹത്തിൽ പൂർത്തീകരണം നൽകിയത് ക്രിസ്തു ആയിരുന്നു. കല്ലുകളിൽ ആലേഖനം ചെയ്യപ്പെട്ട നിയമങ്ങൾക്കുപകരം ക്രിസ്തു, ജനത്തിന്റെ ഹൃദയങ്ങളിൽ കൽപ്പനകൾ കുറിച്ചിട്ടു (ഹെബ്രാ. 10:16-18). നിയമങ്ങളുടെ പൂർത്തികരണത്തിനും ബലിയർപ്പണത്തിനുമായി അവനു ശരീരം ആവശ്യമായിരുന്നു. ഹെബ്രാ.10:5-9. അവൻ സ്നേഹത്തിന്റെ കൽപ്പന ഹൃദയത്തിൽ എഴുതിയും മനുഷ്യന്റെ പാപങ്ങൾ പൂഴിയിൽ എഴുതിയും പുതിയ ഉടമ്പടിയുടെ ആരംഭം കുറിച്ചു.

### iv) ആചാരാനുഷ്ഠാനങ്ങളുടെ കാർമ്മികൻ

പഴയനിയമ പൗരോഹിത്യത്തിൽ പുരോഹിതൻ ചെയ്ത കർമാനുഷ്ഠാനങ്ങൾക്ക് പുതിയ അർത്ഥതലം നൽകി. മൃഗബലികളിൽ നിന്നും, രക്തരൂക്ഷിത ബലികളിൽ നിന്നും മോചനം നൽകി സ്വന്തം ശരീരം ജീവൻെറ അപ്പമായും സ്വന്തം രക്തം ജീവൻെറ പാനീയവുമായി നൽകി. പഴയനിയമ പുരോഹിതൻ തന്നെ പാപി ആയിരിക്കുന്നുവെന്നത് അവൻെറ ബലിയർപ്പണത്തിന്റെ അപൂർണത വെളിവാക്കുന്നു. എന്നാൽ ക്രിസ്തു സ്വഭാവത്താലേ ദൈവത്തിന്റെ പരിശുദ്ധി മാത്രമായിരിക്കുന്നു എന്നത് ബലി അർപ്പണത്തിന്റെ പൂർണത വെളിപ്പെടുത്തുന്നു. ആരിൽ നിന്നും കടമെടുത്തു ബലി അർപ്പിച്ചവനല്ല, പിന്നെയോ സ്വന്തം ജീവനും ജീവിതവും ബലിയായി നൽകിയവൻ ആണ് ക്രിസ്തു. ക്രിസ്തു തുടങ്ങിവച്ച ആചാരാനുഷ്ഠാനം മനുഷ്യസംസർഗത്തിനായി കന്യക മറിയത്തിൽ നിന്നും കടമെടുത്ത തൻെറ ശരീരം (Incarnation) അനേകരുടെ രക്ഷക്കായി മുറിക്കപ്പെടാനും കാസയിൽ ചേർക്കപ്പെടാനും വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെയും സ്വയശുദ്ധീകരണത്തിന്റെയും അനുസ്മരണത്തെ ലോകാവസാനം വരെ തുടരാൻ ശ്ലീഹന്മാരെ ഭരമേൽപ്പിക്കുന്നു: 'ഇത് എന്റെ ഓർമ്മക്കായി ചെയ്യുവിൻ' (ലൂക്ക. 22:19). മാനവരക്ഷക്കായി അവൻ തുടങ്ങിവച്ച ഈ സ്നേഹത്തിന്റെ ബലി പൂർത്തീകരണത്തിലെത്തുന്നത് ഗദ്സമീൻ തോട്ടത്തിലെ പ്രാർത്ഥനയിലും തുടർന്ന് ഗോഗുൽത്തായിലെ ക്രൂശുമരണത്തിലുമാണ്. നമ്മൾ ചർച്ച ചെയ്ത കാര്യങ്ങൾ എല്ലാം ക്രിസ്തു വ്യത്യസ്ഥനായ ഒരു നിത്യപുരോഹിതനാകുന്നു എന്ന് നമ്മുക്ക് ഉറപ്പു നൽകുന്നു. അവൻെറ പൗരോഹിത്യം ലേവ്യ പൗരോഹിത്യത്തിന്റെ പിൻ തലമുറയിൽ പെട്ടതല്ല പിന്നെയോ നിത്യതയുടെയും അർത്ഥപൂർണതയുടെയും പൗരോഹിത്യമാണ്.

### 6. പൗരോഹിത്യത്തിൻെറ അധികാരം

ക്രിസ്തിയ പൗരോഹിത്യത്തിന്റെ ഭാഷ മനസ്സിലാകുന്നവനു മാത്രമേ പൗരോഹിത്യത്തിന്റെ അധികാരം എന്തെന്ന് തിരിച്ചറിയാനാവൂ. ശുശ്രൂഷ ആകുന്ന ഭാഷ സംസാരിക്കുന്ന പൗരോഹിത്യത്തിന്റെ അധികാരം യേശുക്രിസ്തുവിന്റെ ശരീരത്തിലുള്ള അധികാരം മാത്രമാണ്. ഈ അധികാരത്തെ (Eucharistic power) രണ്ടു തരത്തിൽ മനസ്സിലാക്കാം. വിശുദ്ധ കുർബാനയിൽ ക്രിസ്തുവിന്റെ യഥാർത്ഥ ശരീരത്തിലുള്ള അധികാരവും അവന്റെ മൗതികശരീരത്തിലുള്ള അധികാരവും വിശുദ്ധ കുർബാന പരികർമം ചെയ്യുന്ന പുരോഹിതൻ ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ വിശ്വസ്തതയോടെയും കൃത്യതയോടെയും ജനത്തിന് നൽകാൻ കടപ്പെട്ടിരിക്കുന്നു. മൗതിക ശരീരത്തിലുള്ള അധികാരം അജപാലനവേളകളിൽ പുരോഹിതൻ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യങ്ങൾ സൂചിപ്പിക്കുന്നു. വിശുദ്ധ കൂദാശകളുടെ പരികർമ്മിയും ദൈവികരഹസ്യങ്ങളുടെ സൂക്ഷിപ്പുകാരനുമായി പുരോഹിതൻ നൽകുന്ന അജപാലനശുശ്രൂഷയാണ് അവനെ വ്യത്യസ്തൻ ആക്കുന്നത്. കൗദാശികമായി പാപമോചനം നൽകാനും മാമോദീസായിലൂടെ ജനിപ്പിക്കാനും വിശുദ്ധ കുർബാനയിലൂടെ പരിപോഷിപ്പിച്ചു വളർത്താനും ഓരോ പുരോഹിതനും കടപ്പെട്ടിരിക്കുന്നു. ക്രിസ്തിയ പുരോഹിതന് നൽകപ്പെട്ട ഈ ഭാഷയും (diakonia) അധികാരവും (Eucharistic power) മറക്കുകയോ അവഗണിക്കുകയോ ചെയ്താൽ പൗരോഹിത്യം അസ്വസ്ഥതയും അരോചകവും അർത്ഥമില്ലാത്തതും ആയിരിക്കും. ഇത് പലവിധ പ്രലോഭനങ്ങളിലേക്കും വഴി തുറക്കും. അധികാര ദുർമോഹം, ധനാസക്തികൊണ്ട് വിശുദ്ധ കൂദാശകളും വചനവും വിൽപ്പനച്ചരക്കാകുക തുടങ്ങി അക്രൈസ്തവവും മാനുഷീക മൂല്യങ്ങൾ നഷ്ടപ്പെടുന്ന എന്തിലേക്കും എത്തിച്ചേരും.

### 7. പൗരോഹിത്യത്തിന്റെ പ്രലോഭനം

ഇന്ന് ക്രിസ്തീയ പൗരോഹിത്യം ഏറെ ആക്രമിക്കപെടുന്നതായും മുറിപ്പെടുന്നതായും നമ്മൾ കാണുന്നു. സഭയെ ആക്രമിക്കുന്നവർ പൗരോഹിത്യത്തെ ആക്രമിക്കും എന്നുള്ളതിൽ സംശയമില്ല. പൗരോഹിത്യം ഇന്ന് അകത്തുനിന്നും പുറത്തുനിന്നും ആക്രമണങ്ങളെ നേരിടുന്നു. പുറത്തുനിന്നുമുള്ള ആക്രമണങ്ങളെ നേരിടുവാൻ നമ്മൾ സജ്ജമാണ്. അകത്തുനിന്നുള്ള ആക്രമണങ്ങൾ ഏറെ അപായപൂർണവുമാണ്. പൗരോഹിത്യ രൂപീകരണ പ്രക്രിയയിൽ മായം ചേർത്താൽ പൗരോഹിത്യഭാഷ സംസാരിക്കുന്ന പുരോഹിതനെ രൂപപ്പെടുത്തുക അസാധ്യമായിരിക്കും. ആധുനിക പുരോഹിതൻ നേരിടുന്ന ഏറ്റവും ശക്തമായ പ്രലോഭനം കല്ലുകൾ അപ്പമാക്കി ജനത്തിന്റെ വിശപ്പടക്കാനുള്ള പ്രലോഭനമാണ് (ലൂക്ക.4:3). പൗരോഹിത്യവും ബലിയും ഒന്നിച്ചു പോകുന്ന യാഥാർഥ്യങ്ങൾ എന്ന് നമ്മൾ ആരംഭത്തിൽ തന്നെ സൂചിപ്പിക്കുകയുണ്ടായി. ക്രിസ്തുവിന്റെ ബലിയർപ്പണത്തിൽ നിന്നും ഒഴിഞ്ഞു മാറി ക്രിസ്തു അന്ത്യം കുറിച്ച ലേവ്യപൗരോഹിത്യത്തിന്റെ ബലി അർപ്പണത്തിലേക്കുള്ള തിരിച്ചുപോക്കാണ് കല്ലുകൾ അപ്പമാക്കി നല്കാനുള്ള പ്രലോഭനം. ക്രിസ്തു ബലിവസ്തു കടമെടുത്തവനോ ലേവ്യ പൗരോഹിത്യം ചെയ്തതു പോലെ മൃഗബലികളിൽ പാപമോചനം നൽകിയവനോ അല്ല. മറിച്ച് സ്വന്തം ശരീരവും രക്തവും നിത്യജീവന്റെ ഭക്ഷണ പാനീയമായി നല്കിയവൻ ആണ്. ഗോതമ്പ് അപ്പം ക്രിസ്തുവിന്റെ ശരീരവും വീഞ്ഞ് ക്രിസ്തുവിന്റെ തിരുരക്തവുമാക്കി രൂപാന്തരപ്പെടുത്തുന്ന മാന്ത്രികവിദ്യ അല്ല വിശുദ്ധ കുർബാന. പിന്നെയോ, സ്വന്തം ശരീരം മുറിച്ചും ഭക്ഷണം ഒരുക്കുന്ന പച്ചയായ ജീവിതാനുഷ്ഠമാണ് കുർബാന. ഓരോ ബലിയും അനേകരുടെ ജീവന് പ്രത്യാശയും അർത്ഥവും നൽകുന്ന ജീവന്റെ സമൃദ്ധിയുടെ ആഘോഷമാണ്. ശുശ്രൂഷ എന്ന ഭാഷ മറ്റ് അധികാര ദുർമോഹത്തിനും ധനാസക്തിക്കുമായി പൗരോഹിത്യം ദുരുപയോഗിക്കുമ്പോൾ കല്ലുകൾ അപ്പമാക്കി മാറ്റി ദൈവജനത്തിന്റെ വിശപ്പടക്കുന്ന പുരോഹിതനും ബലിയും ആൾക്കൂട്ടത്തെ നേടുമെങ്കിലും പ്രലോഭനങ്ങൾക്ക് ഇരയാണെന്ന കാര്യം വിസ്മരിക്കരുത്.

വചനവും ബലിയും അതിനെ ആന്തരികതയിൽ ഉൾക്കൊള്ളാനാവാതെ വരുമ്പോൾ ആത്മീയത കേവലം ശബ്ദകോലാഹലങ്ങൾ മാത്രം സൃഷ്ടിക്കുന്ന അർത്ഥശൂന്യമായ ആഘോഷങ്ങൾ ആയി മാറും. വിശുദ്ധ കുർബാന വിശ്വാസത്തിന്റെ മഹാരഹസ്യം ആണ്. പ്രലോഭനം മറികടക്കാൻ, വിശ്വസിക്കുന്നത് മാത്രം ആഘോഷിക്കണം; ആഘോഷിക്കുന്നത് ജീവിക്കണം.

തന്റെ സ്വർഗീയ രഹസ്യങ്ങൾ കൈമാറാൻ ദൈവം പരിശുദ്ധ കന്യകാമറിയത്തിൽ നിന്നും കടമെടുക്കുന്നതു മനുഷ്യശരീരം ആണ്. ദൈവം മനുഷ്യനോട് സംവദിക്കാൻ തെരെഞ്ഞെടുത്ത ഭാഷയും മനുഷ്യശരീരം ആണ്. ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തു എന്നതിന് അർത്ഥവും ഈ നിത്യതയുടെ ദൈവത്തിനു അഴിവാർന്ന (Corruptible body) മനുഷ്യന്റെ ശരീരം കൈമാറ്റം ചെയ്തതും നമ്മെ നിത്യതയിലേക്കു കൂട്ടിച്ചേർക്കാനാണ്. ക്രിസ്തു തന്റെ പിതാവിനോടും മനുഷ്യകുലത്തോടും സംസാരിച്ചത് ഈ ശരീരമാകുന്ന ഭാഷയിലൂടെയാണ് (ഫിലി.2:6,7). അതുകൊണ്ടു തന്നെ നമ്മുക്ക് ദൈവത്തോട് തിരിച്ചു സംസാരിക്കാനുള്ള ഭാഷയും ശരീരത്തിന്റെ ഭാഷയാണ്. ഇവിടെയാണ് പൗരോഹിത്യഭാഷ അർഥം കാണുന്നത്. ഈ അർത്ഥത്തിൽ പുരോഹിതന്റെ ജീവിതം തന്നെയാണ് ബലിയർപ്പണം, ബലിതന്നെയാണ് ജീവിതവും. പൗരോഹിത്യ ബ്രഹ്മചര്യത്തിനു തിളക്കം നൽകുന്നതും ഈ ബലിതന്നെയാണ്.

### 8. സ്വയം ശുദ്ധികരിക്കുന്ന മഹാപുരോഹിതൻ

പാപം ഇല്ലാത്തവൻ പാപമോചനത്തിന് മാമ്മോദീസ സ്നാപകനിൽ നിന്നും ഏറ്റുവാങ്ങി ലോകത്തോടായി പ്രഖ്യാപിച്ചു: 'സർവനീതിയും പൂർത്തിയാക്കാൻ ഇത് ആവശ്യമാണ് (മത്താ. 3:15). വിശുദ്ധി മാത്രമായ ദൈവപുത്രൻ തന്റെ പ്രാർത്ഥനയിൽ ഇപ്രകാരം കൂട്ടി ചേർത്തു. 'അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനു അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു (യോഹ. 17:19). മാമ്മോദീസ സ്വീകരിച്ച് സ്വയം ശുദ്ധീകരിക്കുന്ന മഹാപുരോഹിതൻ ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഏറ്റം സുപ്രധാനമായ ധർമം ലോകത്തെ വിശുദ്ധീകരിക്കുക എന്നതാണെന്ന് വെളിപ്പെടുത്തുന്നു. മാമ്മോദീസയിലൂടെ നാം സ്വീകരിച്ച പൗരോഹിത്യം സ്വയം ശുദ്ധീകരണത്തിനും സ്വരക്ഷക്കും വേണ്ടി മാത്രമുള്ളതല്ല; മറിച്ചു നാം ജീവിക്കുന്ന ചുറ്റുപാടുകളുടെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കും വേണ്ടിയുള്ളതാണ്. ക്രിസ്തുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ചവരെല്ലാം ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പങ്കുകാരാണ്, അവന്റെ വിശുദ്ധിയിൽ പങ്കുചേരുന്നവരുമാണ്. ചുറ്റുപാടുമുള്ള അശുദ്ധതകളെയും മലിനതകളെയും ഓർത്തു വേദനിക്കുമ്പോൾ തിരിച്ചറിയണം, ലോകത്തിന്റെ വിശുദ്ധീകരണത്തിനായി ദൈവം എന്നെ നിയോഗിച്ചിരിക്കുന്നു എന്ന സത്യം. കുറ്റപ്പെടുത്താനും വിമർശിക്കാനുമല്ല സ്വയം തിരിച്ചറിയാനും വിശുദ്ധീകരിക്കപ്പെടാനും നമ്മിലെ പൗരോഹിത്യത്തിന് കടമയുണ്ട്. പാപമോചനത്തിനുള്ള ദൈവികാധികാരം നമ്മിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത് പാപമോചനത്തിലൂടെ നമ്മെതന്നെയും ലോകത്തെയും വിശുദ്ധീകരിക്കാനാണ്. മാലിന്യം സ്വാഭാവികമാണ്, എന്നാൽ അത് കഴുകി വിശുദ്ധമാക്കപ്പെടാനുള്ള ശുദ്ധതയുടെ നീരുറവയാണ് പൗരോഹിത്യം. ഈ നീരുറവ തന്നെ മലിനമായാൽ ശുദ്ധീകരണം അസാധ്യമാകും. മാലിന്യം മലിനതയിൽ കഴുകുകരുതല്ലോ. സ്വയം ശുദ്ധീകരിച്ച മഹാപുരോഹിതൻ നമ്മെ നിർബന്ധിക്കുന്നു പൗരോഹിത്യത്തിന്റെ വിശുദ്ധി എന്ത് വിലകൊടുത്തും കാത്തുസൂക്ഷിക്കാൻ. ഈ പരിശുദ്ധി മാമ്മോദീസയിലൂടെ ദൈവപുത്രനോട് ചേർക്കപ്പെട്ട എല്ലാ വിശ്വാസികളുടെയും കടമയും പൗരോഹിത്യധർമവുമാണ്.

### ഉപസംഹാരം

ഈ ചെറുലേഖനത്തിലൂടെ ക്രിസ്തീയ പൗരോഹിത്യം ജീവന്റെ ആഘോഷമാണ് എന്ന സത്യം നമ്മൾ ചർച്ച ചെയ്യുകയായിരുന്നു. പഴയനിയമ പൗരോഹിത്യവും ബലിയർപ്പണവും അതിന്റെ ആചാരാനുഷ്ഠാനങ്ങളും നമ്മൾ ചുരുക്കമായി വിശദമാക്കി. അതിന്റെ വെളിച്ചത്തിൽ യേശു ക്രിസ്തു ഒരു പുരോഹിതനായിരുന്നോ എന്നും എന്തുതരം മാറ്റമുള്ള പൗരോഹിത്യമാണ് യേശുക്രിസ്തു സ്ഥാപിച്ചതെന്നും നമ്മൾ കാണുകയുണ്ടായി. പ്രലോഭനങ്ങളുടെ ഇരയല്ല ക്രിസ്തീയ പൗരോഹിത്യം; മറിച്ചു ശരീരത്തിന്റെ ഭാഷയിൽ തന്നെ ദൈവത്തോട് സംസാരിക്കുന്ന ബലിയുടെ അർപ്പണമാണ്.

വചനത്തിലൂടെയും കൂദാശകളിലൂടെയും സ്വയം ശുദ്ധീകരിക്കപ്പെടാനും അതുവഴി ലോകത്തെ ശുദ്ധീകരിക്കാനും ഈ പൗരോഹിത്യ ശുശ്രൂഷ നമ്മെ നിർബന്ധിക്കുന്നു. ഇവിടെ ശുശ്രൂഷാ പൗരോഹിത്യം മാത്രമായി ക്രിസ്തിയ പൗരോഹിത്യത്തെ ചുരുക്കി കാണരുത്. 'നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിതഗണവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തം ജനവുമാണ്' (1 പത്രോ.2:9). നമുക്ക് ലഭിച്ചിരിക്കുന്ന ഈ പൗരോഹിത്യ വിളി ഈ നോമ്പുകാലത്തു ആത്മശോധനയ്ക്ക് വിധേയമാക്കാം.

www.malankaralibrary.com

( ...... 2-ാം പേജിൽ നിന്നും തുടർച്ച)

നമ്മുടെ സ്ഥാപനങ്ങളെയും അനുബന്ധ കാര്യങ്ങളെയും അവയുടെ അനുദിന നടത്തിപ്പിനേയും വരവുചിലവിനേയും സാരമായി ബാധിച്ചുവെന്നതിൽ സംശയമില്ല. തദ്ദേശ സ്വകാര്യ മേഖല മന്ദഗതിയിലായിട്ടുണ്ട്. വിദേശങ്ങളിൽ ജോലിചെയ്യുന്ന അനേകർക്ക് തൊഴിൽ നഷ്ടപ്പെട്ടു കഴിഞ്ഞു. ഇന്ത്യ ഉൾപ്പടെയുള്ള എല്ലാ രാജ്യങ്ങളുടേയും അവസ്ഥ ഇക്കാര്യത്തിൽ തുല്യമാണ്. സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെ സുഹൃത്തുക്കളേയും സ്വന്തക്കാരെയും അഭ്യുദയകാംക്ഷികളെയും പ്രത്യേകം ഓർക്കാം, പ്രാർത്ഥിക്കാം. പലരും തന്നെ കോവിഡിന്റെ ഭയാനകമായ സാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. പ്രായമായവരെ മാത്രമല്ല യുവജനങ്ങളെയും കോവിഡ് ബാധിക്കുന്നുണ്ട് എന്നത് നമ്മെ കൂടുതൽ അസ്വസ്തരാക്കുന്നു. നമ്മുടെ നാടിനേക്കാൾ അധികമായി യൂറോപ്പിലും അമേരിക്കയിലും ഗൾഫ് രാജ്യങ്ങളിലുമുള്ളവർ, സാമ്പത്തികമായും ആരോഗ്യപരമായും വലിയ വെല്ലുവിളികൾ നേരിടുന്നുവെന്ന് മാധ്യമങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നുണ്ട്.

**സ്വന്തമാക്കേണ്ട കൃഷിയിടങ്ങൾ**

ശാന്തമായ അന്തരീക്ഷത്തിൽ വളരുന്ന പറവകളും കന്നുകാലികളും പച്ചക്കറികളും ഫലവൃക്ഷങ്ങളും പ്രകൃതി സൗഹൃദ അദ്ധ്യാത്മീയതയുടെയും കായികാധ്വാനത്തിന്റെയും പ്രത്യേകതകളാണ്, ദൈവാനുഗ്രഹത്തിന്റെ അടയാളമാണ്. അറിഞ്ഞോ അറിയാതെയോ നമുക്ക് കൈവിട്ടുപോയ, എന്നാൽ തിരിച്ചുപിടിക്കേണ്ട ഹരിത സംസ്ക്കാരത്തിന്റെ ബാക്കിപത്രങ്ങളായ, പച്ചക്കറികൃഷിയും ഫലവൃക്ഷങ്ങളുടെ പരിപാലനവും ഭക്ഷ്യ സാധനങ്ങളുടെ ഉൽപ്പാദനവും (സാധിക്കുന്നിടത്തോളം), കോവിഡിനോട് ബന്ധപ്പെട്ടു നാം അഭിമുഖീകരിക്കാൻ തുടങ്ങിയിട്ടുള്ള വറുതിയുടെ കാലഘട്ടത്തോടു ചെയ്യുന്ന മാനുഷിക നീതിയാണ്. മണ്ണിനെയും കൃഷിയെയും സ്നേഹിച്ചിരുന്ന ഇന്നലെകൾ നമുക്കുണ്ടായിരുന്നു. സ്വഭവനത്തിലേക്കുവേണ്ട ഫലമൂലാദികൾ കൃഷി ചെയ്തെടുക്കുന്നതോടൊപ്പം അന്നം മുട്ടുന്ന അയല്പക്കങ്ങളുടെ വിശപ്പടക്കാനും ഇത് സഹായിച്ചിട്ടുണ്ട്. ചാരം നൽകിയാൽ, കപ്പയും ചേനയും ചേമ്പും നൽകുന്ന നല്ല അയൽക്കാരനെ ഓർക്കുന്ന തലമുറയുടെ അവസാന കണ്ണികൾ ഇപ്പോഴും നമ്മുടെ ചുറ്റുമുണ്ടെന്ന് തിരിച്ചറിയാം.

ഒരു സംസ്ക്കാരത്തിന്റെ തിരിച്ചുവരവും ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിലെ സ്വയം പര്യാപ്തതയും കൊറോണ നൽകുന്ന പാഠങ്ങളാണ്. നമ്മുടെ ഭവനങ്ങളോടു ചേർന്ന് കിടക്കുന്ന ഭൂമി കൃഷിയോഗ്യമാണെന്ന് തിരിച്ചറിഞ്ഞ്, ആവുംവിധം മണ്ണിൽ അധ്വാനിക്കാൻ നാം പഠിച്ചു. പച്ചക്കറികൾക്കും കായ്കനികൾക്കും അവശ്യഭക്ഷ്യവസ്തുക്കൾക്കുമായി അയൽ സംസ്ഥാനങ്ങളെ കാത്തിരുക്കുന്നത് പ്രായോഗികമാകണമെന്നില്ല എന്നു തിരിച്ചറിഞ്ഞു. ആരോഗ്യ പരിരക്ഷണവും സ്വയം പര്യാപ്തതയും ഗ്രഹസ്ഥാശ്രമചര്യയും ഈ ചുവടുമാറ്റത്തിൽ ഇഴചേർന്നു കിടപ്പുണ്ട്.

ലോക്ക്ഡൗൺ തുടങ്ങും മുമ്പു തന്നെ നമ്മുടെ പല ഭവനങ്ങളിലും കൃഷിയോട് ബന്ധപ്പെട്ട ക്രമീകരണങ്ങൾ കൂടുതൽ വിപുലപ്പെത്തിയിരുന്നു. ഭവനത്തിലേക്കാവശ്യമുള്ള എല്ലാ പച്ചക്കറികളും ഉല്പാദിപ്പിക്കുകയും ചുരുക്കം ചില ഇടങ്ങളിൽ ഒരു വരുമാനമെന്ന ഇനത്തിൽ, പുറത്തു വിൽക്കുകയും ചെയ്യുന്ന ഭവനങ്ങൾ ഉണ്ടെന്ന് സന്തോഷത്തോടെ ഓർക്കുന്നു. കൊറോണ നൽകുന്ന ജീവിത പാഠത്തിൽ നിന്നും പ്രകൃതിയെ സ്നേഹിക്കാനും സ്വയം പര്യാപ്തതയുടെ സാദ്ധ്യകതളെ കൂടുതൽ ഉപയോഗപ്പെടുത്താനും ഓരോ വ്യക്തിയും കൂടുതൽ ശ്രദ്ധയുള്ളവരാകാം. അതിജീവിതത്തിനുള്ള സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നത് നമ്മോടും പൊതുസമൂഹത്തോടുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമാണെന്നു സാക്ഷ്യം നൽകാൻ നമുക്ക് പരിശ്രമിക്കാം.

**ഉപസംഹാരം**

കരുതലോടെയുള്ള തുടർജാഗ്രത കാലഘട്ടം നല്കുന്ന ഓർമ്മപെടുത്തലാണ്. വരും തലമുറക്കുള്ള പാഠശാലയുടെ തുറന്ന പുസ്തകമായ, സമാനതകളില്ലാത്ത ഒരു കാലഘടത്തിന്റെ സമകാലികരാണ് നാം. മാസ്ക്കും സാനിറ്റൈസറും കൈകളുടെ തുടരെ തുടരെയുള്ള ശുദ്ധീകരണവും യാത്രകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളും സാമൂഹ്യ അകലവും അനുദിന ജിവിതചര്യയുടെ ഭാഗമാക്കാം. ഒരു സാമൂഹിക അടിയന്തരാവസ്ഥക്ക് സമമായ കാലഘട്ടത്തിലാണ് നാം ജിവിക്കുന്നത്. കോവിഡിന്റെ സാംക്രമികത കുറഞ്ഞാൽത്തന്നെയും, നമ്മുടെ സുരക്ഷയുടെ ഭാഗമായും രോഗസംക്രമണം തടയാനുള്ള സാമൂഹ്യ പ്രതിബദ്ധതയിൽ പങ്കുചേരുന്നതിന്റെ ഭാഗമായും നാം ചെല്ലുന്ന ഇടങ്ങളിലെ വ്യക്തികളുടെ മനസ്സ് മനസ്സിലാക്കികൊണ്ടും, യാത്രകളെയും ഔദ്യോഗികവും അനൗദ്യോഗികവുമായ കൂടിവരവുകളേയും പരമാവധി നിയന്ത്രിക്കുന്നത് നല്ലതായിരിക്കും. മറ്റു രോഗാവസ്ഥയിലുള്ളവരുടെയും പ്രായമായവരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യപരിരക്ഷണം, ആരോഗ്യമുള്ളവരുടെ ഉത്തരവാദിത്തമാണെന്ന് മറക്കാതിരിക്കാം. 'ശാന്തമായിരുന്നാൽ തെളിയാത്ത ഒരു പുഴയും ഉണ്ടായിട്ടില്ല.' **അതിജീവനത്തിന്റെ ഈ കാലവും കടന്നു പോകും**. ഇന്നിന്റെ ഓരോ ജീവിതാനുഭവവും, ഓർമ്മയും ചരിത്രവുമാകും. ദൈവത്തെ മറക്കാതെ, അപരനെ ചേർത്തുപിടിക്കുന്ന ഉത്തരവാദിത്വപൂർണ്ണമായ ജീവിത സമർപ്പണമാണ് എക്കാലത്തെയും പോലെ ഇന്നും എപ്പോഴും ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്.

**അനുഭവസാക്ഷ്യം**

# 'ദൈവത്തിനു സ്തുതി'



**അമല പുഷ്പം**
സുവിശേഷസംഘാംഗം, മാർത്താണ്ഡം ഭദ്രാസനം

കഴിഞ്ഞകാല ജീവിതത്തിൽ ഒരു കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥന്റെ ഭാര്യ എന്ന അഹങ്കാരം ഉള്ളിൽ സൂക്ഷിച്ച് ജീവിച്ചു. ആ ഗർവ്വം എന്റെ ഉള്ളിൽ നിഗൂഢമായിരുന്നു. എന്നാൽ 45-ാമത്തെ വയസ്സിലുള്ള എന്റെ ഭർത്താവിന്റെ വേർപാട് എന്നെ വല്ലാതെ തളർത്തി. അത് എനിക്ക് താങ്ങാനാവാത്ത ഒരു സങ്കടമായി. ജീവിതത്തിന്റെ പ്രാരാബ്ദങ്ങളിൽ ദൈവം തുണയായി. 3 കുട്ടികളുടെയും വിവാഹം നടന്നു. ഇങ്ങനെയിരിക്കുന്ന സമയത്താണ് സുവിശേഷ സംഘം എന്നൊരു ജീവിതശൈലിയെക്കുറിച്ച് അറിയാനിടയായത്. ഒരു വർഷത്തെ പരിശീലനത്തിന് ഇഷ്ടമുള്ളവർക്ക് പേരു നൽകാം എന്ന് കേട്ടപ്പോൾ ഫിലിപ്പ് നഥാനിയേലിനോട് പറഞ്ഞതാണ് എന്റെ മനസ്സിൽ തെളിഞ്ഞത് (യോഹ.2:46) എന്റെ ഉള്ളിൽ എന്തോ ഒരു ആവേശം. വന്നുകാണുക എന്ന വചനം എന്റെ ഉള്ളിൽ തട്ടി. അങ്ങനെ ഞാനും പുറപ്പെട്ടു. ഒരു വർഷത്തിനുശേഷം 26-06-2016-ൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിൽ നിന്ന് കൈവയ്പ്പും സ്വീകരിച്ചു.

കൈവയ്പ്പിന്റെ അന്ന് എന്റെയുള്ളിൽ ഒരു വലിയ ഭയം കടന്നുകൂടി. ഈ നിയമങ്ങൾ പാലിച്ചുകൊണ്ട് എന്റെ ജോലിയിൽ തുടരാൻ എനിക്ക് സാധിക്കുമോ? ഈ ഭീതി എന്നെ ഗ്രസിക്കുന്നതായി എനിക്ക് തോന്നി. കർത്താവേ നല്ലതുതരണമേയെന്ന് പ്രാർത്ഥിച്ചു. ആ സമയം എന്റെ ഉള്ളിൽ അപ്പ.പ്ര.1:8 തെളിഞ്ഞു വന്നു. അതിൽ എന്താണ് പറയുന്നതെന്ന് എനിക്കറിയില്ലായിരുന്നു. കൈവയ്പ്പു ശുശ്രൂഷയ്ക്കുശേഷം തിരുവചനഭാഗം എടുത്തുവായിച്ചു. "പരി. ആത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും സമറിയായിലും യൂദയാ മുഴുവനിലും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യും". ഈ തിരുവചനം എന്റെ ജീവിതത്തിൽ അഭിഷേകമായി മാറണമേയെന്ന പ്രാർത്ഥനയായി എന്റെ ഉള്ളു നിറഞ്ഞു.

പിന്നീടുള്ള ജീവിതത്തിൽ ഒരു മാറ്റം അനുഭവപ്പെട്ടു. ഇത്രയുംകാലം ഞാനൊരു നാമമാത്ര ക്രിസ്ത്യാ നിയായിരുന്നു എന്ന് മനസ്സിലായി. സുവിശേഷസംഘത്തിൽ അംഗമാകുന്നതിനു മുമ്പ് വർഷത്തിൽ ഒന്നോ രണ്ടോ തവണ കുമ്പസാരിച്ചിരുന്നെങ്കിലും ക്ഷമിക്കാനും ക്ഷമകൊടുക്കാനും പറ്റാത്ത അവസ്ഥകളും, നാവിനെ നിയന്ത്രിക്കാത്ത ജീവിതവും, പദവിക്കും അംഗീകാരത്തിനും വേണ്ടിയുള്ള ആഗ്രഹവുമായിരുന്നു. ഇവയ്ക്കെല്ലാം ഞാൻ അടിമയായിരുന്നു. പക്ഷേ സുവിശേഷസംഘത്തിന്റെ ജീവിതക്രമങ്ങൾ പാലിക്കാൻ തുടങ്ങിയപ്പോൾ എന്നിലുള്ള ദിവ്യകാരുണ്യ സാന്നിദ്ധ്യം, ഈശോ എന്നിൽ ജീവിക്കുന്നു എന്ന ബോധ്യത്തിൽ ആഴപ്പെട്ട് എന്റെ മനോഭാവങ്ങൾ മാറുവാൻ തുടങ്ങി.

അഭിവന്ദ്യ പിതാവ് ഒരിക്കൽ ക്ലാസ്സ് എടുക്കുന്നതിനിടയിൽ ദൈവത്തെ അറിയാത്ത മക്കൾക്ക് തിരുവചനങ്ങൾ പകർന്നു കൊടുക്കുവാൻ ആഗ്രഹമുള്ള ഒരാൾ മുന്നോട്ട് വരുവാൻ പറഞ്ഞു. ആ സമയം എഴുന്നേൽക്കുവാൻ ഒരു ഉൾപ്രചോദനം ഉണ്ടായി. എന്നെ പ്രതി ഒരാൾ ഈശോയെ അറിയാൻ ഇടയായാൽ യേശുവിൽ എനിക്ക് ആനന്ദിക്കാമല്ലോ എന്ന ചിന്തയോടെ അതിനെ ആത്മധൈര്യത്തോടെ ഏറ്റെടുക്കുവാൻ സാധിച്ചു.

എന്റെ ശാരീരിക പ്രയാസങ്ങളൊന്നും കാര്യമാക്കാതെ 4 മണിക്ക് ഉണർന്ന് ഭക്ഷണപ്പൊതിയുമായി വി. കുർബാനയ്ക്കു പോയി മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് നല്ല തമ്പുരാൻ അനുവദിച്ചു. കുടുംബയോഗങ്ങൾ നടത്തുവാൻ കൃപ ലഭിച്ചു. മുൻകാലങ്ങളിൽ സിസ്റ്ററിന്റെ കൂടെ ഭവന സന്ദർശനത്തിന് പോകുമ്പോൾ എപ്പോൾ തീരും എന്ന ചിന്തയായിരുന്നു എന്നാൽ ഇപ്പോൾ അവരുടെ വേദനയും കണ്ണുനീരും പങ്കുവയ്ക്കുമ്പോൾ ക്രൂശിതന്റെ മുഖം അവരിൽ ദർശിക്കുവാൻ സാധിക്കുന്നു. ദൂരെ സ്ഥലങ്ങളിൽ ഭവന സന്ദർശനത്തിന് പോയി രാത്രി വൈകി തിരിച്ചെത്തുമ്പോഴും, ഒരു പുതു ഉൻമേഷം എനിക്ക് അനുഭവപ്പെടുന്നു. ഓരോ ദിവസവും എന്നെ കൈപിടിച്ചു വഴി നടത്തുന്ന പരി. ആത്മാവായ ദൈവത്തിന് പാദങ്ങളിൽ വിളക്കാകുന്ന വചന അനുഭവങ്ങൾക്ക് നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുദിന കൃത്യങ്ങളിൽ ഏർപ്പെടുന്നു. ഇത്രത്തോളം വഴി നടത്തിയ ദൈവകൃപയ്ക്ക് നന്ദി...

## ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു



**ദൈവസ്നേഹത്തെപ്പറ്റി :** "പ്രത്യാശ നിറഞ്ഞ ജീവിതത്തിൽ നിന്നും ദൈവസ്നേഹത്തിൽ നിന്നും ആരും ഒഴിവാക്കപ്പെടുന്നില്ല".

**കരുണയെപ്പറ്റി :** "സഭ എന്നും കരുണയുടെയും പ്രത്യാശയുടെയും ഉറവിടമായിരിക്കണം".

**ദൈവീക സന്തോഷത്തെപ്പറ്റി :** "ദൈവരാജ്യത്തിന്റെ സന്തോഷം എല്ലാ കാര്യത്തിലും അനുഭവേദ്യമാക്കുവാൻ നമ്മൾ പരിശ്രമിക്കണം".

**കുമ്പസാരത്തെപ്പറ്റി :** "പതിനഞ്ച് ദിവസത്തിലൊരിക്കൽ ഞാൻ കുമ്പസാരിക്കും. മാർപാപ്പായും ബലഹീനനാണ്. നമുക്കെല്ലാം ദൈവത്തിന്റെ കരുണ ആവശ്യമുണ്ട്".

**സമാധാനത്തെപ്പറ്റി :** നിഷേധാത്മകമായി പ്രതികരിക്കുന്നവരോട് നമ്മുടെ പ്രതികരണങ്ങൾ കുറയ്ക്കുന്തോറും സമാധാനം വർദ്ധിക്കും. നിങ്ങളുടെ കണ്ണുകൾക്ക് തിളക്കം തരുന്ന ഓർമ്മകൾ സൂക്ഷിക്കുക. നിങ്ങളുടെ നെറ്റി ചുളുപ്പിക്കുന്ന ഓർമ്മകൾ വിട്ടുകളയുക".

**സാധുക്കളെപ്പറ്റി :** "ഒരു പ്രപഞ്ചത്തിന്റെ വിലാപം നാം കേൾക്കണം. ഏറ്റവും കൂടുതൽ സഹിക്കുന്നവരുടെ കണ്ണീര് കാണാതെ പോകരുത്" .

**ദൈവത്തിന്റെ ശക്തിയെപ്പറ്റി :** "ചുറ്റും തിന്മയുണ്ട്. പിശാച് പ്രവർത്തനനിരതനാണ്. എന്നാൽ ഞാൻ ഉറക്കെപ്പറയുന്നു: ദൈവം പിശാചിനെക്കാൾ വളരെ ശക്തനാണ്".

**ലളിതജീവിതത്തെപ്പറ്റി :** "ഭക്ഷണം പാഴാക്കരുത്. എതിർക്കുന്നവരോടും കൂട്ടുകൂടണം. ലളിതമായ സാധനങ്ങൾ വേണം വാങ്ങാൻ. ആഡംബരം പാടില്ല".

**സഭയെപ്പറ്റി :** "സഭ യുദ്ധരംഗത്തെ ആശുപത്രിപോലെയാണ്. ആഴത്തിൽ മുറിവേറ്റു കിടക്കുന്നവന്റെ കൊളസ്ട്രോളിനെപ്പറ്റിയും പഞ്ചസാരയുടെ അളവിനെപ്പറ്റിയും ആലോചിക്കരുത്. ആദ്യം മുറിവുണക്കുക. മറ്റുള്ളതൊക്കെ പിന്നെയാവാം".

**ജീവനെപ്പറ്റി :** "നാം മുതിർന്നവരെയും രോഗികളെയും ഉദരത്തിലായിരിക്കുന്ന കുഞ്ഞുങ്ങളെയും സംരക്ഷിക്കാനായി വിളിക്കപ്പെട്ടവരാണ്".

**ആരാണ് ക്രിസ്ത്യാനി? :** "ഒരു ക്രിസ്ത്യാനിയുടെ സത്ത എന്നത് ഉത്ഥിതനായ യേശുവിനോടും സഭാമക്കളോടും ദൈവവചനത്തോടുമുള്ള ബന്ധത്തിൽ അധിഷ്ടിതമാണ്".

**സഭയുടെ തീരുമാനങ്ങളെപ്പറ്റി :** "നീതിയുടെ ഉറച്ച പാതയിലൂടെയാണ് സഭ മുന്നോട്ടു നീങ്ങുന്നത്. അത് ദൈവീക വെളിപാടിന്റെ പാതയാണ്".



തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

www.malankaralibrary.com



അനുഭവസാക്ഷ്യം

## പരിശുദ്ധാത്മാവിന്റെ വിളിയും തെരഞ്ഞെടുപ്പും

**സി. എം. കോശി & വൽസാ കോശി**
ഭദ്രാസനതല സുവിശേഷസംഘാംഗങ്ങൾ
മാവേലിക്കര ഭദ്രാസനം



"ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ താഴ്മയോടു നിൽക്കുവിൻ; തക്ക സമയത്ത് അവിടുന്ന് നിങ്ങളെ ഉയർത്തിക്കൊള്ളും" (1 പത്രോ.5:6).

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ കാലാകാലങ്ങളിൽ സഭയ്ക്കാവശ്യമായ ബോദ്ധ്യങ്ങൾ നൽകികൊണ്ട് സഭയെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽ, ഏറ്റവും ധീരമായി എടുത്ത തീരുമാനങ്ങളിൽ അഗ്രഗണ്യ സ്ഥാനത്ത് നിൽക്കുന്നതാണ് "മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ" രൂപീകരണം.

എന്റെ ജീവിത പങ്കാളി, 2015 ഫെബ്രുവരിയിൽ, ഭദ്രാസനതല ആദ്യബാച്ചിൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്ന് കൈവെയ്പ്പ് സ്വീകരിച്ചു. ജീവിത പങ്കാളിയുടെ ആഗ്രഹവും, പ്രാർത്ഥനയുമായിരുന്നു എന്നെ കൂടി സുവിശേഷസംഘത്തിലേക്കു കൊണ്ടുവരികയെന്നത്. ദൈവകൃപയാൽ 2015 നവംബർ 22-ാം തീയതി തുടങ്ങിയ ഭദ്രാസനതല രണ്ടാം ബാച്ചിൽ ചേർന്നു പരിശീലനം തുടങ്ങി. സുവിശേഷസംഘമെന്ന് കേട്ടപ്പോൾ ആദ്യം മനസ്സിലാക്കിയത്, പ്രസംഗം പഠിപ്പിക്കുന്ന പരിശീലനകളരിയെന്നാണ്. എന്നാൽ ക്ലാസ്സുകളിൽ തുടർച്ചയായി പങ്കെടുക്കാൻ തുടങ്ങിയപ്പോൾ മനസ്സിലായി ഇത് പ്രസംഗിക്കാനുള്ള വിളിയല്ല, ജീവിക്കാനുള്ള വിളിയാണെന്ന്. സുവിശേഷമാകുവാനുള്ള വിളിയാണ്. സ്വയം വിശുദ്ധീകരണമാണ് സുവിശേഷവൽക്കരണത്തിന്റെ കാതൽ. 2018 ഫെബ്രുവരി 17-ാം തീയതി സുവിശേഷസംഘാംഗമാകാനുള്ള കൈവെയ്പ്പ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിൽ നിന്നും ലഭിക്കുവാൻ ദൈവം ഇടയാക്കി.

തിരുവചനം വായിക്കുവാനും, ധ്യാനിക്കുവാനും തുടങ്ങുമ്പോൾ ഏശ.43:1 ആണ് മനസ്സിൽ തെളിഞ്ഞു വരുന്നത്. "ഭയപ്പെടേണ്ട, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു, പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്". അതോടുകൂടി ദൈവീക കാര്യങ്ങളിൽ, ശുശ്രൂഷകളിൽ കൂടുതൽ താല്പര്യം കാണിക്കുവാൻ തുടങ്ങി.

"കർത്താവിന്റെ ആത്മാവ് ശക്തമായി നിന്നിൽ ആവസിക്കും. നീയും അവരോടൊത്തു പ്രവചിക്കാൻ തുടങ്ങും. മറ്റൊരു മനുഷ്യനായി നീ മാറും" (1 സാമു.10:6). ഈ വചനം ഞങ്ങളുടെ ജീവിതത്തിൽ തികച്ചും അന്വർത്ഥമായി. സുവിശേഷസംഘാംഗമാവുക എന്നാൽ ഒരു സംഘടനയിൽ അംഗമാവുക എന്നല്ല; മറിച്ച് ഒരു ജീവിതക്രമം സ്വീകരിക്കുക എന്നുള്ള തിരിച്ചറിവുണ്ടായി. സുവിശേഷസംഘാംഗങ്ങൾ അനുഷ്ഠിക്കേണ്ട 25 പ്രായോഗിക നിർദ്ദേശങ്ങൾ ബുദ്ധിമുട്ടാണെന്ന് പ്രത്യക്ഷത്തിൽ തോന്നിയെങ്കിലും, അനുഷ്ഠിച്ച് തുടങ്ങിയപ്പോൾ വളരെ സന്തോഷപ്രദവും, ആയാസരഹിതവുമായി ബോദ്ധ്യപ്പെട്ടു. ഉദാഹരണമായി വർജ്ജനയിലും, നോമ്പിലുമുള്ള കാഴ്ചപ്പാടുകൾ. വലിയനോമ്പ്, ഇരുപത്തഞ്ച് നോമ്പ്, മൂന്നു നോമ്പ് എന്നിവ നോക്കിയാൽ മതിയെന്നായിരുന്നു ധരിച്ചിരുന്നത്. എന്നാൽ സുവിശേഷസംഘത്തിൽ വന്നതിനുശേഷം എല്ലാ നോമ്പുകളും (50, 25, 15, 13, 8 & 3) ഒരു ബുദ്ധിമുട്ടും കൂടാതെ കുടുംബമായി നോക്കുന്നു. നോമ്പിൽ മീൻ കഴിയ്ക്കാമെന്ന തെറ്റിദ്ധാരണയും ഉണ്ടായിരുന്നു. ഇപ്പോൾ അതും മാറി. നോമ്പ് നോക്കാത്തവരുടെ കൂട്ടത്തിൽ പോയി ഇരുന്നാൽപോലും, മത്സ്യമാംസങ്ങൾ കഴിക്കണമെന്ന പ്രവണതയേ ഇല്ല.

എന്റെ സഭയേയും, സമൂഹത്തേയും വിശുദ്ധീകരിക്കാൻ ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കണമെന്ന, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ദർശനവുമായി ബന്ധപ്പെടുത്തിയുള്ള ബഹു. ആന്റണി കാക്കനാട്ട് അച്ചന്റെ ക്ലാസുകൾ ഏറെ ചിന്തിപ്പിക്കുന്നതാണ്. പരിശീലന ക്ലാസുകൾ ചിന്താഗതികളേയും, കാഴ്ചപ്പാടുകളേയും തിരുത്തിക്കുറിച്ചു. ജീവിക്കുന്നത് പ്രഘോഷിക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്യുകയാണ് സഭാമക്കളുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമെന്ന് വെളിപ്പെടുത്തിയപ്പോൾ, ക്രിസ്ത്യാനികളുടെ ഉത്തരവാദിത്വം എത്രയോ വലുതാണെന്ന ബോദ്ധ്യമാണ് പരിശീലന ക്ലാസുകളിൽ നിന്നും ലഭിച്ചത്. ഒരു ക്രിസ്ത്യാനിയെപ്പറ്റിയുള്ള ബഹു. ആന്റണി അച്ചന്റെ കാതലായ പരാമർശങ്ങൾ എപ്പോഴും കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കും.

ഭവനസന്ദർശനങ്ങളേയും, രോഗീസന്ദർശനങ്ങളേയുംപറ്റി എടുത്തുപറയേണ്ടിയിരിക്കുന്നു. നമ്മുടെ കുടുംബങ്ങളുടെ ആത്മീയവും, ഭൗതീകവുമായ അവസ്ഥകൾ, ദൈവാലയവുമായി ബന്ധമില്ലാത്ത കുടുംബങ്ങൾ, മദ്യത്തിനും, മയക്കുമരുന്നിനും അടിമപ്പെട്ടു കഴിയുന്നവർ, തകർന്ന കുടുംബബന്ധങ്ങൾ, രോഗാവസ്ഥയിൽ കഴിയുന്നവർ, വാർദ്ധക്യത്തിൽ ഉറ്റവരുടെയും ഉടയവരുടെയും പരിഗണന ലഭിക്കാത്തവർ, മാനസികവേദന അനുഭവിക്കുന്നവർ, സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവർ.... അങ്ങനെ നീണ്ടുപോകുന്നു പട്ടിക. അവരോടൊന്നിച്ച് പ്രാർത്ഥിക്കുമ്പോഴുണ്ടാകുന്ന ആത്മസംതൃപ്തി വളരെ വലുതാണ്. ഒരുമിച്ചുള്ള ഭവന സന്ദർശനങ്ങൾ ഒരു സാക്ഷ്യമാക്കി മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞു. സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്നപ്പോൾ, ഓരോരുത്തരുടെയും ദുഃഖങ്ങളും, പ്രയാസങ്ങളും, പരിദേവനങ്ങളും, സാഹചര്യങ്ങളും മനസ്സിലാക്കിയപ്പോൾ, നമ്മുടെ വേദനകളും, കഷ്ടപ്പാടുകളും ഒന്നുമല്ല എന്ന് തോന്നിത്തുടങ്ങി.

സുവിശേഷസംഘത്തിലേക്ക് വന്നതുമൂലം ലഭിച്ച ഏറ്റവും വലിയ അനുഗ്രഹം, ക്ഷമിക്കുവാനുള്ള കൃപ ലഭിച്ചുവെന്നാണ്. ഹൃദയപൂർവ്വം ക്ഷമിച്ചതുവഴി സ്വന്തം കുടുംബത്തിലും, ഇടവകയിലേയും വലിയ പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിഞ്ഞു.

മറ്റൊര ദാനമാണ് പറയുന്നത് - മദ്ധ്യസ്ഥ പ്രാർത്ഥന നടത്താനുള്ള വലിയ കൃപയാണ്. മറ്റുള്ളവർക്കുവേണ്ടി കരഞ്ഞു പ്രാർത്ഥിച്ചപ്പോൾ, പലതിനും ഉത്തരങ്ങൾ ലഭിച്ച അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പല സങ്കീർണ്ണപ്രശ്നങ്ങളും തമ്പുരാൻ പരിഹരിച്ചുതന്നിട്ടുമുണ്ട്.

ഞങ്ങളുടെ കുടുംബത്തിൽ ക്ഷമ എന്ന വലിയ പുണ്യം കരഗതമായി. സുവിശേഷശുശ്രൂഷയ്ക്കായി (ഭവന സന്ദർശനങ്ങൾ) ഞങ്ങൾക്ക് ഇരുവർക്കും കൂടി ഒന്നിച്ചുപോകുവാനും, പ്രയാസത്തിലും, ദുഃഖത്തിലും ഇരിക്കുന്നവർക്ക് ആശ്വാസം പകരുവാനും സാധിക്കുന്നു.



അനുഭവസാക്ഷ്യം

## "സുവിശേഷം - സദ്വചനങ്ങളുടെ തീമഴ"

**ജോൺ & ഫിൽസി ജോൺ**
സഭാതല സുവിശേഷസംഘാംഗങ്ങൾ
തിരുവനന്തപുരം മേജർ അതിഭദ്രാസനം



"വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും, ശാസനത്തിനും തെറ്റുതിരുത്തലിനും, നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിനു പര്യാപ്തനാവുകയും ചെയ്യുന്നു" (2 തിമോ.3:16-17).

തിരുവനന്തപുരം മേജർ അതിരൂപതയിൽ നാലാഞ്ചിറ ഇടവക, സെയിന്റ് തോമസ് ദൈവാലയത്തിലെ അംഗങ്ങളാണ് ഞങ്ങൾ. പട്ടം കതോലിക്കേറ്റ് സെന്ററിൽ സുവിശേഷസംഘാംഗങ്ങളാകുവാനുള്ള പരിശീലനക്ലാസ്സിലെ 6-ാം ബാച്ചിൽ ഞങ്ങൾ രണ്ടുപേരും ചേരുകയും, ഒരു മുടക്കവും വരുത്താതെ എല്ലാ ക്ലാസുകളിലും പങ്കെടുക്കുകയും ചെയ്തു. ദൈവകൃപയാൽ ഈ വർഷം ജൂലൈ മാസത്തിൽ മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ ബസേലിയോസ് ക്ലീമീസ് ബാവാ തിരുമേനിയുടെ പക്കൽ നിന്നും കൈവയ്പ്പ് സ്വീകരിക്കുകയും ചെയ്തു. സുവിശേഷസംഘാംഗങ്ങളാകുവാനുള്ള അവസരം ഒരു യാഥാർത്ഥ്യമായതിൽ ഞങ്ങൾ പരമോന്നതനെ സ്തുതിക്കുന്നു. ബൈബിൾ ക്ലാസുകൾ വളരെയധികം ആകർഷകമാകത്തക്കവിധം ക്രമീകരിച്ച്, സാധ്യമാക്കിയതിൽ ബഹുമാന്യരായ ആന്റണി കാക്കനാട്ട്, ആന്റണി കല്ലിൽ എന്നീ അച്ചന്മാർ അങ്ങേയറ്റം പ്രശംസ അർഹിക്കുന്നു. അവരുടെ ത്യാഗമനോഭാവവും, ആഴമേറിയ ദൈവാശ്രയവും, ബൈബിൾ വചനങ്ങളിലുള്ള ദൃഢമായ പരിജ്ഞാനവും, നൈപുണ്യവും അത്ഭുതകരമാണ്. അവരുടെ സ്നേഹമേറിയ സമീപനം എല്ലാവർക്കും ഒരു മാതൃകയാണ്. അകാലത്തിൽ നമ്മെ വിട്ടു പിരിഞ്ഞുപോയ സിസ്റ്റർ ഫ്രാൻസീനായുടെ സ്വയം സമർപ്പിതമായ പ്രവർത്തനങ്ങൾ എന്നും സ്മരിക്കുന്നു. ഒരു സഹോദരിയായി, അമ്മയായി സഭയ്ക്കുവേണ്ടി സേവനം അനുഷ്ഠിച്ച ഒരു സ്നേഹമയി. ആ പുണ്യാത്മാവിന് നിത്യ പറുദീസായിൽ ആനന്ദം കൊള്ളുവാൻ ഇടയാകട്ടെ. ബൈബിൾ ക്ലാസുകൾ എടുത്ത മറ്റു വൈദികർ, കന്യാസ്ത്രീകൾ എന്നിവരുടെ വേദവചനങ്ങളിലുള്ള ആഴമേറിയ അറിവ് സുവിശേഷസംഘാംഗങ്ങളുടെ ഭാവിപ്രവർത്തനങ്ങൾക്ക് ഓജസ്സും, തേജസ്സും പകരുന്നവയാണ്. ആത്മീയ അനുഷ്ഠാനങ്ങളിൽ കൂടുതൽ തല്പരരാകുവാൻ സുവിശേഷസംഘാംഗമാകുന്നത് വഴിയായി അന്വർത്ഥമാകുന്നു. ഒരു അംഗമായതുവഴിയായി ജീവിത പ്രയാണങ്ങളിൽ ദൈവസാന്നിദ്ധ്യം തിരിച്ചറിയുവാനുള്ള ഒരു ഉൾവിളി ലഭിച്ചു. ബൈബിൾ എന്ന വചന ഗ്രന്ഥത്തിന് ഒരു വേറിട്ട മാഹാത്മ്യവും, ആദരവും നൽകുവാൻ ഞങ്ങളുടെ ഭവനത്തിൽ ഒരു പ്രമുഖ സ്ഥാനത്ത് അതിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. കേവലം വെറുമൊരു പ്രതിഷ്ഠയാകാതെ അതിലെ വചനങ്ങൾ വായിച്ച് ആശയം ഉൾക്കൊള്ളുവാനും അതനുസരിച്ച് ജീവിത വിശുദ്ധി കണ്ടെത്തുവാനും പരിശ്രമിക്കുന്നു. നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളെക്കുറിച്ച് വളരെ പരിമിതമായ അറിവ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. സുവിശേഷസംഘ ബൈബിൾ ക്ലാസുകളിൽ യാമപ്രാർത്ഥനകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഞങ്ങൾ ഭവനത്തിൽ യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ ചൊല്ലുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുവാനും ഉത്സുകരാണ്. പരിശീലന ക്ലാസുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന Lectio Divina (Divine Reading) ബൈബിൾ പാരായണവും, അതിനെക്കുറിച്ചുള്ള വിചിന്തനവും, വായിക്കുന്ന ഓരോ വചനങ്ങളും അടിസ്ഥാനമാക്കി ഒരു സ്വയം പ്രേരിത പ്രാർത്ഥന രൂപപ്പെടുത്തുന്നതും മനസ്സിനു ഒരു ശുദ്ധീകരണാനുഭവമാണ്.

വചനങ്ങളുടെ അർത്ഥവും വ്യാപ്തിയും, സജീവിതത്തിൽ വചനങ്ങൾക്കുള്ള സ്വാധീനവും നാം നിത്യവും ശോധനചെയ്യേണ്ടത് അത്യാവശ്യമായ ഒരു ഘടകമാണ്. സുഖലോലുപതയിൽ സ്വയം മറന്ന് ദൈവാശ്രയം തിരസ്ക്കരിക്കാതെ, നിത്യ പറുദീസായിലെ നറു പുഷ്പങ്ങളാകുവാൻ ജീവിതത്തിൽ ദാനമായി ലഭിച്ച ദൈവനന്മകൾക്ക് സ്തുതികൾ കരേറ്റാം. സ്നേഹമാകുന്ന എണ്ണയെ നമ്മുടെ ജീവിത വിളക്കുകളിൽ നിത്യവും കരുതാം. വചന ദീപ്തിയിൽ പ്രശോഭിതരാകുവാൻ, സത്യവേദപുസ്തകത്തിന്റെ സാക്ഷികളാകുവാൻ, നമ്മുടെ ജീവിതം സമർപ്പണം ചെയ്യാം. വിശുദ്ധിയിലേക്കുള്ള പാത തേടുന്ന സുവിശേഷ സംഘാംഗങ്ങളാകുവാൻ, ദൈവവചനങ്ങളിൽ ആഴമേറിയ വിശ്വാസത്തിന്റെ അടിസ്ഥാനം ഉറപ്പിക്കാം.

2018-ലുണ്ടായ വെള്ളപ്പൊക്കത്തിൽ, ഇടവകയിലെ രണ്ടു കുടുംബങ്ങളെ (7പേർ) ഞങ്ങളുടെ വീട്ടിൽ 15 ദിവസങ്ങൾ താമസിപ്പിച്ചു. വി. മത്തായി 25:31-46 വരെയുള്ള തിരുവചനഭാഗങ്ങളിൽ പ്രതിപാദിക്കുന്നതുപോലെ ഈശോയെ നേരിൽ കണ്ട് ശുശ്രൂഷ ചെയ്തതുപോലെയുള്ള അനുഭവമാണ് ആ നാളുകളിൽ ഞങ്ങൾക്ക് ലഭിച്ചത്. അവർ ഞങ്ങളുടെ സ്വന്തമോ, ബന്ധമോ ഒന്നും അല്ലാതിരുന്നിട്ടും, അത്രയെങ്കിലും നന്മ ചെയ്യുവാൻ ഞങ്ങളെ പ്രേരിപ്പിച്ചത് സുവിശേഷസംഘത്തിലൂടെ ലഭിച്ച ചൈതന്യമാണ്. സുവിശേഷസംഘത്തിൽ വരുന്നതിനു മുമ്പായിരുന്നു വെള്ളപ്പൊക്ക ദുരിതമെങ്കിൽ ഞങ്ങളിൽ നിന്നും ഈ നന്മകൾ ഉണ്ടാകുമായിരുന്നോ എന്ന് സംശയിക്കുന്നു.

ഇന്ന് ഞങ്ങൾ എന്തായിരിക്കുന്നുവോ, അത് ദൈവകൃപയാലാണ്. ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവും ആയിരിക്കുവാനും, ഞങ്ങളുടെ സൽപ്രവർത്തികൾ കണ്ട് സ്വർഗസ്ഥനായ പിതാവിന്റെ നാമം മഹത്വപ്പെടുവാനും, സുവിശേഷസംഘ പ്രവർത്തനങ്ങളിലൂടെ സാധ്യമാകാൻ തമ്പുരാൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### കരുണയുടെ ജപമാല

കൊറോണ വൈറസ് എന്ന മഹാമാരി ലോകത്തെ മുഴുവൻ ഭയത്തിലും, ദുഃഖത്തിലുമാക്കിയിരിക്കുന്ന ഈ സമയം നമ്മുടെ പ്രാർത്ഥനയും, ജാഗ്രതയും വളരെ ആവശ്യമാണ്. ലോകം മുഴുവൻ ദൈവകരുണ ലഭിക്കുന്നതിനുവേണ്ടി സുവിശേഷസംഘാംഗങ്ങൾ എല്ലാദിവസവും ഈ നിയോഗത്തിലേക്ക് ഒരു കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്.

www.malankaralibrary.com

അനുഭവസാക്ഷ്യം



# വെള്ളി നൂലേന്തിയ കുഞ്ഞുമാലാഖമാർ

**സി.പോൾസി അഗസ്റ്റിൻ ഡി എം**
സഭാതല സുവിശേഷസംഘാംഗം
മാർത്താണ്ഡം പ്രൊവിൻസ്

സുവിശേഷസംഘാംഗമായി കൈവയപ്പ് സ്വീകരിച്ചപ്പോൾ ഞാൻ ദൈവത്തോട് ചോദിച്ചു. ദൈവമേ ഏതുമേഖലയിലാണ് ഞാൻ അങ്ങേക്ക് സാക്ഷ്യം വഹിക്കേണ്ടത്. "ദൈവം തരും" (ഉൽപ.20:28) എന്ന തിരുവചനമായിരുന്നു എനിക്ക് ഉത്തരമായി ലഭിച്ചത്. കഴിഞ്ഞ 15 വർഷങ്ങളായി MCCL, Little Missionaries of Jesus, Christeen തുടങ്ങിയ സംഘടനകളിലൂടെ കുഞ്ഞുങ്ങളുടെ ഇടയിൽ അനേകം ശുശ്രൂഷകൾ നടത്തുവാൻ ദൈവം എനിക്ക് അവസരം നൽകിയിട്ടുണ്ട്. സുവിശേഷസംഘത്തിൽ ചേർന്നത് മുതൽ തിരുവചനം കൂടുതൽ ഗൗരവത്തോടെ സ്വീകരിക്കാനും ജീവിക്കാനും ആരംഭിച്ചതിന്റെ ഫലമായി, കുഞ്ഞുങ്ങളിൽ യേശുവിന്റെ ഛായ രൂപപ്പെടുത്തുവാനും, അവിടുത്തെ സാദൃശ്യത്തിലേക്ക് അവരെ വളർത്തുവാനും ദൈവം എന്നെ ക്ഷണിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മികതയുമായി ബന്ധപ്പെടുത്തി കുട്ടികളുടെയിടയിൽ ഞാനിപ്പോൾ ചെയ്യുന്ന വിവിധ ശുശ്രൂഷ മേഖലകളെ കുറിച്ചാണ് ഈ അനുഭവസാക്ഷ്യത്തിൽ പ്രതിപാദിക്കുന്നത്.

**1. ആവുന്നത്ര ചെറുപ്പം മുതൽ (രണ്ട് വയസ്സ്) കുഞ്ഞുങ്ങളെ എന്റെ അരികിൽ നിറുത്തി വി. കുർബാനയിൽ പങ്കെടുപ്പിക്കുക.**

മുതിർന്നവരെ അനുകരിക്കുവാൻ ഏറെയും ഇഷ്ടമുള്ള ഈ പ്രായത്തിൽ, കുഞ്ഞുങ്ങൾ എന്നെ മുഴുവനായി ഒപ്പിയെടുക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞു. (കൈകൾ കൂപ്പി പ്രാർത്ഥിക്കുന്നത്, കുരിശ് വരയ്ക്കുന്നത്, മുട്ട് കുത്തുന്നത് മുതലായവ..). ചെറുപ്പത്തിലെ ഇങ്ങനെ ശീലമാക്കുന്നത് അവരുടെ ജീവിതത്തിന് ഒരു മുതൽക്കൂട്ടാകാതിരിക്കില്ല. പള്ളിയിലിരുന്ന് കളിക്കുക, ഉറങ്ങുക, ഭക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിൽ നിന്ന് കുഞ്ഞുങ്ങളുടെ ശ്രദ്ധ തിരിക്കാൻ എന്റെ ശ്രദ്ധ ലഭിക്കുന്നത് അവർക്ക് വലിയ പ്രോത്സാഹനമായി തീർന്നു.

**2. പിഞ്ചുനാവിൽ ദൈവ വചനത്തിന്റെ തേൻതുള്ളി ചാലിച്ചു കൊടുക്കുക.**

"കർത്താവ് എന്റെ ഇടയനാകുന്നു, എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല" (സങ്കീ.23:1) എന്ന തിരുവചനം നല്ലിടയന്റെ ചിത്രം കാണിച്ച് പറഞ്ഞ് പഠിപ്പിച്ചപ്പോൾ, വാക്കുകൾ കൂട്ടി ചൊല്ലാനറിയാതെ കണ്ണും കയ്യും പിന്നെ ശരീരം മുഴുവനും ചേർത്ത് ആവർത്തിച്ച് ചൊല്ലി പ്രാർത്ഥിച്ചപ്പോൾ സതൃത്തിൽ ദൈവം പ്രത്യക്ഷപ്പെടുന്നതായി അനുഭവപ്പെട്ടു. തിരുവചനം പറഞ്ഞ് കുഞ്ഞുങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവർക്ക് രോഗസൗഖ്യം, മറ്റ് അനുഗ്രഹങ്ങളും ലഭിക്കുകയുണ്ടായി. കുഞ്ഞു ഹൃദയമാകുന്ന നല്ല നിലത്ത് വിതയ്ക്കപ്പെട്ട ഈ തിരുവചനങ്ങൾ അനുകൂല സാഹചര്യങ്ങളിൽ വളർന്ന് നല്ല ഫലം തരും എന്നതിൽ സംശയമില്ല.

**3. കുഞ്ഞുങ്ങൾ വഴി കുടുംബങ്ങളെ വിശുദ്ധീകരിക്കുക.**

നമ്മുടെ കുടുംബങ്ങളെ കൃപ നിറയുന്ന കുടുംബങ്ങളാക്കി മാറ്റുവാൻ ഏറ്റവും എളുപ്പമുള്ളതും പ്രായോഗികവുമായ മാർഗ്ഗം. 10 വയസ്സിന് താഴെയുള്ള നമ്മുടെ കുഞ്ഞുങ്ങളെ ആദ്യം കൃപനിറഞ്ഞവരാക്കി മാറ്റുക എന്നതാണ്. പിന്നെ അവർ തന്നെ കുടുംബങ്ങളിൽ കൃപയുടെ വിതരണക്കാരായി മാറിക്കൊള്ളും. കാരണം ഇന്ന് കുഞ്ഞുങ്ങൾക്ക് കുടുംബങ്ങൾക്ക് കുടുംബങ്ങളിൽ അത്ര മാത്രം സ്വാധീനമുണ്ട്. സ്നേഹത്തിന്റെ വെള്ളി നൂലുകൊണ്ട് ബന്ധങ്ങളുടെ ഇഴതുന്നിച്ചേർക്കുവാൻ കുഞ്ഞുങ്ങളെപ്പോൽ സമർത്ഥരായി മറ്റാരും തന്നെ ഉണ്ടാവില്ല. ഒരു അനുഭവം പങ്കുവയ്ക്കട്ടെ. എം.സി.സി. എൽ.ന്റെ ക്ലാസ് കഴിഞ്ഞ് ഒരു കുഞ്ഞിന്റെ വീടു സന്ദർശിക്കാൻ പോകുന്ന വഴിയിൽ മറ്റുരണ്ട് കുട്ടികളും കൂടി ഞങ്ങളുടെ കൂടെ കൂടി. ഞങ്ങളുടെ വീട്ടിലും വരണമെന്ന അവരുടെ സ്നേഹ നിർബന്ധത്തിന് വഴങ്ങി അവരുടെ വീട്ടിലും പോയി. ആ വീടിനുള്ളിൽ കയറിയപ്പോൾ അവിടെ ഒരുപാട് മാറ്റങ്ങൾ ഞാൻ ശ്രദ്ധിച്ചു. വളരെ അടുക്കും ചിട്ടയുമായി എല്ലാം ക്രമീകരിച്ചിരിക്കുന്നു. പ്രാർത്ഥനകളും ബൈബിൾ വായനയ്ക്കുമായി പ്രത്യേക സ്ഥലം ഒരുക്കിയിരിക്കുന്നു. കുഞ്ഞുങ്ങൾ പഠിക്കുന്ന സ്ഥലത്ത് യേശുവിന്റെയും മാതാവിന്റെയും ചിത്രം വച്ചിരിക്കുന്നു. ആകെപ്പാടെ ഒരു പുതിയ ചൈതന്യം അവിടെ നിറഞ്ഞു നിന്നിരുന്നു. എല്ലാവരും വട്ടത്തിലിരുന്ന് വിശേഷങ്ങൾ പറയാൻ തുടങ്ങി. കുഞ്ഞുങ്ങൾ ആ വീട്ടിൽ വരുത്തിയ മാറ്റങ്ങളെയാണ് സന്തോഷത്തോടെ അവർ പങ്കുവച്ചത്. എല്ലാവരും ചേർന്നുള്ള സന്ധ്യാ പ്രാർത്ഥന ആരംഭിച്ചു എന്നതായിരുന്നു. ഏറ്റവും സന്തോഷം നിറഞ്ഞ വാർത്ത. എം.സി.സി.എൽ-ൽ പഠിപ്പിക്കുന്ന ദൈവവചനങ്ങൾ കുഞ്ഞുങ്ങൾ വീട്ടിൽ എല്ലാവരേയും പഠിപ്പിക്കാനും, പേപ്പറിൽ എഴുതി ചുവരിൽ ഒട്ടിക്കാനും, സന്ധ്യാപ്രാർത്ഥനയിൽ അത് ഉരുവിട്ടു പ്രാർത്ഥിക്കാനും തുടങ്ങിയപ്പോൾ കുടുംബത്തിൽ പുതിയ സമാധാനം ഉണ്ടായതായി അവർ സാക്ഷ്യപ്പെടുത്തി. കുഞ്ഞുങ്ങൾ സ്കൂളിൽ പോകുന്നതിനു മുമ്പ് ബൈബിൾ വായിക്കുന്നതിനാൽ, വീട്ടിൽ നിന്ന് യാത്ര പോകുന്നതിന് മുമ്പ് ബൈബിൾ വായിക്കുക എന്നത് ശീലമായി മാറിയിരിക്കുന്നു. കുഞ്ഞുങ്ങളുടെ വാശിപിടിക്കുന്ന സ്വഭാവം വളരെയധികം കുറഞ്ഞിരിക്കുന്നു. കിട്ടുന്ന മിഠായിയും മറ്റും അനുജത്തിക്ക് കൂടി പങ്കുവയ്ക്കാൻ ആരംഭിച്ചു. പഠനത്തിലും, ആത്മീയ കാര്യങ്ങളിലും താല്പര്യവും ശ്രദ്ധയും വർദ്ധിച്ചു. മമ്മിയും പപ്പായും തമ്മിൽ വഴക്കിടുന്നില്ല എന്നതായിരുന്നു മക്കളുടെ സന്തോഷം. കാരണം ഏതാനും മാസങ്ങൾക്ക് മുമ്പ് മാതാപിതാക്കൾ തമ്മിൽ കലഹിച്ച് അമ്മ എഴുതിയ ആത്മഹത്യാകുറിപ്പ് ആ കുഞ്ഞിന്റെ ബുക്കിൽ നിന്ന് ഞാൻ കണ്ടിരുന്നു. അങ്ങനെ തകർച്ചയുടെ വക്കിൽ എത്തിയ ഒരു കുടുംബമായിരുന്നു അത്. എന്നാൽ ഇന്ന് അത് സമാധാനത്തിന്റെയും, കൃപയുടെയും തിരുകുടുംബമായി മാറിയിരിക്കുന്നു. വെള്ളി നൂലേന്തിയ രണ്ട് കുഞ്ഞു മാലാഖമാരിലൂടെയാണ് അത് സംഭവിച്ചത്.

ദൈവത്തെ സ്തുതിച്ചുകൊണ്ട് അവരുടെ വിശേഷങ്ങൾ എല്ലാം കേട്ടശേഷം തിരുവചനം വായിച്ച് ഒന്നിച്ച് പ്രാർത്ഥിച്ച് ആ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ എന്റെ ആത്മാവിൽ വലിയ സമാധാനം അനുഭവപ്പെട്ടു. ഈശോയെ വഹിക്കുന്ന കുഞ്ഞുങ്ങളുടെ കുടുംബങ്ങളിലും അതുവഴി സമൂഹത്തിലും അത്ഭുതകരമായ മാറ്റങ്ങൾ ഉരുവാക്കുവാൻ ഒരു മിഷനറിക്ക് സാധിക്കും എന്ന് എനിക്ക് ബോധ്യമായി. സുവിശേഷത്തിന്റെ പരിമളം പരത്തി വീട്ടിലും നാട്ടിലും ഓടി നടക്കാൻ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക എനിക്കും ഒരു ഹരമായി തീർന്നിരിക്കുന്നു. ദൈവത്തെ കാണാൻ കുഞ്ഞുങ്ങളെ നൽകിയ ദൈവത്തിന് നമുക്ക് നന്ദിപറയാം.

അനുഭവസാക്ഷ്യം



# സ്വയവിശുദ്ധീകരണത്തിലൂടെ സുവിശേഷപരിമളമാകാൻ

**സിസ്റ്റർ തെരേസ് എസ്.ഐ.സി.**
സഭാതല സുവിശേഷസംഘാംഗം
തിരുവനന്തപുരം പ്രൊവിൻസ്

പ്രക്ഷുബ്ദമായ കടലിൽ ഒറ്റപ്പെട്ട തോണിപോലെ, ജീവിതത്തിന്റെ കോളിളക്കങ്ങൾ എന്നെ വളരെയധികം പിടിച്ചുലച്ച കാലം. 2008-2010 വർഷങ്ങളിൽ അമേരിക്കൻ ഐക്യനാടുകളിൽ ആയിരുന്ന കാലം, സഭയോടൊന്ന് കൂടുതൽ അടുത്ത് ചിന്തിക്കുകയും പ്രവർത്തിക്കാൻ എന്നെ തന്നെ ഒരുക്കുകയും ചെയ്തകാലം, എന്റെ ജീവിതത്തിലേക്ക് ആർത്തിരമ്പുന്ന തിരമാലകളുടെ അതിപ്രവാഹം അത് എന്നെ തളർത്തി. എന്നെ സഭാതലവനായ അഭിവന്ദ്യ കാതോലിക്കാ ബാവാതിരുമേനി ആശ്വസിപ്പിച്ചു എന്നിട്ട് ഇപ്രകാരം ചോദിച്ചു. "സന്യാസ സഭകൾ സഭാശുശ്രൂഷകളിൽ വിമുഖത കാണിക്കുന്നുവെങ്കിൽ എനിക്ക് മറ്റേതെങ്കിലും തലങ്ങൾ ചിന്തിക്കേണ്ടിവരും. എനിക്ക് എന്റെ സഭയെ തള്ളിക്കളയാൻ പറ്റുമോ?". ആ ചോദ്യം എനിക്ക് പ്രത്യാശ പകരുന്നതായിരുന്നു. ഒരുപക്ഷേ, എന്നെപ്പോലെയുള്ള അനേകംപേരുടെ കണ്ണുനീരിന്റെയും സഹനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാകാം സുവിശേഷസംഘത്തിന്റെ രൂപീകരണം. എങ്കിലും ഞാൻ ആയിരുന്ന ചുറ്റുപാടിൽ നിന്ന് എനിക്ക് ഏൽക്കേണ്ടിവന്ന പരിഹാസങ്ങളും, കുറ്റപ്പെടുത്തലുകളും, വിമർശനങ്ങളും അവഗണനകളും എന്നെ തളർത്തിക്കൊണ്ടേയിരുന്നു. "ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും അറയ്ക്കും" എന്നു പറയുന്ന അനുഭവങ്ങളിലൂടെ മുന്നോട്ടുപോകുന്ന കാലത്ത്, എന്റെ സഹനങ്ങളിൽ കൈത്താങ്ങായി എന്നോടൊപ്പം ചരിച്ച മദർ ബഞ്ചമിൻ എസ്.ഐ.സി. എന്നെ ഇടയ്ക്കൊക്കെ ഓർമ്മിപ്പിക്കുന്ന ഒരു വാചകമുണ്ട്. "എവിടെ നിനക്ക് നിന്റെ ദൈവം സഹനം തന്നോ അവിടെ ദൈവം നിന്നെ കൂടുതൽ ആഴപ്പെടുത്താൻ വേണ്ടിയാണ്". ഈ സാഹചര്യത്തിലാണ് ഞാൻ സുവിശേഷസംഘത്തിലേക്ക് കടന്നുവരുന്നത്. അവിടെ കാക്കനാട്ടച്ചൻ ഓർമ്മിപ്പിച്ചു. "സുവിശേഷസംഘം എന്നു പറഞ്ഞാൽ മറ്റുള്ളവരെ നന്നാക്കാൻ വേണ്ടി നിങ്ങളെ വിളിച്ചുകൂട്ടിയതല്ല. സ്വയ വിശുദ്ധീകരണത്തിലൂടെയുള്ള ഒരു പ്രേഷിത ജീവിതത്തിനാണ് നമ്മെ വിളിച്ച് വേർതിരിച്ചിരിക്കുന്നത്. ഈ അനുഭവങ്ങളും വാക്കുകളും മാതൃകകളുമെല്ലാം എന്റെ ജീവിതത്തെ സ്വയ വിശുദ്ധീകരണത്തിലൂടെ സഭാശുശ്രൂഷയിൽ പങ്കുചേരാൻ എന്നെ സഹായിച്ചുകൊണ്ടേയിരിക്കുന്നു. ഒരു പക്ഷേ, ഒരേ കാര്യം പല ആവർത്തി ചെയ്യുമ്പോൾ അനുഭവപ്പെടുന്ന യാന്ത്രികതയിൽ നിന്ന് മുക്തി തേടുവാൻ സുവിശേഷസംഘാംഗത്വം എന്നെ സഹായിക്കുന്നു. ഓരോ പ്രഭാതത്തിലും ദൈവത്തിന്റെ പുതിയ സ്നേഹം അനുഭവിച്ചുകൊണ്ട്, ഓരോ വചനഭാഗം ധ്യാനിക്കുമ്പോഴും അതിന്റെ പുതിയ പുതിയ അർത്ഥങ്ങളെ മനസിലാക്കുവാൻ Lectio Divina- യിലൂടെ കിട്ടിയ പരിശീലനം സഹായിക്കുന്നു. പുതുമയോടെ ഓരോ നോമ്പിനേയും സഭാവത്സരങ്ങളേയും കാണാൻ സുവിശേഷസംഘ പരിശീലനം സഹായിക്കുന്നു.

സുവിശേഷസംഘത്തിനുവേണ്ടി രൂപമാക്കപ്പെട്ട 25 കാര്യങ്ങൾ അടങ്ങുന്ന ജീവിതശൈലിയിലൂടെ സുവിശേഷത്തിന്റെ പരിമളം മറ്റുള്ളവരിലേക്ക് പകരുവാനുള്ള ഉപാധിയായി സ്വീകരിക്കുവാനും സന്യാസ നിഷ്ഠകൾ തന്നെയായ അവയെ വളരെ ഗൗരവമായികണ്ട് പാലിക്കാനും സാധിക്കുന്നു. ഞാൻ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽപ്പെട്ടവരുടെ ഭവനത്തിലുള്ളവരെ കാണുവാനും, വേദനിക്കുന്നവരേയും സമാധാനമില്ലാത്തവരേയും ആശ്വസിപ്പിക്കുന്നതിനും, രോഗികൾക്ക് ആരോഗ്യസംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, കൂദാശകളിലേക്ക് നയിക്കുന്നതിനും കർത്താവിന്റെ ഏറ്റവും ചെറിയ ഉപകരണമായ എന്നെ ദൈവം ഉപയോഗിക്കുന്നു എന്നതിൽ ഞാൻ കൃതാർത്ഥയാണ്.

ഒരു കോളേജിന്റെ ഉത്തരവാദിത്വത്തിൽ ഇരിക്കുന്ന എനിക്ക്, ഒരു പക്ഷേ, സഭയിൽ ഇറങ്ങി പ്രവർത്തിക്കാൻ സമയക്കുറവ് ഉണ്ട് എങ്കിലും ദൈവം എന്റെ ജീവിതത്തിൽ തരുന്ന രോഗാവസ്ഥകളെ യേശുവിന്റെ കുരിശിനോടുചേർന്ന് സഹിക്കാനും സഭയിൽ പ്രവർത്തിക്കുന്ന അനേകംപേർക്കുവേണ്ടി കാഴ്ചവയ്ക്കാനും സാധിക്കുന്നു. സുവിശേഷസംഘപരിശീലനം നേടിക്കൊണ്ടിരുന്ന കാലത്ത് എന്റെ ഇടതു കണ്ണിന്റെ കാഴ്ച കുറെ കാലത്തേക്ക് പരിപൂർണ്ണമായി നഷ്ടപ്പെട്ടു. ഈ കോഴ്സ് പൂർത്തിയാക്കാൻ സാധിക്കുമോ എന്ന ആശങ്ക ഉണ്ടായിരുന്നുവെങ്കിലും എന്റെ ആ ബുദ്ധിമുട്ടിനെ സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച അനേകരെ ശക്തിപ്പെടുത്താനായി കാഴ്ചവച്ച് സഹിക്കാൻ സാധിച്ചു. ഇന്ന് ഏതാണ്ട് 90% കാഴ്ച എനിക്കു തിരിച്ചുകിട്ടി. അതുപോലെ തന്നെ ഇന്ന് ഒരു വാചകം ശരിയായി സംസാരിക്കാൻ പറ്റാത്ത രീതിയിൽ ശബ്ദമില്ലാതെ ഞാൻ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്നു. അവിടെയും ഈ സഹനത്തെ സഭാ പീഢനങ്ങളുടെ നടുവിൽ അനേകംപേർക്ക് തങ്ങളുടെ ജീവിത സാക്ഷ്യങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കാനുള്ള ശക്തിക്കായി സന്തോഷത്തോടെ കാഴ്ചവയ്ക്കുവാൻ എനിക്കു സാധിക്കുന്നു. കരുണയോടെ മറ്റുള്ളവരെ കാണുവാനും, അനുകമ്പയോടെ പ്രവർത്തിക്കാനും ക്രിസ്തുവിന്റെ മനോഭാവം വളർത്തിയെടുക്കാനും പ്രത്യേകം ശ്രദ്ധ ചെലുത്താൻ സാധിക്കുന്നു എന്നതിലും സുവിശേഷസംഘത്തിന്റെ 25 നിയമങ്ങളെ നിഷ്ഠാപരമായി പാലിച്ച് ജീവിക്കുന്നതിനും, സഹനങ്ങളിലൂടെ സ്വയ വിശുദ്ധീകരണത്തിലൂടെ സഭയെ, സുവിശേഷ പരിമളത്തെ ശക്തിപ്പെടുത്താനും ദൈവമെന്നെ ഉപകരണമാക്കിയിരിക്കുന്നു എന്നതിൽ ഞാൻ കൃതാർത്ഥയാണ്. ദൈവതിരുനാമം എന്നും എവിടെയും മഹത്വപ്പെടട്ടെ.

www.malankaralibrary.com



അനുഭവസാക്ഷ്യം

# സുവിശേഷസംഘം - "മലങ്കര സഭയുടെ പുളിമാവ്"

ലാലി പൊന്നച്ചൻ
സഭാതലസുവിശേഷസംഘാംഗം
മൂവാറ്റുപുഴ ഭദ്രാസനം

സഭാജീവിതത്തിൽ വളരെ ആഴമായ വേരുള്ള ഒരു മലങ്കര കുടുംബത്തിൽ വളർന്ന് വളരെ ചെറുപ്രായത്തിൽ തന്നെ കുടുംബജീവിതത്തിൽ പ്രവേശിച്ച് വിശാലമായ കൊച്ചി നഗരത്തിൽ വന്ന എനിക്ക് സഭയുടെ കൗദാശികമായ കാര്യങ്ങളും ഞായറാഴ്ച കുർബാനകളും മാത്രമായിരുന്നു വിശ്വാസജീവിതം. എനിക്ക്, മലങ്കര സഭയുടെ സുവിശേഷസംഘത്തിലേക്കുള്ള കാൽവെയ്പ്പ്, ദൈവകൃപയുടെ മഹത്വത്തിൽ എന്നെ എന്റെ ഏകാന്തതയിൽ നിന്നും ഉയർത്തി ഒരു പുതുജീവൻ നൽകുകയും ദൈവവുമായുള്ള കൂട്ടായ്മയുടെ ഒരു നവോൻമേഷം അനുഭവവേദ്യമാക്കുകയും ചെയ്തു.

പ്രാർത്ഥന എന്നത് ദൈവസ്തുതിയും, പുകഴ്ചയും, നന്ദിപ്രകാശനവും, കുമ്പസാരവും, അപേക്ഷയും, മാദ്ധ്യസ്ഥവും എല്ലാം ഒത്തുചേർന്ന ഒരു സമസ്യയായി കരുതി ജീവിച്ച എനിക്ക് വീട്ടിനുള്ളിൽ നിന്നും പുറത്തുപോയി സുവിശേഷപ്രഘോഷണം നടത്തുന്നതിനോ പ്രേഷിത പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനോ യാതൊരു അവസരവും കിട്ടിയിരുന്നില്ല.

എന്നാൽ വിശ്വാസത്തിൽ മുറുകെ പിടിച്ച് ജീവിതം നയിച്ചുപോന്ന എനിക്ക് സുവിശേഷസംഘത്തിൽ വരാനുള്ള അവസരം ലഭിച്ചത് ഒരു അസുലഭ സംഭവമാണ്. 2016-ൽ നമ്മുടെ ഇടവകപള്ളിയിൽ നിന്നും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിൽ പ്രാർത്ഥിക്കുവാൻ പോകുകയും, അവിടെവച്ച് നമുക്കേവർക്കും ആദരണീയയായിരുന്ന ഫ്രാൻസീനാമ്മ എന്നെ സുവിശേഷസംഘത്തിലേക്കു വരുവാൻ ക്ഷണിക്കുകയും ചെയ്തു. എന്നാൽ തനിയെ വീട്ടിനു പുറത്തു എങ്ങുംപോയി പരിചയമില്ലാതിരുന്ന ഞാൻ ആ ക്ഷണം സ്നേഹപൂർവ്വം നിരസിച്ചു. എങ്കിലും ഞാൻ തിരികെ വരുന്നതിനുമുമ്പ് ഫ്രാൻസീനാമ്മ എന്നോടു പറഞ്ഞു, മോള് സുവിശേഷസംഘത്തിൽ വരാൻ ദൈവേഷ്ഠമായാൽ നീവരുക തന്നെ ചെയ്യും. ഏകദേശം രണ്ടാഴ്ച കഴിഞ്ഞപ്പോൾ എനിക്ക് ഫ്രാൻസീനാമ്മയുടെ ഫോൺ വന്നു. എന്റെ ഇടവകയിൽ നിന്നും, (ആനി ചേച്ചി) ആനി മാത്യു എന്ന ഒരു അംഗം അടുത്ത ബാച്ചിൽ വരുന്നു എന്നും, എനിക്ക് അവരുടെകൂടെ വരുവാൻ കഴിയും എന്നും അറിയിച്ചു. അങ്ങനെയാണ് എന്റെ സുവിശേഷസംഘ പ്രവേശനം ദൈവേഷ്ഠമാണ് എന്ന് എനിക്കു ബോധ്യമാകുകയും 5-ാമത്തെ ബാച്ചിൽ അംഗമാകുകയും ചെയ്തത്.

ആദ്യ ക്ലാസ് കഴിഞ്ഞപ്പോൾ സുവിശേഷസംഘം എന്താണ് എന്ന് ബോധ്യമായി. തുടർന്ന്, ക്ലാസ്സുകൾക്ക് സർവ്വേശ്വരൻ എത്ര അത്ഭുതകരമായി എന്നെ കൊണ്ടെത്തിച്ചു എന്നോർക്കുമ്പോൾ തമ്പുരാന്റെ കരുണയും കരുതലും എന്തുമാത്രമാണെന്ന് പറയാതെ വയ്യ. നമ്മെത്തന്നെ സ്വയം വിശുദ്ധീകരിക്കുവാനുള്ള ഒരു ഉത്തമ അവസരമാണല്ലോ ഈ ക്ലാസ്സുകൾ വഴി നമുക്കു ലഭിക്കുന്നത്.

ജീവിതത്തിൽ 'സിംഹക്കുഴി'യിൽ അകപ്പെട്ട ദാനിയേലിന്റെ അവസ്ഥയായിരുന്നു. ഓടി രക്ഷപ്പെടാനോ ആരെങ്കിലും വന്നു രക്ഷപ്പെടുത്താനോ കഴിയാത്ത ഒരു അവസ്ഥ. അങ്ങനെയുള്ള അവസ്ഥയിൽ പ്രതിസന്ധികൾ അകറ്റാൻ ദൈവീകാനുഗ്രഹമല്ലാതെ ഒരു പോംവഴിയുമില്ല. "തന്റെ മുമ്പിൽ ഞാൻ കുറ്റമറ്റവനാണെന്ന് കണ്ടതിനാൽ എന്റെ ദൈവം ദൂതനെ അയച്ച് സിംഹങ്ങളുടെ വായ് അടച്ചു. അവ എന്നെ ഉപദ്രവിച്ചില്ല" (ദാനി.6:22), ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും" (ഏശ.41:10).

ഈ വചനങ്ങളാണ് എനിക്ക് ശക്തി നൽകിയതും എന്നെ ജീവിതത്തിന്റെ സിംഹക്കുഴി അനുഭവത്തിൽ നിന്നും തീച്ചൂളയുടെ ഭീകരാന്തരീക്ഷത്തിൽ നിന്നും ഒരു പോറലോ പൊള്ളലോ ഏൽക്കാതെ സംരക്ഷണം നൽകി ഏവർക്കും മാതൃകയായി മകനെ വളർത്തി സമൂഹത്തിൽ മാന്യതയും, മതിപ്പും ഉള്ള സാഹചര്യങ്ങളിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ സഹായിച്ചതും.

സുവിശേഷസംഘാംഗമായി കൈവയപ്പ് കിട്ടിയത്, എനിക്ക് ദൈവം നൽകിയ മഹത്തായ അനുഗ്രഹങ്ങളെ സമൂഹത്തോടു പങ്കുവയ്ക്കുവാനും, വചനത്തിന്റെ ശക്തി അവരെ മനസ്സിലാക്കി കൊടുക്കുവാനുള്ള മഹനീയമായ അവസരമായി ഞാൻ മനസ്സിലാക്കുന്നു. അതിനായി എനിക്ക് വചനത്തെ കൂടുതൽ അറിയുവാനും, അവയെ വിചിന്തനം ചെയ്യുവാനുമുള്ള അറിവും അവസരവും സർവ്വശക്തനായ ദൈവം ഇതുവഴി നൽകി. "നമ്മിൽ പ്രവർത്തിക്കുന്ന ശക്തിയാൽ നാം ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും വളരെ കൂടുതൽ ചെയ്തു തരാൻ കഴിയുന്ന അവിടുത്തേക്ക് സഭയിലും യേശുക്രിസ്തുവിലും തലമുറകളോളം എന്നേയ്ക്കും മഹത്വമുണ്ടായിരിക്കട്ടെ" (എഫേ.3:20-21).

സുവിശേഷസംഘാംഗം എന്ന നിലയിൽ എനിക്ക് ഏറ്റവും സംതൃപ്തി നൽകിയത് ഭവനസന്ദർശനത്തിനും, രോഗികളെ സന്ദർശിക്കുന്നതിനും, അവർക്കുവേണ്ടി ദൈവസന്നിധിയിൽ യാചിക്കുന്നതിനുമുള്ള അവസരം കിട്ടിയതാണ്. ഭവനസന്ദർശനം വഴി നമ്മുടെ കുടുംബങ്ങളുടെ ആത്മീയവും ദൗതീകവുമായ അവസ്ഥ മനസ്സിലാക്കാൻ നമുക്ക് അവസരം ലഭിക്കുന്നു. ഭവനങ്ങൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങളും, നിയോഗങ്ങളും ചേർത്തുവച്ച് അവരോടൊത്തു പ്രാർത്ഥിക്കുമ്പോഴുണ്ടാകുന്ന ആത്മസംതൃപ്തി വർണ്ണനാതീതമാണ്.

എല്ലാത്തിലുമുപരിയായി സുവിശേഷസംഘത്തിൽ അംഗമായതോടെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആദ്ധ്യാത്മികതയുടെ എല്ലാതലങ്ങളിലും ശ്രദ്ധചെലുത്തുവാൻ സാധിച്ചു എന്നു പറയാതെ വയ്യ. അതായത് ആരാധനാക്രമത്തിലും, വിശുദ്ധലിഖിതത്തിലും, ശുശ്രൂഷയിലും അധിഷ്ഠിതമായ ആദ്ധ്യാത്മികത കൃത്യതയോടും നിഷ്ഠയോടും കൂടെ ജീവിതത്തിൽ പാലിക്കണമെന്നുള്ള ബോധം സംജാതമായി. അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു.

ഞാൻ ഇപ്പോഴും സഭയുടെ പല മണ്ഡലങ്ങളിലും പ്രവർത്തിച്ചു വരുന്നു. ഇടവക ഭരണസമിതി അംഗം, സൺഡേസ്കൂൾ അദ്ധ്യാപിക, പ്രാർത്ഥനാ യൂണിറ്റിന്റെ നേതൃത്വം, എം.സി.എ. യൂണിറ്റ് വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു.

എന്നാൽ സുവിശേഷസംഘാംഗമായതുമുതൽ ഒരു വ്യത്യസ്ത അനുഭവമാണ് എനിക്കു സംജാതമായത്. നിരന്തരമായ ഒരു പ്രാർത്ഥനാ ജീവിതത്തിനും, സമൂഹത്തോടുള്ള എന്റെ കാഴ്ചപ്പാടിനും അത് വളരെയേറെ പ്രചോദനം നൽകി.

'ഹെർമോൺ തുഷാരം' പോലെ ജീവിതത്തിനു സൗന്ദര്യവും സമൂഹത്തിനു മൂല്യബോധവും പകർന്നു നൽകാൻ സർവ്വശക്തൻ എന്നെ ഒരു ഉപകരണമാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. സുവിശേഷസംഘത്തിൽ നിന്നും ലഭിക്കുന്ന ദൈവാനുഭവം സമൂഹത്തിന്റെ വിവിധ മേഖലയിൽ വ്യാപിപ്പിച്ച് 'മലങ്കരയുടെ പുളിമാവ്' ആയിത്തീരുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

അനുഭവസാക്ഷ്യം

# ദൈവത്തിന് സ്തോത്രം

വി. സ്റ്റീഫൻ
സഭാതലസുവിശേഷസംഘാംഗം
പത്തനംതിട്ട ഭദ്രാസനം



"മകനേ, എന്റെ ഉപദേശം വിസ്മരിക്കരുത്; നിന്റെ ഹൃദയം എന്റെ കല്പനകൾ പാലിക്കട്ടെ. അവ നിനക്ക് ദീർഘായുസ്സും സമൃദ്ധമായി ഐശ്വര്യവും നൽകും" (സുഭാ.3:1-2).

പത്തനംതിട്ട രൂപതയിലെ തട്ട സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ പള്ളിയിലെ ഒരംഗമാണ് ഞാൻ. ചെറുപ്പം മുതൽ ദൈവവിശ്വാസത്തിലും പ്രാർത്ഥനയിലും ദേവാലയശുശ്രൂഷാ കാര്യങ്ങളിലും കഴിയുന്നത്ര ഭംഗിയായി സംബന്ധിച്ചിരുന്നു. ബാങ്കിൽ ജോലിയും ബിസിനസുകളും ഉണ്ടായിരുന്നു. എനിക്ക് ഭാര്യയും അഞ്ച് മക്കളും ഉണ്ട്. അവരെയെല്ലാം ദൈവവിശ്വാസത്തിൽ തന്നെ വളർത്തികൊണ്ടുവന്നു. നല്ല രീതിയിൽ വിദ്യാഭ്യാസവും നൽകി.

1988-ൽ ഉപയോഗിച്ച ഏതോ ഒരു ആന്റിബയോട്ടിക് മരുന്നിന്റെ പാർശ്വഫലത്താൽ രണ്ടുവർഷത്തോളം മുഖത്തെ തൊലിപൂർണ്ണമായി നഷ്ടപ്പെടുക, ഇക്കിൾ, രക്തഛർദ്ദി ഇങ്ങനെയുള്ള പലവിധ കാരണങ്ങളാൽ ഞാൻ വളരെയധികം ക്ലേശിച്ചു. 1990-ൽ ഇതേതുടർന്ന് ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ആയിരിക്കുമ്പോൾ എന്നേയും എന്നോടൊപ്പമുള്ള രണ്ട് രോഗികളേയും മരിച്ച് ദൈവം കൂട്ടിക്കൊണ്ടുപോകുന്നതായി ഒരു സ്വപ്നം കണ്ടു. ദൈവത്തോട് അപേക്ഷിച്ചു "ദൈവമേ എന്നെ തിരികെ അയയ്ക്കണമേ, എന്റെ ഭാര്യയുടെയും മക്കളുടെയും സംരക്ഷണത്തിനായി എന്നെ തിരിച്ചയ്ക്കണമേ" തുടർന്ന് ഇപ്രകാരം കേട്ടു, "ഇത്രയും നാൾ നീ നിനക്കുവേണ്ടി ജീവിച്ചു, നിനക്കു ഞാൻ ജീവൻ തിരികെ നൽകുന്നു ഇനി എനിക്കുവേണ്ടി നീ ലോകത്തിൽ ജീവിക്കുക" ഇതായിരുന്നു സ്വപ്നം. പിറ്റേദിവസം അങ്ങനെതന്നെ സംഭവിച്ചു, ഞാൻ സുഖപ്പെട്ടു.

കുറെ ദിവസത്തിനുശേഷം എന്റെ കൂട്ടുകാരൻ വർഗീസ് ജോസഫ് (ജിയോപുരം, കൊടുമൺ) 1976-ൽ ഭരണങ്ങാനം അസ്സീസിധ്യനകേന്ദ്രത്തിൽ ആദ്യമായി മലയാള കരിസ്മാറ്റിക് ധ്യാനം നടത്തിയ വന്ദ്യവൈദികൻ കെ. കെ. ജോൺ അച്ചന്റെ അടുത്ത് (അടൂരിൽ MSFS House-ൽ വിശ്രമജീവിതം നയിക്കുന്ന സമയം) എന്നെ പ്രാർത്ഥിപ്പിക്കുവാനായി കൂട്ടിക്കൊണ്ടുപോയി. അതേ തുടർന്ന് നവീകരണപ്രസ്ഥാനത്തിലേക്ക് വരുവാൻ ഇടയായി. ശേഷം അനേകം ധ്യാനങ്ങളിലും മറ്റും പങ്കെടുത്തു. മൈക്കിൾ കാരിമറ്റം അച്ചന്റെ ബൈബിൾ കോഴ്സ് പഠനം പൂർത്തിയാക്കി. പിന്നീട് 1998 മുതൽ പത്തനംതിട്ടയിൽ നടന്ന തിയോളജി ഡിപ്ലോമ (മലങ്കര സഭയുടെ) കോഴ്സിൽ നിന്നും Diploma ലഭിച്ചു. ഈ കോഴ്സിൽ ക്ലാസുകൾ നയിച്ച വന്ദ്യ വൈദികൻ ടോമി അച്ചന്റെയും സിസ്റ്റർ നമിത എസ്.ഐ.സി. യുടേയും ക്ലാസുകളിൽ നിന്നും ദൈവത്തെ കൂടുതൽ ആഴമായി അറിയുവാൻ ഇടയായി. കൂടാതെ 10 ദിവസത്തെ കൗൺസിലിങ് കോഴ്സും 10 ദിവസത്തെ കെറിഗ്മ കോഴ്സും പൂർത്തിയാക്കി. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെ കീഴിലുള്ള കെ.എസ്.റ്റി. യോട് ചേർന്ന് പ്രവർത്തിക്കാനും ദൈവം ഇടയാക്കി.

2015 അവസാനം ബഹുമാനപ്പെട്ട ജയിംസ് ഇലഞ്ഞിക്കൽ അച്ചൻ, സഭാതലത്തിൽ നടക്കുന്ന സുവിശേഷസംഘം അഞ്ചാം ബാച്ചിൽപോയി ചേരണമെന്ന് പറയുകയും തുടർന്ന് 2017 ജനുവരി മുതലുള്ള 5-ാം ബാച്ചിൽ അംഗമാകുകയും 2018 ജൂലൈ 13, 14 തീയതികളിൽ നടത്തിയ ശുശ്രൂഷയിൽ കൈവെപ്പ് സ്വീകരിക്കാനും ഇടയായി. ബഹുമാനപ്പെട്ട ആന്റണി കാക്കനാട്ട് അച്ചന്റെ ക്ലാസുകൾ വളരെ അനുഭവവേദ്യമായിരുന്നു. ഇതിലേക്ക് എന്നെ നയിച്ച ജയിംസ് ഇലഞ്ഞിക്കൽ അച്ചനെ നന്ദിയോടെ ഞാൻ ഓർക്കുകയും അച്ചനുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രണ്ടുപേർ ഒരുമിച്ച് എല്ലാ കാര്യങ്ങളിലും ഒന്നായിരിക്കുന്നതുപോലെ ഈശോയും നമ്മോടു കൂടെ നടക്കുന്നവനാണ്. നമ്മെ നയിക്കുന്നവനാണ്. നമ്മെ സംരക്ഷിക്കുന്നവനാണ്. നമ്മോട് സംസാരിക്കുന്നവനും ആണ്. ഇതെല്ലാം ഒരു സുവിശേഷസംഘാംഗത്തിന് അനുഭവിച്ചറിയുവാനും അതിന്റെ പരിമളം പരത്തുവാനും സാധിക്കും. എന്റെ ജീവിതത്തിൽ നോമ്പും യാമപ്രാർത്ഥനകളും മറ്റ് അനുഷ്ഠാനങ്ങളും കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാൻ ഈ സുവിശേഷസംഘാംഗത്വം ഇടയാകുന്നു. പത്തനംതിട്ട രൂപതയിലെ സുവിശേഷസംഘത്തോടു ചേർന്നു പ്രവർത്തിക്കുന്നതിന് ഉള്ള ഭാഗ്യം ലഭിച്ചതിൽ ഒത്തിരി സ്നേഹത്തോടെ ദൈവത്തിനു ഞാൻ നന്ദിപറയുന്നു. ഭവനസന്ദർശനവും ആരാധനയ്ക്ക് നേതൃത്വവും മദ്ധ്യസ്ഥപ്രാർത്ഥനയും ഒത്തിരി സന്തോഷം നൽകുന്നു.

ലോകത്തിന്റെ അതിർത്തികളിലേക്ക് അപ്പസ്തോലന്മാരുടെ പാത പിൻതുടർന്നുകൊണ്ട് ദൈവവചനം പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ഇന്നുതന്നെ ദൈവവചനത്തിലൂടെ നിങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്തുതന്ന കാര്യങ്ങൾ നിങ്ങൾക്കു ചുറ്റും ഉള്ളവരോട് പങ്കുവയ്ക്കുവാൻ തയ്യാറാവുക. സുവിശേഷം വായിക്കുക, ധ്യാനിക്കുക, പഠിക്കുക, അനുസരിക്കുക, പ്രസംഗിക്കുക. "ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ, അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും" (1 പത്രോ. 5:6).

www.malankaralibrary.com




St. Mary's Press, Pattom, Tvm. Ph: 0471-2446116

www.malankaralibrary.com



ഭദ്രാസനതല സുവിശേഷസംഘം ബത്തേരി രൂപത നിലമ്പൂർ മേഖല



ഭദ്രാസനതല സുവിശേഷസംഘം കഡ്കി - പൂന ഭദ്രാസനം

## ആദരാഞ്ജലികൾ



**കെ. ജി. മാത്യു**
ചെന്നൈ



**ജോൺ മരുതൂർ**
മാവേലിക്കര



**സ്കറിയ ചാക്കോ**
തിരുവല്ല

Printed and Published by Fr. Antony Kakkanatt, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 9447562877 Email : mcsuviseshasangam@gmail.com. Printed at St. Joseph's Press, Trivandrum-14

www.malankaralibrary.com